KAVYASAKALANGAL MAHAN NAMBUDIRI

F6

032:1M68:14

032:1M68:14
F6

032:1M68:14 F6
...AHAN NAMBUDRI(N.)
...asakalangal.

MUL
050813

RATHNAM PRESS
BINDERS
BADRIAN STREET
MADRAS.

Madras University Library.

DOCTRINA VIM PROMOVET INSITAM

Call Number 032: 1M68:14 F6

Accession Number 50813

Available for loan from

This book should be returned on or before the date last marked below.

3 DEC 1951

61

# കാവ്യശകലങ്ങൾ

UNIVERSITY LIBRARY
23 MAR. 19[illegible]9
MADRAS

ഗ്രന്ഥകർത്താ:

നടുവത്ത് മഹൻനമ്പൂതിരി.

N. Mahan Nambudri

തൃശ്ശിവപേരൂർ

യോഗക്ഷേമം കമ്പനി ക്ലിപ്തം വക മംഗളോദയം പ്രസ്സ്.

1101

പകർപ്പവകാശം

വില 6 ണ.

50 813
032:1M68.14
F6

# വിഷയവിവരം.


| | |
|---|---|
| 1. കിഞ്ചിദ്ദ്വേഷം | 1 |
| 2. നളൻ (ഒന്നാം സർഗ്ഗം) | 21 |
| 3. സുകന്യ (രണ്ടാം സർഗ്ഗം) | 31 |
| 4. മീരാഭായി (രണ്ടാം സർഗ്ഗം) | 36 |
| 5. പൂതനാമോക്ഷം (മൂന്നാം സർഗ്ഗം) | 43 |
| 6. സീമന്തിനി (നാലാം സർഗ്ഗം) | 50 |
| 7. സീമന്തിനി (അഞ്ചാം സർഗ്ഗം) | 64 |
| 8 കൃഷ്ണപ്പൻ | 75 |

23 MAR. 19[illegible]9
MADRAS

# അവതാരിക.

---

നമ്പൂതിരിമാരും ഭാഷാസാഹിത്യവും തമ്മിലുള്ള ബന്ധം ഇന്നും ഇന്നലെയും തുടങ്ങിയതല്ല. ഭാഷാചരിത്രത്തിന്റെ ഏതു ദശാന്തരത്തെ പരിശോധിച്ചുനോക്കിയാലും അപ്പോൾ ഒക്കെയും ഭാഷാപോഷണവ്രതത്തെ അതിഭക്തിയോടുകൂടി അനുഷ്ഠിച്ചുവന്നിരുന്നവരും പണ്ഡിതവരേണ്യന്മാരും ആയ നമ്പൂരിമാരുടേയും, അവരുടെ സഹൃദയവശീകരണ വൈശാരദ്യഹൃദ്യങ്ങളും ഭാഷയുടെ തപഃഫലപരിപാകഭൂതങ്ങളുംആയ കൃതികളുടേയും അകൃശമായ പ്രകാശംകാണുവാൻ കഴിയുന്നതാണ്. തോലന്റെ തോലകന്ന കഴമ്പുതികഞ്ഞിട്ടുള്ളവയും, പൂന്തത്തിന്റെ പുനഃപുനഃപുളകോളോത്സവകരങ്ങളും, ചേലപ്പറമ്പിന്റെ ചേലനല്പമായി പ്രദ്യോതിക്കുന്നവയും, ആയ കാവ്യങ്ങൾ ദിനരാത്രി ഭേദമില്ലാതെ സാഹിത്യനഭസ്സിനെ അലങ്കരിക്കുന്ന ജ്യോതിസ്തല്ലജങ്ങളാകുന്നു. കൈരളിയുടെ കൺമണിയായ 'വെണ്മണി'യും കവിതോദ്യാനത്തിലെ ശ്രീവല്ലിയായ 'ശീവള്ളി'യും അതീതശതാബ്ദത്തിലെ ഭാഷാപദ്യസാഹിത്യചരിത്രത്തിന്നു എത്രമാത്രം അഭിമാനത്തേയും വൈഭവത്തേയും ജനിപ്പിച്ചിട്ടുണ്ടെന്നുള്ളത് സഹൃദയന്മാരോടു പ്രത്യേകം പറയേണ്ടതില്ല. വേറെ ഒരു മഹാകവിയുടെ നാമധേ

യംകൂടി ഈ അവസരത്തിൽ ഗണിക്കേണ്ടതായിട്ടുണ്ട്. അതു ഭാഷാകവിരത്നാഹാരത്തിന്റെ നടുവിൽഅല്ല അഗ്രഭാഗത്തുതന്നെ പ്രശോഭിക്കുന്ന നടുവത്ത് അച്ഛൻനമ്പൂരിയുടെ പേർ ആകുന്നു.

ആ കാലത്തു ജീവിച്ചിരുന്ന കവികൾ നടുവത്തു അച്ഛൻനമ്പൂരിയെ ഒരു ഗുരുവായി കരുതി സ്നേഹബഹുമാനഭയഭക്തികളോടുകൂടി ആരാധിച്ചു വന്നിരുന്നു. ഈ നിലയിൽ ബഹുമാനിക്കപ്പെടുവാൻ ആ വന്ദ്യകവി അർഹനും ആകുന്നു. കേരളവൎമ്മ വലിയകോയിത്തമ്പുരാൻ, വെണ്മണിനമ്പൂരിപ്പാട്, ശിവള്ളിനമ്പൂരി, കൊടുങ്ങല്ലൂർ തമ്പുരാക്കന്മാർ മുതലായ കവികേസരികൾക്കു അച്ഛൻനമ്പൂരിയെക്കുറിച്ചു എത്രമാത്രം ഭക്തിയും ബഹുമാനവും ഉണ്ടായിരുന്നു എന്നുള്ളതു സാഹിത്യലോകപ്രസിദ്ധമായ സംഗതിയാകുന്നു. അച്ഛൻനമ്പൂരിയും വലിയകോയിത്തമ്പുരാനും തമ്മിൽ ഉണ്ടായ പ്രഥമസന്ദർശനത്തെ കുറിച്ചു 'അഷ്ടമിയാത്ര' എന്ന സരളപ്രസന്നമധുരമായ കൃതിയിൽ അച്ഛൻനമ്പൂരിതന്നെ വൎണ്ണിച്ചിട്ടുണ്ട്. ഇതിൽനിന്നും ആ കവിസമ്രാട്ടിനു അച്ഛൻനമ്പൂരിയെക്കുറിച്ചു എത്രമാത്രം ബഹുമാനം ഉണ്ടായിരുന്നു എന്ന് അറിയാം. അച്ഛൻനമ്പൂരിയുടെ കവിതാഗുണത്തിന്റെ പൌഷ്കല്യത്തെക്കുറിച്ചു വിചാരിക്കുകയാണെങ്കിൽ, ആ കവിതല്ലജത്തിനു ഇത്രമാത്രം ഉന്നതസ്ഥാനം സമാനകാലത്തുള്ളവർ അനുവദിച്ചുകൊടുത്തിട്ടുള്ളതിൽ അത്ഭുതപ്പെടുവാനില്ല. അകൃത്രിമവും അക്ലിഷ്ടവും ആയ രചനാഭംഗിയും ദ്രാക്ഷാപാകത്തിന്റെ പ

രീശുദ്ധിയും ആരേയും വശീകരിക്കുന്ന ശയ്യാസാരള്യവും ഫലിതപ്രയോഗചാതുൎയ്യവും അച്ഛൻനമ്പൂരിയുടെ പ്ര ത്യേകഗുണങ്ങളാകുന്നു. സൎവ്വോപരി അച്ഛൻനമ്പൂരി ഒരു പരമഭക്തനും ആയിരുന്നു. 'അഷ്ടമിയാത്ര' 'ഭഗവ ദ്ദൂത്' മുതലായ കൃതികൾനോക്കിയാൽ ഈ അഭിപ്രായ ത്തിന്റെ സാധുത ധൃതയല്ലെന്നുകാണാം. ഇപ്രകാരം ഏതാനുംകാലം സാഹിത്യകുഡുംബത്തിലെ ഒരു കാര ണവനായി കഴിഞ്ഞുകൂടിയ അച്ഛൻനമ്പൂരിയുടെ മഹ നാണു, ഈ 'കാവ്യശകല'ങ്ങളുടെ കൎത്താവായ മഹൻ നമ്പൂരി.

അച്ഛൻനമ്പൂരിയെപ്പോലെ മഹൻനമ്പൂരിയും ചെറുപ്പംമുതൽതന്നെ സാഹിതീദേവിയെ ഉപാസിക്കു വാൻ തുടങ്ങി. സ്വപിതാവിനാൽ ക്ഷുണ്ണമായ കാവ്യ വൎത്മാവിൽനിന്നു രേഖാമാത്രംപോലും വ്യതിചലിക്കാ തെ ചെയ്തുവന്ന സാഹിത്യസഞ്ചാരം, കാലവിളംബംകൂ ടാതെ മഹൻനമ്പൂരിയെ കവിതാകാമിനിയുടെ സ്വ യംവൃത കാമുകനാക്കിചെയ്യുന്നതിനു പ്രയോജനപ്പെട്ടു. പിതാവിനെപ്പോലെ മഹൻനമ്പൂരിയും ഭാഷാപോഷ ണം കുലവ്രതമായി സ്വീകരിച്ചു എന്നു പറയേണ്ടതില്ല ല്ലോ. രസികരഞ്ജിനി, വിദ്യാവിനോദിനി, മംഗളോദ യം മുതലായ മാസികകളിലും 'മനോരമ'പ്രമുഖങ്ങ ളായ പത്രങ്ങളിലും നമ്മുടെ കവി, ഖണ്ഡങ്ങളും അഖ ണ്ഡങ്ങളും ആയ പല കൃതികളും പ്രസിദ്ധപ്പെടുത്തിയി ട്ടുണ്ട്. അവ മഹൻ നമ്പൂരിക്കു ഭാഷാലോകത്തിൽ ന ല്ല പ്രതിഷ്ഠസമ്പാദിച്ചു കൊടുത്തിട്ടുള്ളവയാകുന്നു. അ

ച്ഛൻനമ്പൂരിയുടെ കവിതാഗുണത്തെക്കുറിച്ച് മുൻപ്പ ഠി
ങ്ങ്മാത്രം പ്രസ്താവിച്ചിട്ടുണ്ടല്ലോ. കവിതാപ്രസ്ഥാനം
കൊണ്ടും മഹൻനമ്പൂരിക്കു അച്ഛൻനമ്പൂരിയുമായി
ആത്മൈക്യം ഉണ്ടെന്നുള്ളതു പ്രത്യേകം വക്തവ്യമാകു
ന്നു. ഈ പിതൃപുത്രന്മാരായ കവികളുടെ കാവ്യപ്രസ്ഥാ
നത്തെക്കുറിച്ച വിചാരിക്കുമ്പോൾ,

രൂപംതദോജസ്വിതദേവവീര്യം
തദേവനൈസർഗ്ഗികമുന്നതത്വം
നകാരണാൽസ്വാൽബിഭിദേകുമാരഃ
പ്രവർത്തിതോദീപഇവപ്രദീപാൽ.

എന്നു രഘുവിനേയും അജനേയും കുറിച്ച മഹാകവി കാ
ളിദാസൻ പറഞ്ഞിരിക്കുന്ന ഭാഗം ആണ് എന്റെ ഓ
ൎമ്മയിൽ വരുന്നതു്. അവരു അത്രമാത്രം ഐക്യം
ഉള്ളതാകുന്നു.

അച്ഛൻനമ്പൂരിയോടു എന്നപോലെ മഹൻനമ്പൂ
രിയോടും വലിയകോയിത്തമ്പുരാൻ വെണ്മണിനമ്പൂരി
ശിവള്ളിനമ്പൂരി മുതലായ കവികേസരികൾക്കു വലിയ
വാത്സല്യമുണ്ടായിരുന്നു.

'നടുവംമഹാനുന്മേഷ-
ത്തൊടുവായിച്ചുനോക്കുവാൻ'

അവർ പല സന്ദൎഭങ്ങളിലും കത്തുകൾ അയച്ചിട്ടുള്ള
തായി കാണുന്നു. അവ പലതും സാഹിത്യലോകപ്രസി
ദ്ധങ്ങളാകുന്നു.

'നടുവംമഹനെപ്പറഞ്ഞതങ്ങോർ
വെടിപൊട്ടി ടുവാൻമഹാസമൎത്ഥൻ'

എന്നും മററും അവർ നമ്മുടെ കവിയെക്കുറിച്ചു ഫലിതമായി പറഞ്ഞിട്ടുള്ള ഭാഗങ്ങൾ, അവൎക്കു മഹൻനമ്പൂരിയോടുണ്ടായിരുന്ന സ്വാതന്ത്ര്യത്തിന്റെയും സ്നേഹത്തിന്റെയും ആധിക്യത്തെ കാണിക്കുന്നു.

സാരോപദേശം, അംബാസ്തവം, ഘോഷയാത്രാനാടകം, സ്വപ്നമഞ്ജരി, പിഷാരിക്കലമ്മ, ആശ്രമപ്രവേശം, എന്നിവ മഹൻനമ്പൂരിയുടെ പ്രധാനകൃതികൾ ആകുന്നു. മുൻപുപറഞ്ഞ മഹൻനമ്പൂരിയുടെ കവിതാഗുണങ്ങൾ ഈ കൃതികളിൽ ഓരോന്നിലും തെളിഞ്ഞു കളിയാടുന്നുണ്ടു്. ഇവയിൽ സാരോപദേശം സാരമായ ഒരു ഉപദേശമാകുന്നു. പുരാണേതിഹാസങ്ങളിൽനിന്നു സ്വീകൃതങ്ങളായ ഉദാഹരണങ്ങളോടുകൂടി സന്മാൎഗ്ഗതത്വങ്ങളെ ആൎക്കും അനുഭവപ്പെടത്തക്കവിധം മനസ്സിലാക്കിക്കൊടുക്കുന്ന ഒരു ചെറിയ കൃതിയാണു് സാരോപദേശം. ഈ കാവ്യം ഗുമാനികവിയുടെ 'ഉപദേശശതക'ത്തിന്റെ ഒരു സ്വതന്ത്രമായ ഭാഷാന്തരമാകുന്നു. ഈ കൃതിയുടെ മൂലമായ ഉപദേശശതകത്തെ പരേതനും ഉത്തമകവിയുമായ വൈക്കം സി. എൻ. രാമൻപിള്ളയും ഭാഷപ്പെടുത്തി 'ബാലഭാഷാന്തര'ങ്ങളിൽ ഉൾപ്പെടുത്തി പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടു്. മഹൻനമ്പൂരിയുടെ ഭാഷാന്തരത്തിനു ഒരു സ്വതന്ത്രകൃതിയുടെ പ്രൌഢിയുണ്ടു്. അതു പരതന്ത്രമാണെങ്കിലും ആൎക്കും അപ്രകാരം തോന്നുകയില്ല.

ഹൃതരാജ്യദൎപ്പസാരം
സുയോധനം നിഗ്രഹീതുമപിശക്താഃ

പ്രോഷ്യവ്നേഷ്യപാത്ഥാ:
ധീര:സമയംപ്രതീക്ഷേത
സഹധമ്മിണിംവനാന്താ-
ദ്ദശരഥസൂനോർജഹാരദശവക്ത്ര:
ബന്ധനമാപസമുദ്രോ
നദ്ദർജനസ്യാന്തികെനിവസേത്
(ഗ്രമംനി)

ഇത്യാദിഭാഗങ്ങളെ,

"പാത്ഥട്ടടക്കിയൊരുകൌരവരെജ്ജയിച്ച
പാത്തീടുവാൻവിരുതരെങ്കിലുമന്നുകാട്ടിൽ
പാത്താർപൃഥാതനയർ;സത്തുകൾകാലമേററ-
മോത്താണുസവ്വസമയത്തുമിരിപ്പതല്ലൊ.
ശ്രീരാമദേവനുടെവല്ലഭയെക്കവന്ന
ഘോരതപഃമറിയദശാസ്യസഹാസ്യമൂലം
പാരാശിബന്ധനമതിങ്കൽവശായി;ദുഷ്ടൻ-
മാരോടടുത്തുമരുവുന്നതുദോഷമത്രേ"

എന്നുംമററും പ്രൌഢിയോടും സ്വാതന്ത്ര്യത്തോടും കൂടി ഭാഷപ്പെടുത്തുവാൻ അധികംപേക്കും സാധിക്കയില്ല. പുരാണങ്ങളിൽ ആസക്തിയും ഭക്തിയും ജനിപ്പിക്കുന്നതിന്നും തദ്വാരാ ബാലന്മാരെ സന്മാൎഗ്ഗനിരതന്മാരാക്കുന്നതിന്നും വളരെ പ്രയോജനപ്പെടുന്ന കൃതിയാണു സാരോപദേശം. ഘോഷയാത്ര അഞ്ചു അങ്കങ്ങൾ അടങ്ങിയ ഹൃദ്യമായ ഒരു നാടകമാകുന്നു. ഭാരതം വനപവ്വത്തിൽ വിവരിച്ചിരിക്കുന്ന കൌരവന്മാരുടെ ഘോ

ഷയാത്രയാണ് ഈ കൃതിയിലെ ഇതിവൃത്തം. സ്വപിതാവിനെപ്പോലെ മഹൻനമ്പൂരിയും ഒരു വലിയ ഭക്തനാകുന്നു. ഈ ഭക്തിയുടെ ആധിക്യത്തെ അനുഭവപ്പെടുത്തുന്ന കൃതികളാണു സ്തോത്രമഞ്ജരിയും, അംബാസ്തവവും, പിഷാരിക്കലമ്മയും. ഇവ ഭക്തന്മാരുടെ നിത്യപാരായണത്തിനു ഉപയോഗപ്പെടുന്നവയാകുന്നു. കാവ്യകുശലന്മാൎക്കു രസിക്കുന്നതിനും ഇവയിൽ ധാരാളം വകയുണ്ട്. അംബാസ്തവത്തിലെ ദേവിയുടെ അംഗവൎണ്ണനം സഹൃദയന്മാരേയും ഭക്തന്മാരേയും ഒന്നുപോലെ രസിപ്പിക്കുന്നവയാണ്. പിഷാരിക്കലമ്മ വഞ്ചിപ്പാട്ടാകുന്നു. മഹൻനമ്പൂരിയുടെ ഗുരുവായൂരപ്പൻ ഭക്തന്മാരെ ആകൎഷിക്കുന്ന മറ്റൊരു കൃതിയാണ്. എന്നാൽ മഹൻനമ്പൂരിയുടെ ഈ വക സ്തോത്രങ്ങളുടെ മകുടമായി ശോഭിക്കുന്നതു സ്തോത്രമഞ്ജരിതന്നെയാകുന്നു. കവനകൌമുദി മുതലായ മാസികകളിൽ മുൻപു പല സന്ദൎഭങ്ങളിലായി പ്രസിദ്ധപ്പെടുത്തിയിട്ടുള്ള സ്തോത്രങ്ങളുടെ ഏകത്രൂപേണയുള്ള പ്രസിദ്ധീകരണമാണ് 'സ്തോത്രമഞ്ജരി.' ഇതിലെ സ്തോത്രങ്ങൾ ഓരോന്നും കവിക്കു മനസ്സിന്നു അസ്വാസ്ഥ്യം സംഭവിച്ചിട്ടുള്ള ഓരോ സന്ദൎഭങ്ങളിൽ എഴുതിയിട്ടുള്ളവയാണ്. ഫലിതം സാരസ്യം ഇവ ഈ സ്തോത്രങ്ങളിൽ പല സന്ദൎഭങ്ങളിലും കരകവിഞ്ഞു ഒഴുകുന്നുണ്ട്.

തിരുവടിയുടെഭക്തൻതാത്രനുംഞാനുമയ്യോ!
കരുണനഹികടപ്പംഭക്തദാസൻഭവാനും
കരുതുകചളിയിൽത്താൻ തള്ളിനീളെത്തെറിപ്പി

ക്കരുതിത്തുവിധമായാലാരുനിന്നെബ്ഭജിക്കും.
അടവുകളുരചെയ്തുംകട്ടതിന്നുംവ്രജസ്ത്രീ-
തടമുലയിണപുൽകിദ്ധ്യൂത്തടിച്ചുംകളിച്ചും
അടവിനൊടനുവാരംപയ്യുള്ളേമേച്ചുവാണോ-
രിടയനുകൃപയുണ്ടോഭക്തവാത്സല്യമുണ്ടോ.
നലമൊട്ടുമുലനൽകുംപെണ്ണിനെക്കൊന്നവൻമാ-
തുലനുടെകഥതീർത്തോൻഗോപിമാർകെട്ടിയിട്ടോൻ
കലയൊരുപടിചെയ്തോൻതാതനെത്താങ്ങുമെന്നോ-
ത്തലമുറയിടുമെന്നെന്നധികരിക്കുന്നുഞാൻതാൻ.

എന്നു ഒരുസന്ദർഭത്തിൽ, പിതാവിനോടു വത്സലനായ പുത്രൻ എന്ന പോലെ ഭഗവാനോടു കവി പരിഭവം പറയുന്നു.

തിരുവടിയുടെദാസൻതന്റെദാസന്റെദാസ- (ൻ
ക്കൊരുവിടുപണിചെയ്യാൻയോഗ്യനല്ലാത്തൊരീഞാൻ
ഒരുപടിപിഴചൊല്ലിപ്പോയിയെല്ലാംക്ഷമിച്ചി
ന്നരുളുകമമതാതന്നായുരാരോഗ്യസൌഖ്യം.

എന്നു അടുത്ത അവസരത്തിൽ സ്വാപരാധബോധം വന്ന് ജ്ഞാനിയേപ്പോലെ തന്റെ അല്പതയെ മനസ്സിലാക്കി, കവി, ഈശ്വരനോടു ക്ഷമായാചനം ചെയ്യുന്നു.

ധന്വന്തരിക്കരിയപെങ്ങൾഭിഷക്ത്തമന്റെ
തന്വദ്ധ്മംബസുരവൈദ്യർതൊഴുന്നദൈവം
മന്വന്തരങ്ങൾവിളയുംവിളഭൂമിനിയ്യേ
തന്വംഗിനിന്നിലമരാത്തഗദങ്ങളുണ്ടോ?

എന്നു ഒരു സന്ദർഭത്തിൽ കവി ഒരു ഉജ്ജ്വലനായ വാദിയെപ്പോലെ, ദേവിയെ യുക്തികൊണ്ടു മുട്ടിക്കുന്നു.

ചട്ടികുത്തിച്ചുടൻവേഷം കെട്ടിച്ചിന്നിട്ടുനമ്മളെ
കൊട്ടിപ്പാടിക്കളിപ്പിച്ചു വിഡ്ഢിയാക്കുന്നു മാധവൻ.
വേഷംനന്നാകുവാനോരോ ഭോഷത്വംനമ്മൾകാട്ടിടും
ശേഷശായിത്തിരിപ്പാണെന്നീഷലില്ലറിയില്ലൊരാൾ

എന്നു ഒരു അവസരത്തിൽ ഗംഭീരനും ശാന്തനും ആയ തത്വജ്ഞാനിയെപ്പോലെ പ്രാപഞ്ചിക വ്യാപാരങ്ങളെ വർണ്ണംചെയ്യുന്നു. ഇപ്രകാരം സന്ദർഭത്തിനു ഉചിതങ്ങളും സരസങ്ങളും ആയ അർത്ഥകല്പനകളും ഫലിതവിശേഷങ്ങളും സ്തോത്രമഞ്ജരിയിൽ അധികമായി കാണുന്നു. ഈ മാതിരി ഭാഗങ്ങൾ വായിക്കുന്ന സഹൃദയന്മാർ മഹാകവി നീലകണ്ഠദീക്ഷിതരുടെ 'ആനന്ദസാഗരസ്തവാ'ദികാവ്യങ്ങളിലെ പലഭാഗങ്ങളെയും ഓർമ്മിക്കാതിരിക്കയില്ല.

ത്വൽപ്രേരണേന മിഷതഃ ശ്വസതോപിമാതഃ
പ്രാമാദികേപിസതികർമ്മണിമേനദോഷഃ
മാത്രൈവദത്തമശനംഗ്രസതഃസുതസ്യ
കോനാമവക്ഷ്യതിശിശോരതിഭുക്തിദോഷം.
മൌഢ്യാദഹംശരണയാമിസുരാന്തരംചേൽ
കിംതാവതാസ്വമപിതസ്യഭവാമിമാതഃ
അജ്ഞാനതഃപരഗൃഹംപ്രവിശൻപരസ്യ
സ്വത്വംപ്രയാസ്യതിപശുഃകിമുരാജകീയഃ

എന്നുംമററുമുള്ള ദീക്ഷിതരുടെ ദേവിയോടുള്ള യുക്തിവാദത്തിന്റെ ഗതി ഒന്നുവേറെയാണു്. മിക്കവാറും ഇപ്രകാരമുള്ള ഒരു സാരസ്യംതന്നെയാണു മഹൻനമ്പൂരിയിലും കാണുന്നതു്. അതിനാൽ ഏതുഗുണംകൊണ്ടു നോ

ക്കുകയാണെങ്കിലും സ്തോത്രമഞ്ജരി, ഭാഷാദേവിയുടെ ശ്രോത്രമഞ്ജരിയായി പരിലസിക്കുമെന്നും പറയാൻ എനിക്കു അല്പവും മടിതോന്നുന്നില്ല.

“വിദ്യാവിനോദിനി”യിൽ പ്രസിദ്ധംചെയ്ത മുദ്രാരാക്ഷസം നാടകം പകുതിവീതം തർജ്ജമചെയ്തതും സി. പി. അച്യുതമേനോൻ ബി. എ. അവർകളുടെ ആവശ്യപ്രകാരം ‘ഉത്തരരാമചരിതം’ മൂന്നാമങ്കം തർജ്ജമചെയ്തതും മഹൻനമ്പൂരിയാണെന്നു” ഘോഷയാത്രനാടകത്തിന്റെ പ്രസ്താവനയിൽ പറഞ്ഞിരിക്കുന്നു. ഇവയും സഹൃദയന്മാരുടെ ശ്രദ്ധാദരങ്ങളെ അർഹിക്കുന്ന കൃതികളാണെന്നു പ്രത്യേകം പറയേണ്ടതില്ലല്ലോ.

ഈ വക കൃതികളുടെ സഹോദരസ്ഥാനത്തെ അലങ്കരിക്കുവാൻ യോഗ്യതയുള്ള ഒരു കാവ്യമാകുന്നു ഇപ്പോൾ പ്രസിദ്ധപ്പെടുത്തുന്ന ‘കാവ്യശകലങ്ങൾ.’ ഇതിൽ ‘കിഞ്ചിച്ഛേഷം’ ‘നളൻ’ ‘സുകന്യ’ ‘മീരാഭായി’ ‘പൂതനാമോക്ഷം’ ‘സീമന്തിനി’ ‘കൃഷ്ണപ്പൻ’ എന്നു ഏഴു ഖണ്ഡകൃതികൾ അടങ്ങിയിരിക്കുന്നു. ഇവ മിക്കവാറും കവനകൗമുദി മംഗളോദയം മുതലായ മാസികകളിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ളവയാണു. ആ കാലത്തുതന്നെ സഹൃദയന്മാരുടെ സവിശേഷശ്ലാഘയെ അർഹിച്ചിരിക്കുന്ന ഈ ഖണ്ഡകൃതികളെ ഒരുമിച്ചുചേർത്തു ഭാഷയ്ക്കു അനർഘമായ ഒരു പുതിയ സമ്പത്തു നിർമ്മിച്ചതു ഏററവും യുക്തംതന്നെ. അതിനാൽ ഈ ഉദ്യമത്തെ ആദ്യമായിത്തന്നെ അഭിനന്ദിച്ചുകൊള്ളുന്നു.

'ജന്മപ്രഭൃതിദാരിദ്ര്യം
ദശവർഷാണിബന്ധനം.
സമുദ്രതീരെ മരണം
കിഞ്ചിച്ഛേഷം ഭവിഷ്യതി'

എന്നു പ്രസിദ്ധമായ പദ്യംകൊണ്ടു സൂചിതമായ ഇതിവൃത്തമാണു ഇതിലെ വിഷയം.

'ദൈവഗതിക്കഥവാളവനേസ്സിൻ.
നൈവകവാടനിരോധമൊരേടം.'

എന്നുള്ള മഹാതത്വം എത്രത്തോളം വാസ്തവമാണെന്നു ഈ കഥയിൽനിന്നു ഗ്രഹിക്കാം. ക്ഷുദ്രങ്ങളാകുന്ന നവീനപരിഷ്കാരങ്ങളെ ഗർഹണംചെയ്തിരിക്കുന്നതും, ഉത്തമമായ കുലധർമ്മത്തിന്റെ മാഹാത്മ്യത്തെ പ്രശംസിച്ചിരിക്കുന്നതും ആയ ഭാഗങ്ങൾ വളരെ മനോഹരങ്ങളായിട്ടുണ്ടു. ഇവ ആരും വായിച്ചു സശ്രദ്ധം പഠിക്കേണ്ടതാകുന്നു.

"കുരുകർമ്മൈവതസ്മാത്വം
പൂർവ്വൈഃ പൂർവ്വതരം കൃതം"
"സഹജം കർമ്മകൌന്തേയ
സദോഷമപിനത്യജേൽ"

ഇത്യാദിഭാഗങ്ങൾകൊണ്ടു ഭഗവത്ഗീതാദിമഹാശാസ്ത്രങ്ങൾ ഉപദേശിച്ചിട്ടുള്ള തത്വങ്ങളെ സ്മരിച്ചുകൊണ്ടും സ്മൃതികാരന്മാരുടെ മതങ്ങളെ പുരസ്കരിച്ചുകൊണ്ടും മഹൻനമ്പൂരി ചെയ്തിരിക്കുന്ന ധർമ്മവിചിന്തനം ഈ കൃതിയിലെ ഏററവും പരിശുദ്ധമായ ഒരു അംശമാകുന്നു.

ശീലിക്കണംപ്രതിദിനംനിജപൂർവ്വജന്മാർ
പാലിച്ചുവന്ന തൊഴിലാദരവോടുകൂടി
ചേലില്ലിതെന്നുവെടിയാസ്സു പുരാമുകുന്ദൻ
കാലിക്കുരുന്നുകളെ മേച്ചുനടന്നതില്ലേ.
ഹാധന്യനെന്നനിലയിൽ ചെറുതും സ്വകൃത്യ
ബോധംവിടാസ്സുപഴമസ്സുടിമപ്പെടേണം
ബോധംതികഞ്ഞൊരു മഹാശയനായ ധർമ്മ-
വ്യാധൻ നടന്ന വഴികണ്ടു നടന്നിടേണം.

എന്നതു മഹൻനമ്പൂരി ധർമ്മത്തെ സംബന്ധിച്ചു ചെയ്യുന്ന വലിയ ഉപദേശമാകുന്നു. ഭാരതംവനപർവ്വത്തിൽ മാർക്കണ്ഡേയസമാസ്യാപർവ്വത്തിലെ ധർമ്മവ്യാധോപാഖ്യാനത്തിലെ പ്രധാനതത്വവും ഇതുതന്നെയാണ്.

"ആചാരശ്ച സതാംധർമ്മ-
സ്സന്തോഹ്യാചാരലക്ഷണാഃ
കാമക്രോധപരിത്യാഗഃ
ശിഷ്ടാചാരനിഷേവണം
കർമ്മചശ്രുതസമ്പന്നം
സതാംമാർഗ്ഗമനുത്തമം
ശിഷ്ടാചാരംനിഷേവന്തെ
നിത്യം ധർമ്മമനുവ്രതാഃ"
"സ്വധർമ്മംത്യജതൊബ്രഹ്മ
നധർമ്മഇഹദൃശ്യതെ
സ്വകർമ്മനിരതൊ യസ്തു
ധർമ്മഃ സ ഇതി നിശ്ചയഃ" (ഭാരതം വനപർവ്വം)

ഇത്യാദിധർമ്മവ്യാധോപദേശത്തിൻെറ ഗൌരവത്തെ മ

ഛൻനമ്പൂരി നല്ലപോലെ ഈ സന്ദൎഭത്തിൽ വ്യക്തമാക്കിയിട്ടുണ്ടു.

ഉണ്ടാകുമുന്നതികളോന്നതമാം പഠിപ്പു-
കൊണ്ടാത്മശക്തിയുളവാക്കുകിലെന്നു സിദ്ധം
പണ്ടാമഹാൻകുശികനന്ദനനാത്മവീൎയ്യം
കൊണ്ടാരണേന്ദ്രനിലനേടിയിരന്നിടാതെ

ആത്മശക്തികൊണ്ടുമാത്രമേ ഉയരുവാൻകഴികയുള്ളുഎന്നും അതു ധൎമ്മാചരണംകൊണ്ടു ലഭിക്കുന്നു എന്നും ഇവിടെ സയുക്തികം തെളിയിച്ചിരിക്കുന്നു. ഇക്കാലത്തു എവിടെയും പടൎന്നുപിടിച്ചിരിക്കുന്ന ശുഷ്കമായ സൎവ്വസമത്വവാദം നമ്മുടെ കവിക്കു ഹിതമുള്ള ഒന്നല്ല. അതു ധൎമ്മവിധ്വംസകമാണെന്നാണു പക്ഷം. ഈ അഭിപ്രായത്തെ ഇപ്രകാരം സയുക്തികം സാധിച്ചിരിക്കുന്നു.

"ഇന്നാമുറച്ചിടുക ജാതിമതങ്ങളെല്ലാ-
മൊന്നാണുനമ്മളുടെദൈവവുമപ്രകാരം
ഇന്നാശ്രമസ്ഥിതിജപാദികളും വൃഥാവി-
ലെന്നാണുഹിന്ദുമതമോതിവരുന്നതിപ്പോൾ.
എന്നാൽദിനംനിശവിഷം സുധശീത മുഷ്ണം
മൊന്നായുപയ്യസുഖദുഃഖമനിഷ്ടമിഷ്ടം
എന്നാദിയായവയിൽ മാനസവൃത്തിയൊന്നാ
യ്യുന്നാകിലേവെളിയിലേവമുറച്ചിടാവൂ.
ദായാദരോടു കലഹിക്കുമതല്ലദുഷ്ട-
ജായാവചസ്സുമറയെന്നു മനസ്സിലാക്കും
തായാട്ടുമാരൊടുമിടഞ്ഞു കുഡുംബമൊക്കെ
പ്പാഴാക്കിവയ്ക്കുമിവരോസമഭാവനക്കാർ"

എന്നുള്ള അഭിപ്രായം അനുഭവംകൊണ്ടും യുക്തികൊണ്ടും ഖണ്ഡിക്കുവാൻ കഴിയുന്ന ഒന്നല്ല. ഈ അഭിപ്രായത്തിൽനിന്നും, പാവനവും അദ്വൈതമതരഹസ്യസർവ്വസ്വവും,

ദൃഷ്ട്വാനുയാന്തമൃഷിമാത്മജമപ്യനഗ്നം
ദേവ്യോഹ്രിയാപരിദധുർന്ന സുതസ്യചിത്രം
തദ്വീക്ഷ്യപൃച്ഛതിമുനൌ ജഗദുസ്തവാസ്തി-
സ്ത്രീപുംഭിദാ നതു സുതസ്യവിവിക്തദൃഷ്ടേഃ

(ഭാഗവതം)

എന്നഭാഗംകൊണ്ടുശുകനെപ്പോലെയുള്ള ബ്രഹ്മജ്ഞാനികൾക്കുമാത്രം ലഭിക്കുവാൻ യോഗ്യവുംആയ സമഭാവനയെ കവിബഹുമാനിക്കുന്നില്ലെന്നു ആക്ഷം പറയാവുന്നതല്ല. ഇവിടെ കവിയുടെ ആശയം അല്പംകൂടി വിശദമാക്കാം. ദ്വൈതിയുടെ നിലയും ധൎമ്മവും ഒന്നുവേറെ; ഇതിനോടു വിപരീതമായ ഒന്നാണു അദ്വൈതികളുടേതു. സമഭാവനയുടെ പരമകാഷ്ഠയെ പ്രാപിക്കുവാൻ വേദാന്തസൂത്രകൎത്താവായ ഭഗവാൻ വ്യാസനുപോലും സാധിച്ചില്ലെന്നു മുമ്പു പറഞ്ഞ മഹാഭാഗവതപദ്യത്തിൽനിന്നു തെളിയുന്നുണ്ടല്ലോ. ആസക്തികളും വിഷയഭ്രാന്തന്മാരായി നിത്യകലഹത്തോടുകൂടി കഴിയുന്ന പ്രാപഞ്ചികന്മാൎക്കു ആ സമഭാവന എങ്ങിനെ കിട്ടും? ദ്വൈതികൾ ഈവിധമുള്ള സമഭാവനയുടെ പേർപറഞ്ഞുകൊണ്ടു ധൎമ്മത്തെ ഉന്മഥിക്കുകയാണു ചെയ്യുന്നതു. ഈ കുനയംഅധഃപാതജനകമായ ഒന്നാകുന്നു. മഹൻ നമ്പൂരിയുടെ ഈ അഭിപ്രായം ധൎമ്മശാസ്ത്രരഹസ്യവേ

ദികൾക്ക് ഏററവും സമ്മതമായ കന്നാകുന്നു. ശാസ്ത്രം ഇപ്രകാരം ആണെങ്കിലും സിദ്ധാന്തത്തോടുകൂടി ഈ സിദ്ധാന്തത്തെ എതൃക്കുന്നവർ കണ്ടേക്കും എന്നതിനു സംശയമില്ല. ആ വിധക്കാരായ ചിലർ ഉള്ളതുകൊണ്ടുതന്നെയാണല്ലൊ ഇപ്രകാരം ഒരു അഭിപ്രായത്തെ സ്ഥാപിക്കേണ്ടതായിവന്നതും.

. കാലസ്ഥിതികൊണ്ടു സംഭവിച്ചിരിക്കുന്ന പുതിയ പരിഷ്കാരങ്ങളെയും അവയുടെ ഗുണദോഷങ്ങളെയും കുറിച്ച് ഒരു ഒരു ഉത്തമനായ യാഥാസ്ഥിതികൻെറയും പരിപക്വഹൃദയനായ വൃദ്ധൻെറയും നിലയിൽ ചെയ്തിരിക്കുന്ന വിമശനവും വളരെ ശ്ലാഘ്യമായിട്ടുണ്ടു.

‘‘മററത്തുകൂന്തൽ, മുടിവെട്ടൽ, മനസ്സിരുത്തു-
ന്നേരത്തു കൈകൊട്ടി, തനിച്ചു മുഖം വടിക്കൽ,
ദാരങ്ങളൊത്തുപല വിമ്പുപറഞ്ഞുസന്ധ്യാ-
നേരത്തെലാത്തലിവ വൈദികവൃത്തിയിപ്പോൾ
നേരത്തിനില്ല മറയോക്കുമല്ല വല്ല-
നേരത്തുമില്ല നിജസാന്ധ്യവിധിക്രമങ്ങൾ,
നേരററമോടിയൊടു കൂട്ടരുമൊത്തു സന്ധ്യാ
നേരത്തതിൻപകരമിന്നവർ കാപ്പിമോന്തും

ഈവിധം ബ്രാഹ്മണർപോലും സ്വധമ്മം പരിത്യജിച്ചു സ്വീകരിക്കുന്ന കുനയങ്ങളെ കവി ശക്തിയായി ആക്ഷേപിച്ചിരിക്കുന്നു. ഉത്തമനായ ബ്രാഹ്മണൻെറയും ശ്രേഷ്ഠയായ ഗൃഹിണിയുടെയും ധമ്മങ്ങൾ എന്തെല്ലാമാണെന്നു കവി ഈ കൃതിയിൽ സരസമായി ഉപദേശിക്കയും ചെയ്തിട്ടുണ്ടു. നൂറിൽ അധികം പദ്യങ്ങൾ അട

ഞ്ഞിട്ടുള്ളതും വിവിധധൎമ്മങ്ങളെ യുക്തിയോടും ഗൌരവ ത്തോടും കൂടി ഉപദേശിക്കുന്നതും ആയ 'കിഞ്ചിദ്ദോഷം' പലതുകൊണ്ടും ഒരു സഹൃദയാകൎഷകമായ കാവ്യമാ ണെന്നുള്ളതിന്നു സംശയമില്ല.

'നളനും' 'സീമന്തിനിയും' മററും കൂട്ടുകാർ ചേ ൎന്നു എഴുതിയിട്ടുള്ള കൃതികളാണ്. ഇവയിൽ ഔജ്ജ്വല്യം കൊണ്ടും അൎത്ഥപുഷ്ടികൊണ്ടും നളൻ മുമ്പിട്ടുനില്ക്കുന്നു. നളനെ ഇന്ദ്രാദികളായ ദിക്പാലകന്മാരോടുപമിച്ചു ക ല്പിക്കുന്ന,

നാട്ടിൽപ്പരക്കെ രസവൃഷ്ടി സദാജയന്തൻ
പാട്ടിൽ, സ്വദൃഷ്ടിപതിയാത്തിടമില്ലതെല്ലും
കൂട്ടിന്നു ധൎമ്മമുരടാകിയ ദാനവാരി
രാട്ടിന്ദ്രനെന്ന വിധ മൂഴിയിലുല്ലസിച്ചു.

ഇത്യാദി പദ്യങ്ങൾ ഉദാഹരിക്കപ്പെടാം. ശ്ലേഷാദ്യലങ്കാ രങ്ങളുടെ സരസസന്ദൎഭസുന്ദരങ്ങളായ കല്പനകളിൽ മ ഹൻനമ്പൂരി നല്ല വിരുതനാണെന്നു ഇതുപോലെയുള്ള ഭാഗങ്ങൾ തെളിയിക്കുന്നു. രാജധൎമ്മങ്ങളെക്കുറിച്ചു എ ല്ലാം 'നളനിൽ' ഭംഗിയായി വിവരിക്കുന്നുണ്ടു. നളന്റെ ദ മയന്തിയൊടുള്ള അനുരാഗത്തിന്റെ ഉല്പത്തിയോടുകൂടി ഈ ഖണ്ഡകൃതി അവസാനിക്കുന്നു. 'സീമന്തിനി' പുരാ ണപ്രസിദ്ധമായ സോമവാരവ്രതത്തിന്റെ മാഹാത്മ്യ ത്തെ ഉപദേശിക്കുന്ന ഒരു വിശിഷ്ടകാവ്യമാകുന്നു. ഇ തിൽ നാലും അഞ്ചും സൎഗ്ഗങ്ങൾ അടങ്ങിയിരിക്കുന്നു. ചന്ദ്രാംഗദരാജാവു നാഗരാജാവിനെകണ്ടു സംസാരിക്കു ന്നതും, പിന്നീടു അവിടെനിന്നും ഭൂമിയിൽവന്നു സീമ

ന്തിനിയുമായി സമാഗമിക്കുന്നതുമായ കഥാംശങ്ങളെ നല്ല സാരസ്യത്തോടും ഫലിതത്തോടുംകൂടി വൎണ്ണിക്കുന്നു.

"ഫണിക്കൊപ്പു ചാൎത്തുന്ന ദേവന്റെ ചൂഡാ-
മണിക്കുള്ള വംശത്തിലാണെന്റെ ജന്മം"

ഇത്യാദിഭാഗങ്ങളിലെ വിചാരമധുരമായ അൎത്ഥഗഹനതയും,

"ഭവാനീശപുഷ്യൽകൃപാജഹ്നുകന്യാ-
പ്രവാഹാവഗാഹപ്രധൌതാന്തരംഗൻ
ഭവാൻ താൻ മഹാഭാഗ്യമിയ്ക്കുള്ളവൎക്കി-
ത്തവാവാപ്തിയോൎത്താലതാണിത്രമോഹം.

എന്ന പദ്യത്തിലെ ജഹ്നുകന്യാപ്രവാഹസദൃശമായ ശബ്ദധാടിയും,

"ശിവാംശത്തിലാപീഡമെന്നല്ലദിവ്യൻ
ഭവാൻഞാൻ മനുഷ്യൻസ്ഥലം ദിവ്യലോകം
നിവാസംരസംപോലെയൊന്നാണിവൻതൻ
പ്രവാസം സഹിക്കില്ല ബന്ധുക്കളാരും"

എന്നശ്ലോകത്തിലെ ആശയത്തിന്റെ സന്ദൎഭശുദ്ധിയും സഹൃദയന്മാരെ ബലാദാകൎഷിക്കുന്ന ഗുണങ്ങളാകുന്നു.

പരംപത്തിയൊപ്പം സഹസ്രം വിരുത്തി-
ട്ടുരത്തോററു ചീററിപ്പതിന്നാലുപാരം
അരക്കാൽക്ഷണംകൊണ്ടു കാളുംവിഷാഗ്നി-
ത്തിരക്കിൽ കഴിപ്പാനൊരുങ്ങിക്കഴിഞ്ഞു.

എന്നു നാഗരാജാവിന്റെ കോപത്തെ വൎണ്ണിക്കുന്ന ഭാഗം അവസരോചിതമായി രസത്തെ പ്രകാശിപ്പിക്കുന്നതിന്നു കവിക്കുള്ള നൈപുണ്യത്തെ കാണിക്കുന്നു. ഭൂതനാമോക്ഷത്തിൽ പ്രൌഢങ്ങളായ പല അലങ്കാരകല്പ

നകളും ഉണ്ട്. ശബ്ദലാളിത്യംകൊണ്ടു 'മീരാഭായിക്കും' 'കൃഷ്ണപ്പനും' പ്രത്യേകം ഒരു മെച്ചം വേറെ കാണുന്നു. അപ്രകാരം വിചാരിക്കുകയാണെങ്കിൽ ഈ കാവ്യശകലങ്ങളെ സഹൃദയന്മാർ ഒരു നിധിയായി ഗണിക്കുമെന്നു പറയുവാൻ ഞാൻ ഒട്ടുംതന്നെ മടിക്കുന്നില്ല.

രസിപ്പിച്ചുകൊണ്ടു ഇഷ്ടകാന്തയെപ്പോലെ കൃത്യാകൃത്യോപദേശം ചെയ്യുക എന്നതു ഉത്തമമായ കാവ്യത്തിന്റെ സർവ്വപ്രധാനമായ ധർമ്മമാകുന്നു. ഈ ധർമ്മത്തെ 'കാവ്യശകലങ്ങൾ' വളരെ നൈപുണ്യത്തോടുകൂടി നിർവ്വഹിച്ചിരിക്കുന്നു. ഈ ഗുണവിശേഷംകൊണ്ടു കാവ്യശകലങ്ങളോടു സമീപിക്കുവാൻ സാധിക്കുന്ന ഖണ്ഡകാവ്യങ്ങൾ അത്യന്തം പരിമിതങ്ങളാണെന്നു കൂടി പറയേണ്ടിയിരിക്കുന്നു. സാഹിത്യഗുണങ്ങൾകൊണ്ടു വിചാരിക്കുകയാണെങ്കിൽ പൂർവ്വപ്രസ്ഥാനത്തിന്റെ സൌരഭ്യവിജൃംഭണം ഈ കൃതിയിൽ എവിടെയുമുണ്ടെന്നു കാണാം.

പ്രതാപവും കോലാഹലവും ഒന്നുംകൂടാതെ വളരെ ഒതുങ്ങിപ്പാർത്തു സാഹിത്യനിഷേവണം നിഷ്കാമമായി ചെയ്തുവരുന്ന ഒരു പ്രശസ്തകവിയാണു മഹൻനമ്പൂരി. നവീനലോകത്തിൽ ഔന്നത്യം സമ്പാദിക്കുന്നതിനുള്ള കൃത്രിമ നയങ്ങളിൽ ഒന്നിലും മഹൻനമ്പൂരിക്കു അല്പവും ആസക്തിയില്ല. അതുകൊണ്ടു മഹൻനമ്പൂരിയേക്കാൾ 'ഇരുപത്തഞ്ചു കല്ലിന്നു താഴത്തല്ല' ഇരുനൂററി അൻപതു കല്ലിന്നുപോലും താഴത്തുനില്ക്കുവാൻ അർഹതയില്ലാത്തവർ പലരും അത്രയുംപടി ഉയർന്നനിലയിൽ വലിയ കവികളായി അഭിഷേകം ചെയ്യപ്പെട്ടിട്ടു

ണ്ടു്. പെട്ടന്നു പെരുകുന്ന മലവെള്ളം അതുപോലെ വേഗത്തിൽ ഇറങ്ങുന്നതു കാണാറുണ്ടല്ലോ. പുതിയ ചിലക്കു ലഭിക്കുന്ന ഔന്നത്യവും ഇതുപോലെ ക്ഷണേന ക്ഷയിക്കുന്ന ഒന്നാകുന്നു. എന്നാൽ മഹൻനമ്പൂതിരിയേപ്പോലെയുള്ള കവികൾക്കു് ലബ്ധമായിരിക്കുന്ന സ്ഥാനം എപ്പോഴും ഒരുപോലെതന്നെ ഔജ്ജ്വല്യത്തോടുകൂടി പ്രകാശിച്ചുകൊണ്ടിരിക്കും; എന്തെന്നാൽ അതു അപ്രചലനീയമായ ധർമ്മത്തിൽ നിബദ്ധമൂലമായിട്ടുള്ളതാകുന്നു.

ടാഗ്ഗൂറിൻെറയും ഷെല്ലിയുടെയും മററും പേരുകൾ വൃഥാ പറഞ്ഞുകൊണ്ടു, ശാസ്ത്രധർമ്മങ്ങളെ ഉല്ലംഘനം ചെയ്തു ദുസ്സ്വാതന്ത്ര്യത്തോടുകൂടി സ്വീകരിക്കപ്പെട്ടുവരുന്ന ഒരുവക ശുഷ്കപ്രസ്ഥാനങ്ങളും അവയുടെ അത്യുച്ചതരങ്ങളായ പ്രണയകല്ലോലങ്ങളും, അമിതമായി അഭിവൃദ്ധിയെ പ്രാപിച്ചു, വിശുദ്ധങ്ങളും മേധാസംസ്കൃതങ്ങളും ആയ പൂർവ്വപ്രസ്ഥാനങ്ങളെ തട്ടിയുടച്ചുതകക്കുവാൻ തീവ്രപ്രയത്നംചെയ്യുന്ന ഈ കാലത്തിൽ പഴയ നമ്പൂരിപ്രസ്ഥാനം — എത്രമാത്രം സൌരഭ്യവും സാരസ്യവും ഉള്ള ഒന്നാണെങ്കിലും — അതു 'പടയിലെക്കൂട' യായി ഭവിച്ചിരിക്കുന്നു എന്നു് പറയാതെ കഴികയില്ല. ഉള്ളിൽ തൃപ്തിയില്ലെങ്കിലും പേരിനും പെരുമക്കും വേണ്ടി നവീനപ്രസ്ഥാനത്തെ സ്വീകരിച്ചു വരുന്നവർ ഉണ്ടു്. പുതിയ ലോകത്തിൽ ഉണ്ടാകുന്ന പരാജയത്തെ പ്രാചീന — ആത്മീയ — ലോകത്തിൽ സിദ്ധിക്കുന്ന വിശുദ്ധവിജയോത്സവമായി ഗണിച്ചു പേരിനേയും പെരുമയേയും വകവെയ്ക്കാതെ പൂർവ്വപ്രസ്ഥാനത്തെ ഉദ്ധരി

ച്ചു സംരക്ഷിക്കുന്ന വിഷയത്തിൽ സശ്രദ്ധന്മാരായ കവികഠം ചുരുക്കമാകുന്നു. അവരുടെ കൂട്ടത്തിൽ ഒരാളാണു മഹൻനമ്പൂരി. ഉല്പഥഗാമിയുടെ നിലയിൽ പുതിയമതത്തെ സ്വീകരിക്കാതേയും, ഗുരുജനങ്ങളുടെ സ്വീകരണംകൊണ്ടു ശുദ്ധവും നിസർഗ്ഗസുന്ദരവും ആയ പൂർവ്വപ്രസ്ഥാനത്തെ ആരാധിച്ചുകൊണ്ടുമുള്ള, മഹൻനമ്പൂരിയുടെ സാഹിത്യപരിശ്രമം, മിക്കവാറും നിരവലംബമായിബ്ഭവിച്ചിരിക്കുന്ന പഴയനമ്പൂരിപ്രസ്ഥാനത്തെ അധഃപതിപ്പിക്കാതെ രക്ഷിച്ചുകൊണ്ടിരിക്കുന്ന ഒന്നാകുന്നു. അതിനാൽ ഒരു ഉത്തമകവിയുടേയും താദൃശപ്രസ്ഥാനത്തിന്റെ സംരക്ഷകന്റെയും നിലയിൽ നടുവത്തു മഹൻനമ്പൂരി ആരാധനീയനായി ഭവിച്ചിരിക്കുന്നു എന്നതിന്നു സംശയമില്ല. ആവിധമുള്ള മാഹാത്മ്യത്തെ വഹിക്കുന്നവയാകുന്നു മഹൻനമ്പൂരിയുടെ ഇതരകൃതികളും വിശേഷിച്ചു ഈ 'കാവ്യശകലങ്ങളും.' ഇതിൽ കൂടുതലായി ഒരു കൃതിക്കു എന്തൊരു യോഗ്യതയാണു ലഭിക്കുവാനുള്ളതു?

ഈ കാവ്യശകലങ്ങഠക്കു ഇനി പല സഹോദരങ്ങളും ഉണ്ടാകുമാറാകട്ടെ എന്നു പ്രാർത്ഥിക്കുകയേ ചെയ്യേണ്ടതായിട്ടുള്ളു. തൽഫലലാഭത്തിൽ പ്രമ്ലാനമായ ഒരു പഴയ പ്രസ്ഥാനത്തിന്നും തദ്വാരാ ഭാഷക്കും വിശുദ്ധമായ പ്രകാശവും ആശ്രയവും തനിയേ ലഭിച്ചുകൊള്ളുന്നതാണു്.

൧൦൮൧ മേടം ൩൦-ാംനു, തിരുവനന്തപുരം. — വടക്കുംകൂർ രാജരാജവർമ്മരാജ

23 MAR. 1919
MADRAS

# കിഞ്ചിച്ഛേഷം.

---

കൊമ്പൻ പുരാരി പിടി പാർവ്വതിയൊത്തു കാമ-
ക്കമ്പം കലൎന്നു കളിയാടി നടന്ന കാലം
ഇമ്പം മുഴുത്തവരിൽ വന്നുപിറന്നൊരൊററ-
ക്കൊമ്പൻ കനിഞ്ഞിടണമേത്തുമിടാമനേകം. 1

പണ്ടാരരണേന്ദ്രമണ്ണിനല്ലൊരു ശാസ്ത്രി നീല-
കണ്ഠാഭിധാനമിയലുന്ന മഹാനുഭാവൻ
ഉണ്ടായിരുന്നുഭുവി സൽക്കവി സാധുശീലൻ
കണ്ടാലതീവസുഭഗൻ ബഹുബുദ്ധിശാലി. 2

ഈനാട്ടിലല്ല പലനാട്ടിലുമൊന്നുപോലെ
നാനാതരം പുകൾപുലർത്തിയ പുണ്യശാലി
ശ്രീനാരദാദി മുനിമാരരുളുന്ന ഭക്തി-
ജ്ഞാനാഗമാർത്ഥമറിയുന്ന മഹാവിശിഷ്ടൻ. 3

വേദത്തിലും സഭയിലുത്തമശാസ്ത്രതത്വ-
വാദത്തിലും കിടപിടിപ്പവരാരുമില്ലാ
വേദത്തിനുള്ളവഴി തിരെയടഞ്ഞ സച്ചി-
ന്മോദത്തിലാണരതി യസ്സുകൃതിക്കു നിത്യം. 4

ചൊല്ലാമധഃകൃതരിലാർദ്രതയോടുകൂടി-
ട്ടെല്ലാപ്പൊഴും ധനമെടുത്തുകൊടുത്തിണക്കി

നല്ലാട നല്ലരുചിയുള്ളശനം തുടങ്ങി
യെല്ലാമവൾക്കുതകു, മോതുമനേകതത്വം. 5

"കള്ളിൽ ഭ്രമിക്കരുതിരച്ചിയിലാശലേശ-
മുള്ളിൽക്കടക്കരുത ഹിംസനമുക്കകാര്യം
കൊള്ളില്ല തെല്ലുമൊരഹമ്മതി താഴ്മവേണം
ഉള്ളിൽ ബ്ഭയന്നുപെരുമാറണമേതിടത്തും. 6

കാലത്തുണർന്നു കുളി, നാമജപം, കുലത്തി-
നാലംബമായ ഭഗവൽസ്മൃതി, നിത്യകൃത്യം;
ശീലത്തരങ്ങളതി ശുഭ്രതരങ്ങൾ ചാർത്തി-
ക്കാലം നയിക്കുകി,വയിൽ പ്രതിപത്തിവേണം. 7

ശീലിക്കണം പ്രതിദിനം നിജ പൂർവ്വികന്മാർ
പാലിച്ചുവന്ന തൊഴിലാദരവോടുകൂടി
ചേലില്ലിതെന്നു വെടിയാക്ക പുരാമുകുന്ദൻ
കാലിക്കരുന്നുകളെ മേച്ചു നടന്നതില്ലേ? 8.

വായിക്കുവാനെഴുതുന്നതിനും പഠിപ്പാ-
നായിശ്രമിക്കണമതിന്നു പണം തരാം ഞാൻ
പോയിപ്പഠിച്ചിടുക പാഠകശാലയിങ്കൽ
സ്ഥായിക്കു, നിങ്ങളതുകൊണ്ടു നികന്നുപോരും. 9

പിന്നെക്രമത്തിലതുകൊണ്ടു വളർന്നുപോന്നു
വന്നെത്തുമുന്നതപദങ്ങളിലപ്പുഴോരും
നന്നെന്നുരക്കു മടിമത്തമൊഴിഞ്ഞുപോക-
മൊന്നെന്നപോലെപെരുമാറു മറിഞ്ഞിടേണം. 10

ഹാ ധന്യനെന്ന നിലയിൽച്ചെറുതും സ്വകൃത്യ-
ബോധംവിടായ്ക പഴമയ്ക്കടിമപ്പെടേണം
ബോധം തികഞ്ഞൊരു മഹാശയനായ ധർമ്മ-
വ്യാധൻ നടന്നവഴി കണ്ടു നടന്നിടേണം. 11

അന്നത്ര യോഗ്യരവിടെ ത്തിരുമുമ്പിൽ വന്നു-
നിന്നെപ്പൊഴും തിരയുകിൽത്തിരിയാത്ത തത്വം
ഒന്നൊന്നെടുത്തു വിവരിച്ചു മനസ്സിലാക്ക-
മെന്നോർക്ക; ജാതികളിലല്ല മഹത്വമന്നും. 12

മെല്ലെന്നു കേറുകറിയാതതിരാ,ഭിജാത-
മല്ലെങ്കിലക്കിടി യിടയ്ക്കടി വീഴുമേവം
ചൊല്ലെത്ര സാമറിവോരരുളുന്ന വാക്ക
പുല്ലെന്നു വെയ്ക്കരുതു വെമ്പരുതോർമ്മവേണം. 13

മന്നൻെറ കല്പന, സദസ്സിൽ വെറും പ്രസംഗം,
നന്നല്ല നൽക്കൊടികളാട്ടിയ ഘോഷയാത്ര
മന്നത്തമൊക്കെ; യുയരാൻ നില,വൃത്തി,ബുദ്ധി
യെന്നല്ല വിദ്യയിവയാണു തെളിഞ്ഞ മാർഗ്ഗം. 14

എല്ലാററിനും പണമെടുത്തു തരാമിവൻെറ
ചൊല്ലാദരിച്ചു കുലധർമ്മവിധിപ്രകാരം
എല്ലാം നടത്തുക മതാചരണങ്ങൾ പുല്ലു-
പുല്ലാക്കിനിന്നു പെരുമാറുക നല്ലതല്ലാ. 15

ചൊല്ലുന്നു യോഗ്യർസഭയിൽപ്പലതും പണത്തിൽ
ച്ചെല്ലുന്നനേരമകലും ഗവർമ്മേണ്ടിലാക്കം
ചൊല്ലും മനസ്സുമൊരുപോലെയെഴുന്നവർക്ക്
പുല്ലും പണക്കിഴിയുമൊപ്പമിതോർത്തുകൊൾവിൻ! 16

എല്ലാരു മോൎക്കധികോന്നതി യാഗ്രഹിച്ചും-
ലില്ലാതെയാം പദവിയുള്ളതു കൂടിയപ്പോൾ
നില്ലാതെ മേരുവിലു മേററമുയൎന്ന വിന്ധ്യൻ
വല്ലാതെ താഴ്ന്നനിലയാൎന്നതു കേൾവിയില്ലേ? 17

സൂരൻ നിദാന മലയുന്നു, ചുമന്നിടുന്നു
ഭാരം പെരുത്ത ഭുവനം വിഭു ശേഷമൂൎത്തി,
ഘോരസ്ഥർ പാരിഷദരുത്തമരെത്ര പേരാ,-
ണാരപ്രിയംകരുതു മീശ്വരനിശ്ചയത്തിൽ. 18

ആൎക്കാകെ നിങ്ങളടിമപ്പണി ചെയ്തിടുന്നു?
പാൎക്കൊന്നവൎക്ക മതുതാൻ പണിമറെറാരേടം
നോക്കൊന്നു തേടുകൊരുവന്നടിമപ്പെടാതെ
നേൎക്കൊന്നു നോക്കിടുകിലില്ലുലകിങ്കലാരും. 19

കാരോരിനത്തിലിഹ വന്നു പിറക്കുവാനും
നേരോടു രാപ്പകലവൎക്കു കഴിക്കുവാനും
ആരോടു മീറകലരാതെഴു മീശ്വരന്റെ
സാരോപദേശവിധിയാണിതിലാൎക്കു കുററം? 20

ജാതിക്രമത്തിനു പഠിച്ചു പഠിച്ചു നല്ല-
ജാതിപ്പഠിപ്പുമറിവും കലരുന്നപക്ഷം
മോദിച്ചിടും സകലരും വലുതാക്കിവെയ്ക്കും
ചോദിച്ചുവാങ്ങുകവലിപ്പ മിളപ്പമല്ലേ? 21

ഉണ്ടാകുമുന്നതി കുലോചിതമാം പഠിപ്പു-
കൊണ്ടാത്മശക്തിയുളവാക്കുകിലെന്നു സിദ്ധം.
പണ്ടാമഹാൻ കുശികനന്ദനനാത്മവീൎയ്യം
കൊണ്ടാരണേന്ദ്രനില നേടിയിരന്നിടാതെ. 22

മേല്പോട്ടു കേറുക പിടിച്ചു പിടിച്ചു മെല്ലെ
കീഴ്പോട്ടു നോക്കിയടിയുന്നി നിനച്ചുവണ്ണം
കേൾപ്പോരുമില്ല ഹഹ കേൾവിയുമില്ല വീണാൽ
മേല്പോട്ടുനോക്കു മരുനിന്നവർ ദൂരെ മാറും. 23

എല്ലാവരും ശരി, മനുഷ്യനുയച്ചു താഴ്ച-
യില്ലാക്കു മെങ്ങുമൊരുപോലെ കടന്നു ചെല്ലാം
ചൊല്ലാമിവണ്ണമരുളുംമൊഴി വിശ്വസിച്ചാൽ
അല്ലാണതിൻ്റെ ഫല മിങ്ങിനെയാണു സാരം. 24

കൂട്ടം മഹത്വമെഴുമിമ്പു ഭുവനം തിരക്കി-
ക്കൂട്ടം ചരാചരചയത്തിനകത്തിറങ്ങി
തേടുന്നവക്കറിയുവാൻ കഴിയും, ബുധന്മാർ
പാടുന്ന താഴ്ചയു മുയച്ചയു മേതിടത്തും. 25

തന്നിഷ്ടമോർത്തു വെറുതേ തകരാറുരച്ചു
ഭിന്നിപ്പുടുത്ത സഹജീവികളിൽ പ്പുലർത്തി
മന്നിൽപ്പുകഴ്ച കരുതിപ്പല യോഗ്യരേയും
നിന്ദിക്കു മഭ്യുദയരീതി വിപത്തു തന്നെ.” 26

ഈവണ്ണമുള്ള പലയുക്തികളുച്ചരിച്ചും
സേവക്കു നിന്നു മിടകണ്ടു പണംകൊടുത്തും
ദൈവത്തെയും പഴമയും നിലയും നിനച്ചും
പാവങ്ങളെ പ്പുലരെയും ബഹുയോഗ്യരാക്കി. 27

സമ്പൽസമൃദ്ധി, സമബുദ്ധി, സദാശമത്തി-
ലിമ്പം, ദമം, ദയ, ദരിദ്രരിലാത്മബോധം,
കമ്പങ്ങളറ്റനില, യിങ്ങിനെ വാണിരുന്ന-
വമ്പൻ ജഗത്തിനൊരുമാതൃകയായ്വിളങ്ങി. 28

ഈവണ്ണമുത്തമഗുണങ്ങളിണങ്ങിടും ഭൂ-
ദേവൻ വിശുദ്ധ കുലധൎമ്മവിധിപ്രകാരം
ദൈവത്തെയും പിതൃകടത്തെയുമോൎത്തു ശുദ്ധ-
ഭാവപ്രശസ്തമതി വേളികഴിച്ചുപിന്നെ. 29

സ്നാനം ജപം ഹവനമദ്ധ്യയനം പരാത്മ-
ധ്യാനം ഗൃഹസ്ഥതയിൽവേണ്ടവയെന്നിതെല്ലാം
താനന്നൊരാശ്രമനിലയിലോൎത്തുനടത്തി യാത്മ-
ജ്ഞാനം തരാം മിഴിതെളിഞ്ഞ മഹാനുഭാവൻ. 30

അക്കാർതൊഴും കുഴലിയൊത്തുരമിച്ചുപാര-
മുൾക്കാമ്പിണക്കി യരികത്തുവിളിച്ചിരുത്തി.
അക്കാലവേദിമുനി മന്മഥവൈരി ദേവൻ
തൃക്കാൽനിനച്ചു സഹധൎമ്മിണിയോടുരച്ചു. 31

വേണ്ടുന്നൊരാഭരണമുണ്ടഴകുണ്ടു കണ്ടാൽ
വേണ്ടില്ലിവൻെറ സുകൃതക്കൊടി നിസ്തുതന്നെ
വേണ്ടിസ്സുമേലിലറിയേണ്ടതു ഞാൻ നിനക്കു
വേണ്ടിക്കുറച്ചു പറയാം പതറാതിരിക്കു. 32

സത്തായതൊന്നുപറയാം സതിമാൎക്കു ദൈവം
ഭൎത്താവൊഴിഞ്ഞൊരുവനില്ലൊരുതൎക്കമില്ലാ
ഉൾത്താരിലിങ്ങിനെ യുറച്ചവരൻപ് ഭജിസ്സു-
മത്താമരാക്ഷികൾ പതിവ്രതമാർകളത്രേ. 33

കൂട്ടത്തിലുള്ളവരിലും വിടുവേലചെയ്യും
കൂട്ടത്തിലും വെറിമകാട്ടരുതത്രയല്ലാ
വേട്ടാൾ കയൎക്കിലവരിൽക്കനിവാൎന്നുമാറു-
കാട്ടാൻ മടിക്കരുതു കോപമടങ്ങുമെന്നാൽ. 34

നേരിട്ടുകണ്ടതു, മറിഞ്ഞവർചൊന്നതുംഹൃൽ-
ത്താരിൽധരിച്ച കലികൊണ്ടുവരന്റെമുമ്പിൽ
പാരിച്ചൊരേഷണി പറഞ്ഞുവെറുപ്പുശേഷ-
ക്കാരിൽപ്പുലർത്തരുത, തിൽക്കലഹംമുഴക്കും. 35

ഒന്നിച്ചുചേൎന്നു കഴിയേണ്ടവരോടിടഞ്ഞു
ഭിന്നിപ്പിനുള്ളവഴി വെയ്ക്കരുതോൎമ്മവേണം
ഒന്നിന്നുരച്ചുപറയാം ചിലവെച്ചുപൂട്ടും
തന്നിഷ്ടവും തുടരുകിൽത്തകരാറുതന്നെ. 36

ചൊല്ലാം ചതിച്ചു ചിലർ പൂട്ടുകളൊററുവെച്ചി-
ട്ടെല്ലാം തുറക്കു, മതിൽവെച്ചവരെത്തുലപ്പാൻ
തെല്ലാത്മശക്തിപതിയൊത്തുചിലത്തു, മപ്പോൾ
ത്തല്ലാകെ മിഥ്യപകടങ്ങളിലേപ്പെടൊല്ലാ. 37

പാനാശനാഭരണമോടികളിൽ സ്സ്വമതം
താനാക്കമോക്കുകതിൽ വെച്ചുഞെളിഞ്ഞു ചാടി
"ഞാനാണമൃന്തിയവളെ"ന്നുനടിച്ചുപോയാൽ
നാനാതരം കശപിശയ്ക്കിട വന്നുകൂടും. 38

പൊമ്പണ്ടവും പണവുമെപ്പൊഴു മിട്ടലട്ടി
ക്കമ്പംപിടിച്ചവരനോടു കരസ്ഥമാക്കി
ഇമ്പം കലൎന്നൊളിവിൽ വെയ്ക്കുകിലക്കുടുംബം
സമ്പത്തുട ഞ്ഞടിപിടിക്കളിരംഗമാകും. 39

ശീലിക്കണം സകലവേലകളും ഗൃഹത്തിൽ
ജ്ജോലിയ്ക്കുമറെറാരുവളെപ്പിണ ചൊല്ലിടൊല്ലാ
ചേലിന്നു വീട്ടുപണിഭൂഷണമായ്നിനച്ചാൽ
ത്തൊലിയ്ക്കുനല്ലവഴിയാം ഗൃഹവൃത്തിയിങ്കൽ. 40

കൃത്യങ്ങളിൽസ്ഥിരത, യീശപരഭക്തി, പാതി-
വ്രത്യം സദാപി, സമഭാവനവിട്ടുകാരിൽ,
സത്യം വിടാത്ത നില, സജ്ജനപൂജ, നിത്യ-
കൃത്യങ്ങളിൽസ്സമയനിഷ്ഠ, യിതൊക്കെവേണം. 41

ചെററുള്ളമക്കളിലു മററവരിൽപ്പിറന്ന
മററുള്ളകുട്ടികളിലും കനിവൊന്നുപോലെ
മററും പുലത്തണ, മതിൽച്ചിലവേറുകൂറു-
പാററും പ്രകാരമവരിൽപ്പെരുമാറിടൊല്ലാ. 42

എൻപിള്ളയെന്നൊരു വിശേഷതകാട്ടിടാതെ
മുമ്പിട്ടു ഭക്ഷ്യമണിഭൂഷകൾ കുട്ടികൾക്കായ്
അമ്പിൽ കൊടുത്തിടുക തൻെറകിടാങ്ങൾവന്നാൽ
മുമ്പിൽക്കൊടുക്കരുത വക്കൊടുവിൽക്കൊടുക്കാം. 43

ഇല്ലത്തിലേനിലയിലായ്പ്പെരുമാറിയെങ്കി-
ലില്ലത്തു;ലേതവരു മേതിനു മേതിടത്തും
കില്ലറെറാരേനിലയിലൊത്തുതുണക്കു,മപ്പോൾ
ത്തെല്ലല്ലഭംഗി വിളയാടിടുമൈകമത്യം 44

മാറാലയും ചിതലുമാൻറു ഗൃഹങ്ങൾകുട്ടി-
ച്ചോററായിടാതെ ബഹുമോടിയിൽ വെച്ചിടേണം
നൂറാണ്ടു ചെല്ലുകിലുമിമ്പ് ഭവനങ്ങൾ തീത്തി-
ട്ടാററാഴ്ചയെന്നനില തോന്നണ മേതവക്കും. 45

പാത്രങ്ങൾതേച്ചു ബഹുവൃത്തിയിൽ വെച്ചുതൻെറ
ഗാത്രത്തിലും പ്രിയതരം പെരുമാറിടേണം
സൂത്രത്തിൽ നില്ക്കരുതടുക്കളെ പുക്കരണ്ടു
മാത്രക്കകം പണികളൊക്കെയൊരുക്കിടേണം. 46

സ്ത്രീകൾക്കടുക്കളയിലാദ്യവസാനമേറു
പാകങ്ങളിൽ പ്പടുതനേടുക മുഖ്യധർമ്മം
ശോകം നടിസ്സുഖതലസ്സുഖതാക്കമെന്നും
പാകത്തിൽ വെച്ചു ബഹൂവൃത്തിയൊടേകിടേണം. 47

വേട്ടാൾക്കുവേണ്ടി യൊളിവിൽച്ചിലതൊക്കെവട്ടം
കൂട്ടാനൊരുങ്ങരുതു വല്ലഭനോതിയാലും
ജ്യേഷ്ഠാനുജക്കു മുഷിയാനിടയാം ജനങ്ങൾ
കേട്ടാലടുത്തു കളിയാക്കിടുമോർമ്മവേണം. 48

ഒന്നോർക്ക കാന്തനുടെ സോദരരത്രയല്ല
ഭിന്നോദരാളികളു മെപ്പൊഴു മുൾക്കരുന്നിൽ
"എന്നാമലാളു മിതുപോലെ നടന്നിടേണ"—
മെന്നോർക്കവൻ സതികൾ മാതൃകയായ്വരേണം. 49

ജോലിത്തിരക്കുകളൊഴിച്ചിടനേരമായാൽ
ചേലിൽ പ്രിയംതടവു മാളികളോടു കൂടി
മേലിൽ ഗ്ഗുണത്തിനിതിഹാസപുരാണജാലം
ശീലിച്ചുകൊള്ളണ മിതാണറിവിന്നു മാർഗ്ഗം. 50

ബാലോപചാര വിധി, പാചകശാസ്ത്ര തത്വം,
ഗോലോക രക്ഷണവിധിക്രമ, മെന്നിതെല്ലാം
കാലോചിതപ്പടി പഠിച്ചതിലൊക്കെമുറ്റും
നിലോല്പലാക്ഷികൾ വിദഗ്ദ്ധതനേടിടേണം. 51

ഉണ്ണിക്കിടാങ്ങളെ വിളിച്ചരികത്തിരുത്തി
മണ്ണിട്ടു ചിക്കിയെഴുതിക്കണ മത്രയല്ലാ?
വിണ്ണിങ്കലെസ്ഥിതിയു മന്നരകത്തിലേയും
വർണ്ണിച്ചു നല്ലവഴികാട്ടി നടത്തിടേണം. 52

ഹാവല്ലഭൻ പരവധൂരതനെന്നിവണ്ണം
സേവസ്സുവന്നു വൃഷളീജനമോടിയാലും
ഭാവം പകർന്നുപതിയിൽ പ്രതികൂലഭാവം
കൈവന്നിടൊല്ല സതിമാക്കരിശംനികൃഷ്ടം. 53

സാമാന്യമിഗ്ഗുണഗണങ്ങളിണങ്ങിടുന്ന
വാമാക്ഷിമാർ ഗൃഹിണീനിലയാർന്നിരിക്കാം
ഹേ മാരവിന്ദമൊഴി! മറ്റു തരത്തിലായാൽ
ക്ഷേമാദിയില്ല പരന്നും കുലവും ദൂഷിക്കും. 54

നേരോടിവണ്ണമവളോടറിവിന്നു നല്ല-
സാരോപദേശമുരചെയ്തലിവോടുകൂടി
താരോമൽ മേനിയൊടുചേർന്നു സുഖിച്ചുവാണു-
മാരോപമൻ നിഖിലശാസ്ത്രമറിഞ്ഞശാസ്ത്രി. 55

തണ്ടാരിൽമാതിനെതിരാം പ്രിയയോടുകൂടി
രണ്ടാം സുരേന്ദ്രഗുരുവായ മഹീസുരേന്ദ്രൻ
കൊണ്ടാടിയങ്ങിനെ മാത്തിൽ വസിച്ചിടുമ്പോ-
ളുണ്ടായിപോലൊരുദിനം തപനോപരാഗം. 56

താരാധിനാഥതപനഗ്രഹണങ്ങളിൽപ്പോയ്
വാരാശിതന്നിൽ മുഴുകിജ്ജപതർപ്പണങ്ങൾ
നേരായ്ക്കഴിക്കുക ശുഭാവഹമാകയാല-
ദ്ധീരാഗ്ര്യനന്നവിടെ നിന്നതിനായിറങ്ങി. 57

“സാരജ്ഞരായ മറയോരരുളുന്നപുണ്യ-
വാരങ്ങളിൽ ഗ്രഹണമുള്ളദിനം വിശിഷ്ടം
‘ആരന്നു സൽക്രിയകൾ ചെയ്യു’മവൻ ജയിച്ചു
വേരററുപോം ദുരിതസന്തതി”യെന്നുശാസ്ത്രം. 58

ധൎമ്മപ്രശസ്തവിധിയോൎത്തു മതാനുസാരം
കൎമ്മങ്ങൾ ചെയ്തു കരളിൽക്കറയററിരിപ്പോൻ
നിൎമ്മത്സരൻ പ്രകൃതിചാപലബാധബോധ-
മൎമ്മം തകൎക്കവതുകണ്ടു നിനച്ചുകൊണ്ടാൻ. 59

ഗ്രാമങ്ങളിൽ പ്പുതുപരിഷ്കൃതിചേൎത്തുതീൎത്ത
ധാമങ്ങളാരണർ തുടൎന്നു നവീനവേഷം
ഈമട്ടിലുള്ള പല ഗോഷ്ഠികൾ നാലുപാടു-
മാമന്നിൽ വന്നവനു വേദനയാക്കിയുള്ളിൽ. 60

മുമ്പൊക്കെ നൽത്തുളസിയും പശുവും കലൎന്നു
വമ്പൊത്തെഴുന്ന ധരണീസുരമന്ദിരങ്ങൾ
അമ്പമ്പ! വല്ലചെടിയും ചെവിവീണലന്ത-
പ്പെണ്ണൂട്ടിയും തെളിവൊടാൎന്നിഹ കണ്ടിടുന്നു. 62

ധ്യാനസ്ഥരായവനിവാനവർ പണ്ടു സാമ-
ഗാനത്തിനാലമിതസൌഖ്യമിയന്നിരുന്നു.
മാനത്തിനിന്നിവരഹോ! മടിവിട്ടു ധൂമ-
പാനത്തിനാൽ സ്സുഖമിയന്ന മരുന്നുകഷ്ടം! 63

മാറത്തുകുന്തൽ, മുടിവെട്ടൽ, മനസ്സിരുത്തു-
ന്നേരത്തു കൈകടി, തനിച്ചു മുഖംവടിയ്ക്കൽ,
ദാരങ്ങളൊത്തു പലവീമ്പുപറഞ്ഞു സന്ധ്യ-
നേരത്തെലാത്ത, ലിവ വൈദികവൃത്തിയിപ്പോൾ. 68
നേരത്തിനില്ല മറയോൎത്തുമല്ല വല്ല-
നേരത്തുമില്ല നിജ സാന്ധ്യവിധിക്രമങ്ങൾ
നേരററമോടിയൊടു കൂട്ടരൊടൊത്തു സന്ധ്യ-
നേരത്തിൻ പകരമിന്നവർ കാപ്പിയാക്കി. 64

"ഇന്നാമുറച്ചിടുക ജാതി മതങ്ങളെല്ലാ-
മൊന്നാണു നമ്മളുടെ ദൈവവുമപ്രകാരം
ഇന്നാശ്രമസ്ഥിതി ജപാളികളും വൃഥാവി"-
ലെന്നാണു ഹിന്ദുജനമോതി വരുന്നതിപ്പോൾ. 65

എന്നാൽദ്ദിനം, നിശ, വിഷം, സുധ, ശീത, മുഷ്ണം,
ചെന്നായ, പശു, സുഖദുഃഖ, മനിഷ്ട, മിഷ്ടം
എന്നാദിയായവയിൽ മാനസവൃത്തിയൊന്നാ-
യുന്നാകിലേ വെളിയിലേവ മുറച്ചിടാവൂ. 66

ദായാദരോടു കലഹിച്ചു, മതല്ല ദുഷ്ട-
ജായാവചസ്സു മറയെന്നു മനസ്സിലാക്കും,
തായാട്ടുമാരൊടു മിടഞ്ഞു കുടുംബമൊക്കെ
പ്പേയാക്കിവെച്ചു; മിവരോ സമഭാവനക്കാർ? 67

ചൊല്ലിക്കൊടുപ്പതിനടുത്തവരിട്ടു തമ്മിൽ-
ത്തല്ലിച്ചു; മെന്തിനു,വരെ പ്പരമാദരിച്ചും,
ചില്ലിച്ചു കോടു കയറിക്കലഹിച്ചൊടുക്കം
വല്ലിച്ചു നില്ലുക കഴിച്ചിലിതേവമാക്കും. 68

പൂച്ചൂടിനിന്നു കുഴയും കയിൽവാണിമാർക്കു-
ള്ളാച്ചൂരിലുൾക്കളമലിഞ്ഞവരോടുകൂടി
മുച്ചൂടുമുള്ള മുതൽതീറു കൊടുത്തു കാമ-
പ്പിച്ചൂക്കിലാടി മുടിയുന്നു ജനം നിദാനം. 69

ക്രിസ്ത്യാനി, നായര, വനീസുരർ, തിയ്യരെന്നീ
വ്യത്യാസമില്ല തലയും നിലയും നിനച്ചാൽ
ഇത്യാദിയാം വിവിധ ബാഹ്യപരിഷ്കൃതിക്കുൾ-
പ്രീത്യാ കൊതിച്ചു;മിവരോ സമദൃഷ്ടിയുള്ളോർ. 70

സായൂജ്യമെന്നു പറയുന്നതു പാരിലിപ്പോൾ
സായുപ്രവീരരൊടു കൂടി നിവാസമത്രേ
പായുന്നു മോടികൾ വരുത്തി നിറംവരാഞ്ഞുൾ-
ക്കായുന്നു തന്റെ കരളെങ്കിലുമില്ലമാന്തം. 17

കാലത്തുണർന്നു കുളി, ഭക്തിയൊടൊത്ത സന്ധ്യാ-
കാലത്തു നിത്യവിധി, യാചമനാദി കൃത്യം
മാലറ്റു ചെയ്ക, വെറുതേ കളയായ്ക പിച്ച-
ക്കോലം ധരിച്ചു കുലവൃത്തികൾ വിപ്രരാരും. 72

ഇല്ലം, സുഖം, വിഭൂതി, ജാതി, മതാദിജാത്യം
ചൊല്ലു, ല്ലു, ലിഷ്ടു, മുട, ലെന്നിവ പുല്ലുപോലെ
കില്ലാറു വിട്ടനില കണ്ടദിഗംബരന്മാ-
ർക്കില്ലത്തൽ സൂക്ഷ്മമിവരാം സമദൃഷ്ടിയുള്ളോർ. 73

കോളിൻവരമ്പുകളിൽ നെൽകൃഷി കാത്തിരുന്നു,
കാളിക്കു നിത്യ നരരക്തബലിക്കു വെട്ടാൻ
വാളിട്ടിളക്കിയതു കണ്ടിളകാതെ നിന്നു,
തോളിൽച്ചുമന്നു നൃപഡോലി, ചവിട്ടുമേറ്റു. 74

ഈമാതിരിക്കിഹ പരാർത്ഥമനേക കൃത്യം
സാമാന്യമല്ല ബുധനാം ഭരതൻ നടത്തി
ആമാന്യനാണു സമഭാവനയുള്ള ധന്യൻ,
ധീമാറി മാറി മറിയുന്നവരർഹരല്ലാ. 75

പണ്ടുള്ള പണ്ഡിതരിൽ വെച്ചധികം പഠിച്ചു-
കൊണ്ടുത്തമസ്ഥിതിയെഴും ദ്വിജനിപ്രകാരം
കണ്ടും കളിപ്പുതുമ, കാലവിശേഷമോർത്തു
കൊണ്ടും നടന്നു വഴിപോയതറിഞ്ഞിടാതെ. 76

വെള്ളിപ്പൊടിപ്രകരമാപ്പുറകൊണ്ടളന്നു
തള്ളിപ്പുരത്തിയ വിധം തിരമാലചാർത്തി
ത്തുള്ളിക്കളിച്ചു മറിയുന്ന മഹാസമുദ്ര-
മുള്ളിൽക്കനത്ത കുതുകത്തൊടു കണ്ടു വിപ്രൻ. 77

അമ്പം! സമുദ്ര, മുടനസ്സഗരാദികൾക്കും
വൻപാർന്ന രാമനുമഗസ്ത്യനു മന്നുശാസ്ത്രി
തൻപാപ പംക്തിയെയൊഴിവാക്കുവതിന്നുവാർദ്ധി
മുമ്പാകെ വീണു വഴിപോലെ നമസ്കരിച്ചു. 78

ധീരാശയക്കു കരകേറി മറിഞ്ഞിടാത്ത
നേരായ നല്ല നില ഭൂഷണമെന്ന തത്വം
നാരായണന്റെ മണിമന്ദിര മെന്നു പാരിൽ
പ്പേരാളുമാഴി വെളിവാക്കി വിളങ്ങിടുന്നു. 79

മാനത്തൊടും തിരകളായ കരങ്ങൾപൊക്കി
സ്നാനത്തിനുത്തമ ജനത്തെ വിളിച്ചിടുന്നു;
ഏനസ്സെഴുന്നവർകളെ ബ്ബഹുദൂരമുച്ച-
ധ്വാനത്തിനാൽ ബ്ഭയമിയററി യകററിടുന്നു; 80

വൈലാൽത്തെളിഞ്ഞു ചിലദിക്കു; ചിലേടമമ്പാ-
നീലാംബുജാഭ; മകലത്തൊരിരുട്ടുതന്നെ;
സ്ഥൂലാരവം സകലദിക്കിലു; മാക്കുമേക്കാൻ
മേലാത്തമാതിരിയി ലുള്ളിനനന്തമാഴം; 81

പാരിൽപ്പുകൾന്ന സഗരാദികൾ ചെയ്തുവെച്ച
ഭൂരിപ്രയത്നമതു തൻഫലമാം സമുദ്രം
സൂരിപ്രവീരമണി ശാസ്ത്രി മഹീസുരന്നുൾ-
ത്താരിങ്കലത്ഭുതരസം തരസാ വളർത്തി. 82

ചാടിക്കളിപ്പു തിരതൊട്ടുകിടാങ്ങൾ; കൂട്ടം
കൂട്ടിക്കരെയ്ക്കലെഴുതുംരഘു"രാമ"നാമം
ഓടിക്കരേറിയലമായ്ക്കു; മട്ടത്തുമേലേ
ധാടിയ്ക്കുകേറിയെഴുതും; തിരവന്നുമായ്ക്കും. 83

കല്ലിട്ടുചാടിയതുമുങ്ങിയെടുത്തിടുന്നു,
തല്ലിട്ടുവന്തിരയിലുന്തിമറിച്ചിടുന്നു,
നല്ലിഷ്ടമുള്ളവർ കരങ്ങൾപിടിച്ചിറങ്ങി
മല്ലിട്ടുനിന്നു തിരയിൽക്കളിയാടിടുന്നു. 84

ഈമാതിരിക്കളിരസം; വലിയോരിറങ്ങി
ക്ഷേമാർത്ഥമായ്മുഴുകിനിന്നു ജപിച്ചിടുന്നു
നാമംഴിതൊട്ടുതൊഴുതാത്മഗതിയ്ക്കുവേണ്ടി
ശ്രീമാധവസ്മൃതിയൊടൊത്തുജപിച്ചുമുങ്ങാം. 85

കല്പിച്ചുറച്ചടിയളന്നടിവാക്യമെണ്ണി
യൊപ്പിച്ചുതക്കസമയത്തെയറിഞ്ഞിറങ്ങി
അപ്പിച്ചുചിൽപുരുഷനിൽക്കരളന്നുമുങ്ങി
തപ്പിച്ചു ശാസ്ത്രിവിധിപോലെ; കരയ്ക്കുകേറി. 86

തീരേനടക്കുമളവാദ്വിജമൌലികണ്ടു
ചാരേശിരോലിഖിതമുള്ളകപാലമപ്പോൾ
പാരേണമെന്നുകരുതീട്ടതുകയ്ക്കലാക്കി
നേരേതുടച്ചുവിധിയിട്ടോരെഴുത്തുനോക്കി. 87

സാരംധരിപ്പതിനുസൽക്കവിശാസ്ത്രിയേറെ-
നേരംശ്രമിച്ചു കരളിൽ പൊരുളൊത്തതില്ല
ധീരൻവിരിഞ്ചി തലയോട്ടിൽവരച്ചപദ്യം
സാരജ്ഞർകാണുന്നമട്ടത്തിവിടെക്കുറിക്കാം. 88

"ജന്മപ്രഭൃതിദാരിദ്ര്യം
ദശവർഷാണിബന്ധനം
സമുദ്രതീരേമരണം
കിഞ്ചിച്ഛേഷംഭവിഷ്യതി."

ഇല്ലായ്മ പെററതുമുതൽക്കൊരുപത്തുകൊല്ലം
വല്ലാത്തശിക്ഷ, ശരിചത്തതുമാഴിവക്കിൽ
ചൊല്ലാംനമുക്കിതുവരെപ്പൊരുൾ, തെല്ലുബാക്കി-
ക്കില്ലാനിവൃത്തിയിഹ; ചത്തവനെന്തുപിന്നെ? 89

ഈവാസ്തവസ്ഥിതിനിനച്ചുളവായശങ്ക
പോവാഞ്ഞുതെല്ലുസമയം തലകാഞ്ഞുനോക്കി
ആവാഞ്ഞലഞ്ഞു തലമണ്ടയെടുത്തുകൊണ്ടു-
പോവാനുറച്ചു; വിധികല്പിതമാരറിഞ്ഞു? 90

ധീരൻധരാസുരവരൻ മതികൊണ്ടുപദ്യ-
സാരംനിനച്ചു തലയോടുകരത്തിലേന്തി
താരമ്പടച്ചെരിവടിവാർന്മുഴുത്തകമ്പ-
ക്കാരൻറമട്ടിലവിടന്നുനടന്നുമെല്ലെ. 91

കൂട്ടംതിരക്കമരികിൽക്കളിയാക്കിവന്നു-
കൂടുന്നകൂട്ടരെയുമൊന്നുമറിഞ്ഞിടാതെ
ഈടുററൊരിപ്പൊരുവിചാരമുദിച്ചുമൂല-
മാടുന്നചിത്തമൊടു ശാസ്ത്രിഗൃഹത്തിലെത്തി. 92

ഭ്രാന്താകുമിക്കഥകഥിക്കുകിലെന്നുറച്ചാ-
ച്ചെന്താമരാക്ഷിയൊടുമാരൊടുമോതിയില്ല
ചിന്താനിവൃത്തിവരെയാത്തലമണ്ടവേഗം
താന്താൻകരേറിയൊരുതെങ്ങിലൊളിച്ചുവെച്ചു. 93

എന്നിട്ടുശാസ്ത്രി ഭവനത്തിനകത്തുചെല്ലും
മുന്നിട്ടുവന്നു കുശലം കയിൽവാണിചൊല്ലി
വന്നിഷ്ടവല്ലഭയൊടൊത്തു രസിച്ചകന്നു
ചെന്നിട്ടു കാൽകഴുകിയൂണു കഴിച്ചുവേഗം. 94

വൃത്താന്തമൊന്നിതുമനസ്സിൽ മറച്ചുവെച്ചി-
ട്ടുത്താമരായതവിലോചനയോടുനിത്യം
സത്താം പുരാണകഥയോതിയുമീശ്വരങ്ക-
ലുൾത്താരണച്ചു; മഴലററു വസിച്ചു വിപ്രൻ. 95

ഉണ്ടേററുകൈകഴുകിടുംസമയത്തു, തെങ്ങിൽ-
ക്കൊണ്ടേററിവെച്ച തലമണ്ടയവൻനിദാനം
കണ്ടേറെ നേരമതിരററ വിചാരമുള്ളിൽ
കൊണ്ടേററമാടലൊടിരുന്നെഴുനേററു പോകും. 96

പ്രാണേശനിങ്ങുദിവസംപ്രതിതെങ്ങിൽനോക്കി-
വാണേവമെന്തിനുവിചാരമിയന്നിടുന്നു?
കാണേണ്ടതിന്നരിയ തെങ്ങിലിരിപ്പതെന്തെ-
ന്നേണേക്ഷണക്കു മുളവായി വിചാരമുള്ളിൽ. 97

എന്നോടിതൊന്നുമുരചെയ്യുവതില്ല, കാന്തൻ-
തന്നോടിതെങ്ങിനെ കടന്നുപറഞ്ഞിടും ഞാൻ
എന്നോർത്തു തെല്ലിടയിരുന്നു; വരുന്നതെല്ലാം
വന്നോട്ടെ; യെന്നവളുറച്ചു പുറത്തിറങ്ങി. 98

എന്നിട്ടു തെങ്ങുകയറിച്ചതു കയ്യിലാക്കി
വന്നിട്ടടൻ വൃഷളിമാരെ വിളിച്ചുകാട്ടി
മുന്നിട്ടു കണ്ടതലമണ്ടയെടുത്തു നോക്കീ-
ട്ടുന്നിഷ്ഠദാസികൾ ചിരിച്ചവളോടു ചൊല്ലി, 99

ചൊല്ലാന്ന നിൻെറപതി പണ്ടു പെരുത്തുകാലം
നല്ലാരൊരുത്തിയൊടു ചേർന്നതി സക്തിമൂലം
ഉല്ലാസമാർന്നു പതിവായി രമിച്ചിരുന്നു
മല്ലാക്ഷി! സൂക്ഷ്മമിതു ഞങ്ങളറിഞ്ഞിരിപ്പൂ. 100

വമ്പേറുമത്തരുണികേൾക്കുക രണ്ടു കൊല്ലം
മുമ്പേ മരിച്ചു വരനാക്കഥയോർത്തു നിത്യം
പൊൻപേട മാൻമിഴി! വിഷാദമൊടാവധൂടി
തൻ പേർപറഞ്ഞു കരയുന്നതുമുണ്ടു ഗൂഢം 101

അന്നാരി തൻെറ തലയോടിഹ കൊണ്ടുവന്നി-
ട്ടിന്നാളികേരതരുവിൻ മുകളിൽക്കരേററി
നന്നായിവെച്ചു ദിവസംപ്രതി കണ്ടു കണ്ടു
തന്നാധിയങ്ങിനെ കെടുത്തുകയായിരിപ്പൂ. 102

പാരിന്നു പത്മമുഖി നീ! വിടവൃത്തിചാരു-
ന്നോരിദ്വിജൻെറ മഹിഷീപദമാർന്നിരിപ്പൂ
നേരിട്ടു ഞങ്ങളിതു ചൊൽകിൽ നിനക്കു കോപം
പൂരിക്കുമെന്നു കരുതിപ്പറയാഞ്ഞതാണേ. 103

ഈവണ്ണമായവർ പറഞ്ഞതു സത്യമെന്ന-
പ്പാവം ധരിച്ചു വിലപിച്ചു പൊഴിച്ചു ബാഷ്പം
ഹാ! വല്ലഭൻ ചപലനെന്നവൾ വിശ്വസിച്ചു
വൈവശ്യവും പെരിയ കോപവുമാർന്നു പാരം. 104

“നിയ്യാണിവൻെറ സുകൃതക്കൊടി ഭാഗ്യവൃക്ഷ-
ത്തയ്യായതും ഹൃദയമായതു” മിത്തരത്തിൽ
അയ്യാ! ചിരിച്ചുപറയും കണവൻെറ കള്ള-
ക്കയ്യാരു കണ്ടു കഠിനം മമ ദാസിമാരേ! 105

ചത്തിട്ടു മച്ച്യപലതൻതലമണ്ട കാണ്മാൻ
ഏത്തിങ്കലിത്ര രസമോ മമ കാന്തനയ്യോ!
വിത്തിട്ടു നട്ടവള്ളിലാണ്ടനുരാഗ മോർത്തു
കത്തിക്കരിഞ്ഞു പുകയുന്നു മനം മദീയം. 106

എന്നിത്തരത്തിലവൾ ചൊന്നതുകേട്ടു ഹർഷം
കുന്നിക്കുമാററരിയ ദാസികളേവരോതീ
"കുന്നിക്കുപോലു മഴലാർന്നുഴലാക്ക ഞങ്ങൾ
നിന്നിഷ്ടമോർത്തു പറയാമൊരു നല്ല സൂത്രം. 107

കാട്ടും തെറിക്കുപണി യിത്തല തച്ചുടച്ചി-
ന്നൂട്ടുന്ന ചോറൊടു കലർത്തി വിളമ്പിയാലും
വേട്ടുള്ള പതിയുടെ മുമ്പിലിതിൻ പ്രകാരം
കാട്ടുന്നവൻ വികൃതിയാണിതിനെന്തു ദോഷം? 108

സാമന്ത്യമല്ല രസമിത്തല കാൺകിലെന്നാ-
ലീമാന്ത്യ നിന്നിതു ഭുജിക്കുകിലെത്ര കൂട്ടം?
വാമാക്ഷി! വല്ലഭനു തൃപ്തിവരുന്നതിന്നു
നാമാകെ നോക്കണമതല്ലി നമുക്കു ധർമ്മം?" 109

എന്നിപ്രകാരമവളെപ്പിരികൂട്ടി വിട്ടി-
ട്ടൊന്നിച്ചു ചേട്ടകൾ തിരിച്ചു ഗമിച്ചശേഷം
ഒന്നിമരവെച്ചു പതിയെക്കറിനം ചതിപ്പാ-
നന്നിക്കഴിഞ്ഞു—വിധിവൈഭവ മോർത്തുനോക്കൂ. 110

കണ്ടിക്കരിങ്കുഴലി വല്ലഭനുള്ള സത്യം
കണ്ടില്ല ദുഷ്ടതയെഴും വൃഷളിപ്പകിട്ടാൽ
കണ്ടിച്ചു മണ്ടപൊടിയാക്കിയതന്നു ചോററിൽ
കൊണ്ടിട്ടു കാന്തനുവിളമ്പി യഥോകടപ്പം! 111

വൃത്തിയ്ക്കു തക്കപരിഷേചനമാചരിച്ചു
വൎത്തിച്ചു കൈകഴുകിയിട്ടു മലൎത്തിയപ്പോൾ
അത്തിങ്കളാസ്യ വിധിപോലെ കുടിയ്ക്കുനീരു
വീഴ്ത്തി സ്സമന്ത്രമതു ശാസ്ത്രി കുടിച്ചശേഷം. 112

പ്രാണാഹുതിയ്ക്കു തുടരുംസമയത്തു ചോററിൽ
കാണായിവന്ന കരടൊക്കെ യെടുത്തു കയ്യിൽ
ഏണായതാക്ഷിയെ വിളിച്ചുട“നെന്തിതെന്നെൻ-
പ്രാണാധികപ്രിയ മഴം സതി! നോക്കുകെന്നാൽ.” 113

ചെററത്തമുള്ള ചില ചേടികൾ ചൊന്നവണ്ണ-
മൊററയ്ക്കുറച്ചു ചതിചെയ്തു വളീഷലെന്യേ
തെററെന്നു കാന്തനൊടു ശുണ്ഠിയെടുത്തു നിന്നു
കററക്കരിങ്കുഴലി യുച്ച മുരച്ചിതേവം. 114

ഉള്ളത്തിലേററവു മിണങ്ങിയിരുന്ന വേശ്യ-
യ്ക്കുള്ളക്കപാലമിഹ കണ്ടു പൊടിച്ചതെല്ലാം
കള്ളം കളഞ്ഞു തവ ചാരൊടു നൽകി ഞാൻമു-
ന്നുള്ളം സ്പൃഹത്തിനുടവിങ്ങു വരാതിരിപ്പാൻ. 115

രോഷം മുഴുത്തു നിജ വല്ലഭയിപ്രകാരം
ഭോഷത്വമാൎന്നു പറയും മൊഴി കേട്ടനേരം
ദോഷജ്ഞനാദ്വിജനു “താൻ തിരയുന്നകിഞ്ചി-
ച്ശേഷം കഴിഞ്ഞു ശരി”യെന്നു മനസ്സിലായി. 116

# നളൻ.

(ഒന്നാം സർഗ്ഗം.)

"ഹേ! താങ്കൾതന്നെ യെഴുതിത്തരണം നമുക്ക
ജാതാദരം 'നള'നിലാദിമസർഗ്ഗ" മേവം
പ്രീതാശയൻ പ്രിയസഖൻ പറയുന്നു, വാണി-
മാതാവുതന്നേ ഗതി; ഞാനെഴുതാൻ തുടങ്ങാം. 1

മത്തൂലികത്തല വിറയ്ക്കരുതീ, കൃതിക്ക
സത്തൂന്നിടേണ, മൊരുപേരിവനുംവരേണം,
ഉൾത്തൂന്നിടും കരുണയോടതിലേക്കഗസ്ത്യ-
സ്പൃത്തൂരെഴുന്ന നിഗമപ്പൊരുളേ! സഹായം. 2

ഉണ്ടായിപോലൊരുമഹീപതി നൈഷധന്മാ-
ക്കുണ്ടായിരുന്ന സുകൃതങ്ങൾ ഫലിച്ചപോലെ.
കണ്ടാൽപ്രസിദ്ധ നളകൂബരനും നിതാന്തം
കൊണ്ടാടുമത്രസുഭഗൻ നളനാമധേയൻ. 3

നല്ലാഭയുണ്ടിരവിലും പകലും, വിശേഷി-
ച്ചെല്ലാമെയ്യാഴം കലകൾകൊണ്ടതിപൂജ്യപാദൻ,
ഇല്ലാ തരിമ്പുമവിടെക്കൊരുപക്ഷഭേദം
ചൊല്ലാളുമാനൃപതി ചന്ദ്രനിലുംമനോജ്ഞൻ. 4

ആരാലുമത്രനുതമാകിയതന്മഹസ്സാൽ
പാരായപാത്രമഴവൻ തെളിയിച്ചജസ്രം,
ആരാജവീരനഹി മല്ല്യതിപോലെ താഴ്ച
ചേരാതെ വിഷ്ണുപദസേവകനായ് വിളങ്ങി. 5

നാട്ടിൽപ്പരക്കെരസവൃഷ്ടി, സഭാജയന്തൻ-
പാട്ടിൽ, സപദ്ദൃഷ്ടി പതിയാത്തിട മില്ലതെല്ലും,
കൂട്ടിന്നുധർമ്മമരടാകിയ ദാനവാരി
ഓട്ടിന്ദ്രനെന്നവിധമൂഴിയിലുല്ലസിച്ചു. 6

വല്ലാത്തവൈരിഗണമായവനത്തെവാട്ട-
മില്ലാതെ ഹേതിയിലെരിപ്പവ നത്ര്യയല്ല,
എല്ലാംപ്പൊഴും ശുചിതപൂണ്ടവനാശ്രയാശ-
നല്ലാസ്ഥിലും നൃപനവൻ ദഹനന്നു തുല്യൻ. 7

ചെറ്റാരനീതിതുടരുന്നു, തവന്റെ നേക്ക
തെറ്റാതെ ദണ്ഡമയനീതി നടത്തുവോനായ്,
മറ്റാരിലും മഹിമയാൽ സമവത്തിയാദ്ദൂ-
ടറ്റാനൃപൻ യമഗുണാസ്പദമായ്വിളങ്ങി. 8

ഏകാന്തവാർത്തകളെ വാസ്തവമായ് ഗ്രഹിപ്പാ-
നേകാകിയായി രജനീചരനാകയാലും,
പാകാരിതൻ പ്രണയഭാജന മാകയാലും,
പേർകാളുമാക്ഷിതിവരൻ നിരൃതിക്കുതുല്യൻ. 9

ന്യായംവെടിഞ്ഞ നരർതൻ ദൃഢബന്ധനത്തി-
ന്നായത്തമാണവ നനുത്തമ ധർമ്മപാശം;
മായംപെടാത്ത മറതൻ പൊരുളിൽപ്രചേത-
സ്സായധരാപരിവൃഢൻ വരുണോപമാനൻ. 10

എല്ലാടവും പഴുതറിഞ്ഞു കടക്കു, മെല്ലൂ-
കില്ലം തൊഴിൽക്കൊരുവിധത്തിലു മന്തരായം,

ഉല്ലാസവും കുളിരുമേററ മിയററുമവാരാ-
ച്ചൊല്ലുംന്നൃപതി സമംഗതി തന്നെയാക്കും. 11

ആരാൽവലഞ്ഞുണരു മത്ഥികളെക്കരിച്ചു
ധാരാളമായ് ധനമമാവ മുദിക്കകൊണ്ടും,
ശ്രീരാജരാജ നിലയിങ്കലിരിക്കകൊണ്ടു-
മാരാജമൌലി യക്ഷകേശനു തുല്യനായി. 12

നാമംജപിക്കിലൊഴിയും കലി; യത്ഥധമ്മ-
കാമങ്ങളിൽ ത്രിനയനത്വ മവന്നുസിദ്ധം;
ക്ഷേമം നിജാശ്രിതതതിക്കുവളത്തി, വൈരി-
സ്തോമത്തിലുഗ്രതയുമുണ്ടു നൃപൻ ശിവൻതാൻ. 13

നല്ലാർകുലങ്ങളിരവുംപകലും നിനപ്പോൻ,
മല്ലായുധാരി സുഭഗൻ, വിജിതേന്ദ്രിയൌഘൻ,
വില്ലാളിവീരനിളകാത്തിതു പീഡയാക്ക-
മില്ലാത്തമാതിരിനളൻ മനുവെന്നപോലെ. 14

ശീലാഢ്യയററ സുഖവൃത്തിയിൽ നിന്നുവിത്ത-
ത്താലാനൃപേന്ദു നിലനിത്തി സമാപിധമ്മം;
ശ്രീലാളിതസ്വകുലപൂവ്വികരാദരിച്ചു-
പോലാദരിച്ചു പുരുഷാത്ഥചതുഷ്ടയത്തെ. 15

ധമ്മം ധനത്തൊടുകടന്നു, ധനം കടന്നാ-
ദ്ധമ്മത്തൊടങ്ങി, വകമ്മോടുകടന്നു കാമം,
ശമ്മംകെടുംപടി കയത്തിടയാകാതെ സവ്വ-
മമ്മജ്ഞനാം നൃപതിചെയ്തിതു സംവിധാനം. 16

ധൎമ്മാൎത്ഥകാമജയി ഭൂപ നസക്ത മട്ടിൽ
നിൎമ്മായമായവയിലാ ദരവാൎന്നിരുന്നു;
വന്മാരി, മഞ്ഞു, വെയിലെന്നിവയോടിണങ്ങു-
മമ്മാമലയ്ക്കൊരു വികാര വിശേഷമുണ്ടോ?. 17

ഏഴാമുപായ നിരയൊത്ത ഗുണങ്ങളാറും
പാഴായിടാതെ വരുവാൻ നൃപനോടിണങ്ങി
താഴാതുയൎത്തി കൃതകൃത്യതയോടുകൂടി
വാഴാനവൎക്കിടവരുത്തി ബലാബലജ്ഞൻ. 18

ധാരാളമാഢ്യത, പരം വ്യസനങ്ങളൊന്നും
ചേരായ്ക, കുറിവകളൊത്തവരേ നൃപാലൻ
നേരായറിഞ്ഞു നിയമപ്പടി സപ്തമന്ത്രി-
മാരാക്കി നീതിനിഗമക്കടലിൽ കളിപ്പോൻ. 19

എന്ത്രിപ്പയററിൽ വിരുതക്ക നൃപങ്കൽ നിന്നാ-
മന്ത്രിപ്രധാനികളെയും ബഹുശ്ശുദ്ധശ്ശുദ്ധം.
മന്ത്രിച്ചമന്ത്രവു മിളക്കവതിന്നു ലോക-
തന്ത്രി ക്ഷിതീശനണുവും പഴുതേകയില്ല. 20

നേരായചാരർവഴി ശത്രു സുഹൃത്സ മന്മാ-
രാരാകിലും ദ്രുതമറിഞ്ഞു, വരെത്തരത്തിൽ.
പാരാതെസന്ധി മുതലായവ വൃത്തിദാന-
മാരാജമൌലിയിവയാൽ വശരായി നിൎത്തി. 21

പാരിൽപരന്ന പടയില്ല,ല മമ്പലത്തിൽ
പേരിന്നുമാത്രമുള്ളവാം ചിലടത്തു മാത്രം;”

ദാരിദ്രമില്ല; രിയുമില്ല, നളന്റെരാജ്യ-
ത്താം; ത്രിപ്രകാരമിളകാതിളകാത്ത ധന്യൻ. 22

വില്ലങ്കമില്ല പരമെങ്കിലു മന്നരിച്ചാ-
ക്കില്ലന്നു മല്ലതുവശാലഴലില്ലൊരാൾക്കും;
വല്ലന്തിയില്ല, കളവെന്നൊരു കേൾവിയില്ല,
തെല്ലല്ലഹന്ത! ചരൽപോലെ ധനംസുഭിക്ഷം. 23

മാനംസുഖം ധനഫലം, നിശാമത്തിനന്ന്യം-
ധാനംഫലം, രതിസുതൈകഫലം കളത്രം,
നൂനംശ്രുതത്തിനുഫലം ശുചിവൃത്തി, യെന്നീ-
ജ്ഞാനം ജനങ്ങളിൽ വളർത്തി വസുന്ധരേശൻ. 24

തീക്കപ്പൽ മാർഗ്ഗമവിടെക്കു വരുന്നവസ്തു-
മാക്കപ്പലിൽസ്സ്വപദി കേറി വിടുന്ന വസ്തും,
ചുങ്കംനിരക്കുളവിതൊക്കെയു മേകരീതി -
ക്കാക്കേണ്ടതിന്നു നളനാളുകളേ നിവൃത്തി. 25

കല്പദ്രുമത്തൊടിടയും കടയിൽ കിടക്കു-
മപ്പട്ടണത്തിലെവനും നിരുപിപ്പതെ, ന്നാൽ
അല്പംധനപ്പിലവഹോ [illegible] മിന്നു-
കല്പൻ നളൻ ധരണി വാണരുളുന്ന കാലം. 26

പ്രീതിപ്പെടുംപടി ധനംചിലവിട്ടു നാലു-
ജാതിക്കു മുത്തമപഠിപ്പിനു തക്കമാർഗ്ഗം
നീതിജ്ഞനാംനൃപതി വച്ചുകൊടുത്തു; വാങ്ങു-
ന്നീതിപ്പണം പലിശക്കുട്ടി വിതച്ചനാട്ടിൽ. 27

രാജ്യത്തിലെപ്രജകൾ, ഭൂപനിലഖരനൊക്കാൾ
പൂജ്യതമോക്കു്, മവരൌരസപുത്രരെന്നും
പ്രാജ്യപ്രമോദഭരമോടരചൻ നിനച്ചും;
ത്യാജ്യൻനൃപാലക നൊരുത്തനു മില്ലൊരേടം. 28

കുററങ്ങൾ ചെയ്തവരിലില്ലലി; വാർദ്രതയ്ക്കി-
ല്ലാറാംവലഞ്ഞവരിലും നൃവരന്നു, പക്ഷെ
ചെററന്നു സൽകൃപ പൊഴിക്കുക തന്റെകണ്ണി-
ന്നററംചുവക്കുകിവ വേണ്ടി വരാറുമില്ല. 29

ധർമ്മാർത്ഥകാമ മറിവോ രറിവുള്ള വൃദ്ധൻ
സമ്മാന്യരാസ്സഭകളിൽ പറയുന്ന വാക്യം
അമ്മാനവേന്ദ്രമണി കേട്ടുധരിച്ചു രാജ്യ-
ത്തമ്മാതിരി പ്പുതുപരിഷ്കൃതി ചെയ്തിരുന്നു. 30

എല്ലാകൃഷിക്കു മുതകും ചിറതോടു, വാപി
നല്ലാവളം, വിളവുരക്ഷകളെ ന്നിതെല്ലാം
വല്ലാദരം പുരുഷപുംഗവനേപ്പെടുത്തി-
ട്ടില്ലാതെയാക്കി പരമീതികളീശ്വരാഭൻ. 31

ഗോരക്ഷ പുഷ്പഫലരക്ഷ [illegible]വയ്യുദാന-
വീരൻ നളൻ മധുഘൃതം ഗുളമെന്നിതെല്ലാം
പാരന്തെളിഞ്ഞു ധരണീവിബുധൎക്കു നൾകി-
പ്പാരന്നു നാകനഗരത്തിനു തുല്യമാക്കി. 32

വേദങ്ങൾശാസ്ത്ര നിരശാശ്വത മാക്കുമായു-
ർവ്വേദംബലം കവിതയിത്തൊഴി ലാത്മതന്ത്രം.

സ്വാദംവരാതിവയിലന്നു വിബുധർ ഭൂപ-
പാദപ്രസാദഫലഭാക്കുകളായിരുന്നു. 33

“ഒന്നോർക്കണം പ്രജകൾ, നിങ്ങടെ കല്പനകൾ
നി,ന്നോർമ്മവെച്ചവനികാപ്പവനീ മനുഷ്യൻ;”
എന്നോതിടും സഭയിൽനിന്നു വിനീതനായി;
നന്നോനളന്റെ നയവും വിനയത്തഴപ്പും. 34

ഇല്ലാർക്കയില്ലപകൃതി സ്മൃതി, ചെയ്കസാധ്യം
ചൊല്ലാർക്കയില്ല വരൊടങ്ങിനെ വാഴ്ത്തിവാഴ്ത്തി,
ചൊല്ലാന്നുഭൂമിപതി ഹസ്തി രഥാശ്വപാല-
ർക്കെല്ലാംമനസ്സിനു യഥാവിധി തൃപ്തിയേകി. 35

പൊട്ടൻ മുടന്തനഴലേറിയ കുഷ്ഠികണ്ണു-
പൊട്ടൻതുടങ്ങിയ മനുഷ്യരെ മാനവേന്ദ്രൻ
നട്ടന്തിരിഞ്ഞു വലയാപ്പടി മക്കളെന്ന
മട്ടത്യുദാരപരിരക്ഷയിലാക്കിമാറും. 36

എല്ലാർക്കുമുണ്ടു ഭയഭക്തി, നദാസപാദ്ദൃഷ്ടി
ചെല്ലാത്തിടം കുറയു മാർക്ക മകക്കുരുന്നിൽ
‘അല്ലാ! നൃപൻ പിറകി’ലെന്നൊരു ശങ്കയാക-
മെല്ലാപ്രവൃത്തികളിലും നള ചക്രവർത്തി. 37

നാകത്തിലും പുകൾപുലമ്പിയ സാധുപുണ്യ-
ശ്ലോകൻനളന്റെ കിടനില്ലൊരിളാമണാളൻ.
ലോകത്തിലില്ല ദൃഢമെന്ന യശസ്സു വിശി-
ബ്ഭൂകല്പവൃക്ഷമവനുഴിഭരിച്ചു വാണാൻ. 38

അക്കാലമാ നൃപതികണ്ടു കിനാവിലേതോ
വില്ലാശ്രുമന്നിയൊരു കാമിനി നില്പതായി;
തല്ക്കാലമുള്ളിളകി യെങ്കിലു മൊന്നുറപ്പി-
ച്ചക്കാതരാക്ഷിയൊടവൻ വെളിവായ് പറഞ്ഞാൻ: 39

“ആരെ?ന്തുവണ്ണ?മെവിടുന്നുവരുന്നു?നിന്റെ
പേരെന്തു? വേട്ടവനൊവൻ? പുരിയേതുദിക്കിൽ?
തീരെപ്പരാംഗനയിലാശ പെടാത്തൊ രാളെ-
ന്നോ, രെന്നെ നീ; പറക വാസ്തവമസ്തശങ്കം. 40

പന്തായിടഞ്ഞ കുചധാരിണി! നിന്മനസ്സിൽ
സന്താപമുണ്ടു ചെറുതെന്നൊരു ശങ്കതോന്നും;
എന്താകിലും പറക ദീനജനാർത്തിഭംഗം
ഹന്താചരിപ്പതിനൊരുക്ക മിവൻ നിദാനം” 41

ആണുങ്ങളായ് പരിചയക്കുറവുള്ള സാധ്വ
നാണം കുണുങ്ങിയൊരു മൂക്കിലൊതുങ്ങി മെല്ലെ;
വീണാസ്തുകം കരിയുമാ മധുരസ്വരത്തിൽ-
ത്താണങ്ങു താമരദളാക്ഷി പറഞ്ഞിതേവം:— 42

“വൈദർഭിഞാൻ; മദനസുന്ദര! കന്യയത്രേ;
ഖേദംസ്മരൻ ധരയിലാർക്കു വളർക്കയില്ല?
മോദം മനസ്സിലുളവാക്കുക; ശേഷമെന്റെ
സാദംഭവാന്റെ തിരുമുമ്പിലുണർത്തുമെല്ലാം.” 43

പൊട്ടിത്തുടങ്ങിവെടി, ശംഖുവിളിച്ചു, ഭേരി-
കൊട്ടിസ്മരിച്ചു നളനെ സ്തുതിപാഠകന്മാർ;

ഞെട്ടിത്തെറിച്ചു നൃപമൌലിയുണൎന്നു; ചെന്നാ-
ക്കുട്ടിക്കുരംഗമിഴി യുള്ളിലുമഞ്ഞൊളിച്ചു. 44

എല്ലാരവിന്ദമിഴിയേ നളനങ്ങു മച്ചി-
ലെല്ലാം തിരഞ്ഞുബത! പള്ളിവിരിപ്പുടൎത്തും;
ചൊല്ലാവതല്ല നൃപചേഷ്ടകൾ! ചെന്നുകണ്ടാൽ
മല്ലാസ്ത്രദേവനുടെ കോമരമെന്നു തോന്നും. 45

വില്ലാളിവീരമണി, ധീര, നിളങ്കമേതു-
മില്ലാത്തവൻ, മലകുലുങ്ങുകിലും കുലുങ്ങാ,
ചൊല്ലാൎന്നൊഴുന്ന നളനെങ്ങിനെ മന്മഥന്റെ
മല്ലായുധപ്രഹരമേററു മനസ്സുമുട്ടി! 46

നേരമ്പുലൎന്നു; പരിവാരജനങ്ങൾ വന്നാ-
ദ്വാരങ്ങളിൽ പതിവുപോലെ നിരന്നുനിന്നു;
സാരജ്ഞനാം നൃപതിയോ മുറിയിൽക്കിടന്നാ-
സ്സാരംഗചാരു മിഴിയെത്തിരയുന്നു താനും. 47

തണ്ടാർദളാക്ഷി മനമാണ്ടിതി ലീഷ്യനിദ്ര-
ക്കുണ്ടായി, മററവളുമപ്പൊഴുതൊന്നുകന്നു;
രണ്ടാളുമില്ലനുഭവത്തിനു; രണ്ടു വേട്ടാൽ
ത്തിണ്ടാട്ടമേതവനു മെന്നരചൻ ഗ്രഹിച്ചു. 48

‘മേലാൽ മരാളഗതിയേ ശരണം നമുക്കി’—
മാലാറുവാൻ ദ്രുതമതിന്നൊരു തക്കമോൎത്തും.
‘ചേലായ്നിനച്ചിടണ്ണ’ മെന്നരചൻ പുറത്താ-
ശ്ശീലാഢ്യമൂടി യെഴുനെള്ളി വരാന്തതന്നിൽ. 49

ചൊല്ലാളുന്നോരു നന്ദന ത്തോടിടയും
പൂങ്കാവിലെപ്പൊയ്കയിൽ
ചൊല്ലാം സാന്ധ്യ വിധിക്രമങ്ങളുടനേ
സാധിച്ചു ജാതാദരം
മല്ലാക്ഷീമണിയെത്തിരക്കി യറിയാ-
മെന്നോർത്തിളാനായകൻ
നില്ലാതങ്ങെഴുന്നെള്ളി താനഴലൊത്തു-
ക്കിക്കൊണ്ടു നീരാടുവാൻ.

# സുകന്യ.

## (രണ്ടാം സർഗ്ഗം.)

മുങ്ങിക്കഴിഞ്ഞു മുനിയായവരൊത്തു ഭംഗി
തിങ്ങിത്തിളങ്ങിന സരസ്സിലിറങ്ങി യൊപ്പം
അഭീഷ്ടവല്ലഭനെ യോർത്തഴ ലാഴിയിങ്കൽ
പ്പൊങ്ങിത്തഴച്ച തിരയിൽ കുയിൽവാണിയാളും. 1

ആരുററബന്ധു, ഗതിയെന്തിനി, ഹന്ത!! ദേവ-
ന്മാരുംവെറുത്തു, ദയവുള്ളവരാരു പാരിൽ?
താരുംതണുത്തതളിരും പണിയും സുഗാത്രി-
മാരും തൊഴുന്നൊരവളിങ്ങിനെ നിന്നലച്ചാൾ. 2

താന്തോന്നികൾക്കു കൃപയോ, ശരിയല്ല, കാമ-
ഭ്രാന്തോ യിവർക്കു, വിടെയെന്തിനു ചാടിമുങ്ങി?
സന്തോഷവാക്കുകൾ പറഞ്ഞു മയക്കിയെന്നെ
യെന്തോകടന്നിവർ ചതിച്ചിടുമോ കലാശം. 3

മുല്ലാസ്ത്രമേററു സുരനായകനന്നു ബോധ-
മില്ലാതഹല്യയി ലതിക്രമ മാചരിച്ചു.
ചൊല്ലാമിവർക്കുമിതു ഭൂഷണമിന്നു; കൊമ്പൻ
നില്ലാതെപോയ വഴിയേഗതി മോഴകൾക്കും. 4

പായുന്നതിന്നുടയ കുഞ്ഞുപറക്കു, മൊട്ടും
പേയല്ലതിട്ടചെറുമുട്ട യുരുണ്ടുമണ്ടും.
പ്രായേണകണ്ടു വരുമിസ്ഥിതിയോർത്തു ചിത്തം
കായുന്നു, കാമികൾ കടുങ്കൊലയും നടത്തും. 5

ചൊല്ലാർന്നോരെൻറ പതിയിൽ സ്സുഭഗത്വമത്ര-
യില്ലാഞ്ഞിലെന്തിനിവരിത്ര പണിപ്പെടുന്നു.
വല്ലാതെയുണ്ടിടയിളക്ക മിനിയ്ക്കു, നമ്മെ-
ക്കല്ലായവർക്കു തുണയായ്‌വീടുമോ വിടന്മാർ?. 6

എന്നുള്ളിലില്ലഭയ, മൈത്രയു മോതിയാലും
വന്നുൾപ്രിയത്തൊടടി വീണു വണങ്ങിയാലും
പൊന്നുംപണങ്ങളു മെടുത്തു നിരത്തിയാലു-
മെന്നുംമനസ്സിളകയില്ലതിനില്ലവാദം. 7

എന്നെക്കുറിച്ചധിക മാഗ്രഹ മുള്ളകൂട്ടർ
കൊന്നേയ്ക്കുമോ വരനെയിന്നിതിച്ചിട്ടുമക്കി
എന്നേവമാണൊരു വിചാരമെനിക്കു സൌഖ്യം
വന്നേക്കുവാനരുളണം വരമീശ്വരന്മാർ. 8

മങ്ങീടുമെൻറ മനമൊന്നു തണുക്കുമാറു
പൊങ്ങീടണം സുകൃതിയായ വരൻവരേണ്യൻ
തിങ്ങീടണം കരുണയേറവു മാശ്വിനക്ഷ-
മിങ്ങീടെഴുന്ന വരമിങ്ങിനെ യാശ്വരേണം. 9

കുട്ടിക്കളിക്കിടയി ലന്നറിയാതെ കത്തി-
പ്പൊട്ടിച്ചു കാന്തനുടെ കണ്ണിവ, ളിന്നുദൈവം
പൊട്ടിക്കുമോ കഠിനമെന്നുടെ കണ്ഠസൂത്രം
ഞെട്ടിപ്പിടച്ചുഹൃദയം, വിധിയാരറിഞ്ഞു! 10

എന്നാധിപൂണ്ടവൾ നിനച്ചു നമിച്ചു ചിത്തം
നന്നായണച്ചു വിധിയിൽപ്പതി താന്നടിക്കിൽ

അന്നാളിമച്ചു മിഴികൂടി വെടിഞ്ഞുനോക്കി-
നിന്നാൎത്തുയൎന്നിതവർ മൂവ്വരു മപ്പൊഴൊപ്പം. 11

സന്താപമൊക്കയകലുംപടി മുന്നിലായി-
ട്ടെന്താണിതെന്തു കഥ! മൂന്നു മനോഹരന്മാർ
എന്താപശാന്തി കരുതിട്ടു ശിവൻ വിരിഞ്ചൻ
ചെന്താമരാക്ഷ നിവരൊത്തെഴുന്നള്ളിയെന്നോ?. 12

പെട്ടന്നിളന്തളിർ തൊഴുന്തനു മൂന്നുനാലു-
വട്ടംമുറയ്ക്കുമുടി തൊട്ടടി യാകുവോളം
ഒട്ടംവിടാതവയവങ്ങൾ തിരിച്ചുനോക്കി-
യിട്ടുൾക്കളിൎത്തു കുതുകാംബുധിയിൽക്കളിച്ചു. 13

കണ്ണിൽക്കിടന്നു കളിയാടിടു മിപ്പുമാന്മാർ
വിണ്ണിന്റെ പുണ്യ പരിപാക ഫലങ്ങളത്രേ
മണ്ണിങ്കൽനിന്നൊരു വിധത്തിലു മിത്തരക്കാർ
ഖണ്ഡിച്ചുതന്നെ പറയാ മുളവാകയില്ലാ. 14

കാൎത്തസ്വരാഭ കലരുന്നവരെ ത്തിരിച്ചു
പാൎത്തത്തൽ തീൎപ്പതിനു നോക്കി മനസ്സുമുട്ടി
ധൂൎത്തൻ വിരിഞ്ചനൊരുപോലെ കരുപ്പിടിച്ചു
വാൎത്തന്നൊടൊത്തൊരവർ മൂവ്വരു മൊന്നുപോലെ. 15

നന്നായലഞ്ഞവരെ യങ്ങിനെ നോക്കിനോക്കി
നിന്നാൾ വരാകൃതി തിരിച്ചറിയാഞ്ഞുഴന്നാൾ
അന്നാമഹാ രസികരൊത്തൊരുമിച്ചടുത്തു
വന്നാലു,മെന്നരുളിനാരവളോടുമന്ദം. 16

അന്നേരമാച്യവന മാമുനി യോർത്തു, പാവം
തന്നേ കൃശാംഗിമണി ഹന്ത! കുഴഞ്ഞിട്ടന്നു
എന്നെത്തിരിച്ചറിയുവാൻ വഴികണ്ടിടാഞ്ഞി-
ട്ടോ’’ ന്നേറെനോക്കിയവളെ ദ്ദയയോടുകൂടി. 17

“സത്തായനന്മതിരളുന്ന സുകന്യതന്റെ
ഭർത്താവിനെച്ചതിയിൽ വിട്ടുനമുക്കു പാട്ടിൽ
ഉൾത്താരലിഞ്ഞു വരുമോ’’ സുരവൈദ്യരേവ-
മൊത്താണ്ടു ചിന്തയൊടു നോക്കി നതാംഗിയാളേ. 18

ഉൾത്താരലിഷ്ട മലിവെങ്കലെഴുന്നൊരാളെൻ
ഭർത്താവുതന്നെ പുരുചിന്തയെഴും പരന്മാർ
ഹൃത്താപമേററ സുരവൈദ്യരു മെന്നസൂക്ഷ്മ-
മത്താമരാക്ഷിയവൾ നോക്കിയതിൽ ഗ്രഹിച്ചു. 19

കുട്ടിക്കുരംഗമിഴിയസ്സതി ദേവമായാ-
പ്പിട്ടിൽപെടാതെ പതിയെസ്സുരവൈദ്യർ കാൺകെ.
പൊട്ടിത്തരിച്ചൊരു ടലൊത്തെതിരേററു കാന്തൻ
പൊട്ടിത്തെളിഞ്ഞ മിഴികൊണ്ടവളെ പ്പുണർന്നു. 20

രാജീവരമ്യ മുഖിയാം സതിയെച്ചതിച്ചി-
ട്ടാജീവനാന്തമഴലാൽ സ്സുരവൈദ്യർ മങ്ങി.
വ്യാജപ്രയോഗമതിൽനിന്നു ജയിച്ചു പോന്ന-
വ്യാജംസുകന്യ സുഖമാർന്നധികം വിളങ്ങി. 21

മിന്നുന്നമിന്നൽ പണിയും രുചിരാംഗിയോടു
തന്നുള്ളിണങ്ങിയൊരു മോഹനനമ്മുനീന്ദ്രൻ

എന്നുംതനിസ്സുരുചിരാകൃതി തന്ന നന്ദി -
സ്സുന്നുള്ളലിഞ്ഞു സുരവൈദ്യരൊടേവമോതീ. 22

യാഗങ്ങളിൽ സ്സുരഭിഷഗ്വരരേ! ഹവിസ്സിൻ-
ഭാഗംതരുന്ന പരമിന്നു തുടങ്ങിയെന്നും
ആഗസ്സൊഴിച്ചിവനെ യീ നിലയാക്കി വിട്ട-
ഭാഗംനിനസ്സിലതിതുഛ, മിതോറു കൊൾവിൻ!! 23

നന്ദിച്ചിവണ്ണമരുളും മുനിയെ ക്കനിഞ്ഞു
വന്ദിച്ചു "ഞങ്ങളിതുകൊണ്ടു കൃതാർത്ഥരായി"
അന്നിപ്രകാര മറിയിച്ചിട വാങ്ങി നാകം-
തന്നിൽക്കരേറി മുനിമാന്നിതരാശ്വിനേയർ. 24

ചൊല്ലാളും രമയൊത്തനന്തശയനൻ
ശ്രീഗൌരിയൊത്തീശനെ-
ന്നല്ലാ വാണിയൊടൊത്തജൻ രതിയൊടൊ-
ത്തഞ്ചമ്പനേവം വിധം
നല്ലാർമൌലി സുകന്യയൊത്തൃഷികുല-
ശ്രേഷ്ഠൻ മഹാഭാഗ്യവാ-
നല്ലാസാലുടജത്തിൽവാണു സുഖമോ-
ടശ്രാന്ത മശ്രാന്തനായ്. 25

# മീരാഭായി.

(രണ്ടാം സൎഗ്ഗം)

പ്രണതാൎത്തിയകത്തി ലക്ഷ്മി യൊത്താ
പ്രണവത്തിൻ പൊരുളമ്പു മമ്പലത്തിൽ
ഗുണശാലിനി മീരരാജ്ഞി തൃക്കാ-
ലിണവന്ദിപ്പതി നാസ്ഥ യോടണഞ്ഞു. 1

ഉടനഗ്ര്യചരിത്ര ചിത്രമെങ്ങും
തടവിക്കണ്ണിന്നു പുണ്യ പൂരമായി
സ്ഫുടരത്ന സമാന കോമളക്കൽ
പ്പടപോലും മണിമണ്ഡപം കരേറി. 2

സഖിമാർ ഫിഡിൽവീണ മദ്ദളംതൊ-
ട്ടഖിലംമേള വിധിക്ക ചേൎത്തിണക്കി.
നിഖിലേശ്വര കീൎത്തനങ്ങൾ പൊയ്ത്താർ-
മുഖിതാന്തന്നെ രചിച്ചിരുന്നു പാടി. 3

"ഭവസാഗര വന്തിരത്തിരക്കിൽ
ദിവസംതോറു മലഞ്ഞു ഞാൻ വലഞ്ഞു;
തവ സൽകൃപയായ കപ്പ ലേറ്റീ-
ട്ടിവളെ ത്തൃപ്പദമാം തുരുത്തിലാക്കൂ. 4

അടിയൻ തവ രത്ന മണ്ഡപത്തിൻ
പടിയിൽത്തന്നെ യിരുന്നു നാമഗാനം
മടിയാതെ നടത്തിടുന്നു നിത്യം
പിടിയാത്തോരിവളെ പ്പുലൎത്തിയാലും. 5

കലമാൻ, പുലി, പന്നി, പട്ടി, മുമ്പായ്
പ്പലജന്മങ്ങളൊടുക്കിയോൎക്കിലിപ്പോൾ
നിലയല്ല മുയന്നതായി, നാളെ-
സ്ഥലയാനോ വഴി; കാൎയ്യമാരറിഞ്ഞു? 6

ദുരിതങ്ങളൊഴിച്ചു കാക്കണം മേ;
ഹരിനാരായണ! നിമ്പദാംബുജത്തിൽ
ശരിയായ് മനതാരുറയ്ക്കണം മ-
റെറാരിടത്തും ചിതറാതെ ചിൽക്കഴമ്പേ! 7

ക്ഷിതിമാനധനങ്ങൾ, സാൎവ്വഭൌമൻ
പതി, സൌഖ്യോചിത രത്നകേളി സൌധം,
ഇതിലൊക്കെ മനം മയങ്ങിയെന്നാൽ
ഗതിയെന്തീശ്വര! നിത്യമല്ലിതൊന്നും." 8

കടൽവൎണ്ണനെയുൾക്കളത്തിലോൎത്താ
നടയിൽ താനവൾ താണു വീണുകൂപ്പി
ഇടനെഞ്ചിടറി സ്തുതിച്ചിവണ്ണം
പിടമാൻനേർ മിഴിയൊരു യാത്രയായി. 9

"പലതും നിജരാജ്യകാൎയ്യമോരോ
നിലയിൽ കണ്ടതു തീൎപ്പുചെയ്തു ശേഷം
നലമാൎന്ന സഭാതലത്തിൽ നിന്നെൻ
നിലയത്തിൽ പതി വന്നിരിക്കുമിപ്പോൾ. 10

പലധൎമ്മവിചാരമാൎന്നു വാട്ടം
കലരും മന്നവൃന്ദമുള്ളിലൊട്ടു ഹൎഷം

വിലസുന്നതിന്നൊത്ത യത്നമാവും
നിലയിൽ ചെയ്യുവതല്ലി; ദാരകൃത്യം! 11

'ശ്രുതികൂട്ടിയിതാ മൃദംഗമീ ഞാൻ
സതിമീരേ! വരൂ; കീർത്തനങ്ങൾ പാടൂ'
പതിവായിത്തു മട്ടിലെന്നോടോതും
പതിയാസ്ഥാന തലത്തിൽനിന്നു വന്നാൽ. 12

പരചിൽപ്പുരുഷൻെറ പാദ പത്മം
സ്മരണീയം നിരൂപിച്ചിരുന്നു പോയി;
കരളിൽ കഥയൊന്നു മോർത്തതേയി-
ല്ലരമയ്യോ മണി പത്തടിച്ചുവല്ലോ. 13

പലവണ്ടികൾ കൊണ്ടു രത്ഥ്യ പശ്ചാ-
കുലയായ് ചിന്തകൾ കൊണ്ടു ഞാൻ കണക്കേ;
നിലയങ്ങളിലേയ്ക്കു പോകയായീ
കുലജാമാത്യരിതാ സദസ്സിൽ നിന്നും" 14

മതിയിൽപ്പലതേവ മോർത്തുവേണ്ടും
പതിശുശ്രൂഷയിലുൽസുകത്വമോടെ
അതിശോഭന രാജമാർഗ്ഗ മാർന്നാ-
ക്ഷിതിഭൃൽപത്നി നടന്നുതന്നെപോയാൾ 15

കരിഗാമിനി രാജ്ഞിയെ പ്രതോളി-
യ്ക്കരികിൽക്കൂടിയ കൂറെഴും ജനങ്ങൾ
വിരിയുന്ന വിലോചനം കുളുക്കം-
പരിവീക്ഷിച്ചു പറഞ്ഞു തമ്മിലേവം:— 16

"ഹരിയോംഹരി! തമ്പുരാട്ടി നമ്മെ-
പ്പരിപ്പാലിപ്പൊരു ദിവ്യ ശക്തിതാനോ
അരിയോരരചൻെറ പൂർവ്വപുണ്യം
ശരിയേ പെൺകൊടിയായ് പിറന്നതാണോ. 17

അലയാണറിവിന്നു, വിദ്യകൾക്കോ
നിലയം, നിർവൃതികൾക്കു കല്പവല്ലി,
ചലമാൻമിഴി ചന്ദ്രരശ്മി കണ്ണി-
ന്നു, ലകിന്നു ജ്വലമായ രത്നദീപം." 18

അതിവേഗമടുത്തു രണ്ടു വെള്ള-
ക്കുതിരക്കുററർ വഹിപ്പൊരസ്സൽ വണ്ടി
സതിമാരണി റാണിതൻ സമീപ-
ത്തതിൽ നിന്നേകനിറങ്ങി നിന്നു ചൊന്നാൻ:-(

"വടിവിൽ തിരുമുമ്പിലംബ! വെള്ളി-
ത്തടിയേന്തിക്കഴൽ കാത്തിടുന്ന ഭക്തൻ
അടിയൻ നൃപശാസനത്തെ രാജ്ഞീ-
മുടിമുത്തേ! വിടകൊള്ളുവാനണഞ്ഞു. 20

ഇതിലേറുക പൊന്നു തമ്പുരാനീ-
സ്ഥിതിയിൽ ദേവി നടപ്പതിഷ്ടമല്ല;
അതിസാഹസമീ പ്രവൃത്തിയെന്നും
പതികല്പിച്ചു പറഞ്ഞയച്ചിതെന്നെ." 21

"ഇതിനെന്തു നിമിത്തമേവമൊന്നും
പതിവില്ലാരറിയുന്നു രാജകാര്യം?"

ഇതിരാജ്ഞി നിനച്ചു പിന്നെ ലക്ഷ്മീ-
പതിയെക്കൂപ്പി യുറച്ചു വണ്ടി കേറാൻ. 22

പുകഴും കണവന്റെ കല്പനയ്ക്കാ-
പ്പികവാണീമണി മൌലി വണ്ടികേറി
പുകവണ്ടികനക്കു വണ്ടി ചിക്ക-
ന്നകലെപ്പോയ് പരമമ്പരന്നു ലോകം. 23

ഒരുകത്തഥ കണ്ടു വണ്ടിയിൽ താ-
നൊരുഭാഗത്തതെടുത്തു നോക്കിയപ്പോൾ
പെരുമാളുടെ യിഷ്ടപത്നി പെട്ട-
ന്നൊരുപൊട്ടക്കിണറിൽ പതിച്ചപോലായ്. 24

"നിലതെറ്റിയ ദുഷ്ടവൃത്തിയാൽ നീ
കുലവുംമാനവു മെന്നെയും കെടുത്തി;
കൊലമാപ്പുതരുന്നു ദുഷ്ട ശീലേ!
കുലടേ! നാടുകടത്തിടുന്നു നിന്നെ" 25

ഇതു മാതിരിയായിരുന്നു തൃക്ക-
ത്ത്, തുച്ഛം ദുർവ്വിധി യോഗമെന്തു ചൊല്ലാം!
പൊതുവിൽ പ്രജകൾക്കു നാഥയാമാ-
പ്പുതുതേൻ വാണിയനാഥയായ് ക്ഷണത്താൽ! 26

അകമേ നിറയുന്ന ദുഃഖവഹ്നി-
പ്പുകപോലാം നെടുവീർപ്പു വിട്ടുമേന്മേൽ
സകലാവയവങ്ങളും തളർന്നാ-
പ്പകലുർവ്വീശ്വരി വണ്ടിയിൽ കഴിച്ചു. 27

ശിവനേ! കടുകാനനത്തി ലൊററ-
സ്സവളെത്തേരു തെളിച്ചിരുന്ന ഭൃത്യർ
ജവമോടു മിറക്കി രാവിരുട്ട-
ത്തവനാഹന്ത! തിരിച്ചു വെച്ചടിച്ചു. 28

അവളാന്ന യശസ്സുവണ്ണമവ്വീ-
ധവനാക്കോപ രസത്തിലിട്ടു മുക്കി,
ശിവരാമ! നിറം കളഞ്ഞു; കാഷ്ണ്യം
വിവരംപോലെ യറിഞ്ഞിടാക്ക മൂലം!! 29

“പതിഹന്ത! കഠോര കാനനത്തിൽ-
ച്ചതിയെന്തോ കരുതി ത്യജിച്ചിതെന്നേ
അതിലില്ലഴലെൻ വിവാസനത്താൽ
ക്ഷിതിഭൃത്തത്ര കൃതാത്ഥനായി യെങ്കിൽ. 30

“പ്രിയമെൻ കരണ ത്തിനൊക്കയും നിർ-
ല്ലയമായ്ച്ചേപ്പൊരു കല്പവല്ലിതാൻ നീ”
മയമായി മയക്കി യേവമോതി-
പ്രിയനെന്നെ കടുവഞ്ചു കാഴ്ചവെച്ചു. 31

പതിയെബ്ബത ഞാൻ പഴിക്കയോ? സം
ഗതിയാരാ, ണറിയുന്നു കമ്മബന്ധം!
സതികൾക്ക സുഖാസുഖങ്ങളേകു-
ന്നതിനുള്ളീശ്വരനാത്മ വല്ലഭൻ താൻ. 32

ചിലരേഷണി വിത്തു നട്ടതിൻ ദു-
ഷ്ഫലമാവാമിതു; പാഴിലെൻറ ജന്മം,
ഉലകിൽപ്പതിദോഷ പാത്രമാകും
കുലനാരിക്കൊരു നന്മയെന്തു പിന്നെ? 33

ഹിതവൃത്തിയിൽ നിന്നൊരിക്കലും ഞാൻ
പതറീട്ടില്ല മനസ്സുകൊണ്ടു മെങ്കിൽ
നതപാലകമായ ഭർത്തൃപാദം
സതതം മേ തുണയായി നിന്നിടട്ടേ.” 34

കലിതധൃതി കരൾക്കാമ്പിലി മട്ടാച്ചും
വലിയ സതി വനംപൂക്കങ്ങുമിങ്ങും നടക്കേ
പുലി, കരടി, വരാഹം, സിംഹമീവർഗ്ഗമെല്ലാ-
മലിവൊടുതുണനിന്നു; സാധ്വിമാർക്കെന്തപായം ?

അരുവയർമണിയേവം ഭർത്തൃപാദത്തെ മാത്രം
കരുതിയുപവനത്തിൽ ക്രീഡയാടുന്ന മട്ടിൽ
ഒരുപടിമലകേറി ക്കാടനേകം കടന്ന-
ന്നൊരുപുഴയുടെ വക്കത്തെത്തിനാളൊട്ടുഷസ്സിൽ

ബ്രഹ്മാവിൻ കരകം പൊഴിച്ച ജലമേ!
കൃഷ്ണാംഘ്രി പത്മങ്ങൾ തൻ
നന്മാധ്വീരസമേ! മഹേശ്വര ജടാ-
പംക്തിക്കലങ്കാരമേ!
എന്മാപാപമൊഴിച്ച ജഹ്നുതനയേ!
നിയ്യെന്നെ രക്ഷിക്കുകെ-
ന്നമ്മാൻകണ്ണി നമസ്കരിച്ചു നദിയിൽ
ച്ചിക്കുന്നു ചാടീടിനാൾ. 37

MAR. 19 9

# പൂതനാമോക്ഷം

(മൂന്നാം സർഗ്ഗം.)

ഇരുട്ടി,ളന്തിങ്കൾ, നിലാവന,ങ്ങാ-
തിരുന്നിടും മിന്നു,ലുഡുക്കളിങ്ങിനെ
വരുന്നു യോജിച്ചതു നല്ല മോഹം
തരുന്നു പച്ചപ്പകലെന്തൊരത്ഭുതം. 1

ഒരംബുജത്തിൽ തിര, മത്സ്യ,മിന്ദു-
കരങ്ങൾ, പൌഴക്കൊടി, മുത്തു ദർപ്പണം
പരം വിളങ്ങുന്നു വിയത്തി,ലെന്താ-
ണൊരന്തമെന്നില്ലതിലുണ്ടു വണ്ടുകൾ. 2

ഇളക്കമററുള്ളൊരു മിന്നലിന്മേൽ
വിളങ്ങിടുന്നുണ്ടു സുമേരുരണ്ടിതാ
കളം കളിന്ദാത്മജ ഗംഗയൊത്തുൾ-
ക്കളം കുളുർത്തംബരസീമ്നിയത്ഭുതം. 3

ഇതെന്തിതത്യത്ഭുതമന്തികത്തി-
ലിതേവമല്ലല്ലൊരു നാരി ദൈവമേ!
ഇതേവരെക്കണ്ടറിയാത്ത മട്ടി-
ലിതെന്തിതെന്താകൃതി ദിവ്യമത്ഭുതം. 4

ഘനപ്രഭാ കുന്തള ബന്ധരമ്യ-
മനർഘ സൽകുണ്ഡലമണ്ഡിതം മുഖം
ജനങ്ങളഞ്ചുംപടി തൂകിടുംന-
ല്ലനംഗപൂർവ്വാർജ്ജിത പുണ്യസുസ്മിതം. 5

ചലായതാക്ഷങ്ങൾ മനോജ്ഞ ചന്ദ്ര-
കലാലലാടം ലളിതാളകാവൃതം
പലാശ സൂനാധരകാന്തി രാമാ-
ലലാമമാനന്ദ നിധാനഭാജനം. 6

വരുന്നിതോ ശങ്കരി? വാണിമാതോ?
വരുന്നിതോ താർമകൾ വിഷ്ണുമായയോ ?
വരുന്നറുന്തേൻമൊഴിയാരിതെന്ന-
മ്പരന്നു ഗോപാലകർ നോക്കിനിന്നുപോയ്. 7

ഗുണം തികഞ്ഞുള്ള നവീനഭൂഷാ-
ഗണം ധരിച്ചന്നരയന്നഗാമിനീ
ക്ഷണം പ്രവേശിച്ചിതു നന്ദഗേഹാ-
ങ്കണത്തിലത്യത്ഭുത വിഭ്രമത്തോടും. 8

കടന്നു കോലാപ്പുറമേറി,യപ്പോൾ-
പ്പിടഞ്ഞെഴുന്നേറ്റെതിരേറ്റു ഗോപികൾ
അടക്കമൊന്നൊന്നു ചിരിച്ചു നോക്കി
നടന്നു ഗോവിന്ദപദം തിരഞ്ഞവൾ. 9

കടക്കമീയാഴിയിലൂഴിതാഴാ-
നടക്കമന്നാളഖിലപ്രപഞ്ചവും
അടക്കിലുൾക്കൊള്ളുമൊരുണ്ണിതന്റെ
യടക്കലെപ്പൂതന ചെന്നുചേർന്നതേ. 10

ചിരന്തനം ചീരജടാധരന്മാർ
ചിരന്തപം ചെയ്തറിയുന്ന സാധനം

നിരന്തമഗ്ഗോകുല പുണ്യപൂരം
പരം തമസ്സാണ്ടവൾ കണ്ടു പൂതനാ. 11

ക്ഷിതിക്കകപ്പെട്ടുഴലോർത്തു ദുഷ്ടാ-
ഹതിക്കെഴും ചിൽപ്രഭനാം കിടാവിനെ
മൃതിക്കു നോൽമ്പിട്ടവൾ കണ്ടു ചാരം
പൊതിഞ്ഞിരിക്കും കനലെന്നമാതിരി. 12

അമേയമാം പൊന്നണിമെത്ത തന്നിൽ-
സ്സമേതമാം ബാലക നീലവിഗ്രഹം
സുമേരു ശൃംഗത്തിലെഴും കറുത്ത-
സുമേഘമൊത്തങ്ങിനെ കണ്ടു പൂതനാ. 13

കിടക്കയിൽ പോർമുലയുണ്ടുറങ്ങി-
ക്കിടക്കുമക്കൈതവ ഗോപബാലനെ
കടന്നെടുക്കുന്നതിനായുറച്ചു
കടന്നു മന്ദം കളവാണ്ട കാമിനീ. 14

പടം ചുരുക്കിത്തണൽപൂക്കുറങ്ങി-
ക്കിടക്കുമപ്പാമ്പൊരു വള്ളിയെന്നുടൻ
കടന്നെടുക്കാൻ കരുതുന്നമട്ടി-
യടക്കമില്ലാത്തവളോർത്തു സാഹസം. 15

തടിൽപ്രഭാ ഭാസുരഗാത്രി പിന്നെ-
ഞ്ഞൊടിച്ചുണർത്തിക്കവിൾ കൈത്തലത്തിനാൽ
പിടിച്ചിളക്കിച്ചില വാക്കു കൊഞ്ചി-
മടിച്ചിടാതേ മടിയിൽക്കരേറിനാൾ, 16

കിടത്തി കൈത്തണ്ടയിലുമ്മവെച്ചോ-
ന്നടക്കി മാറത്തവൾ പാടിമെല്ലവേ
ഇടയ്ക്കിടെയ്ക്കാട്ടിവിളിച്ചു വിശപ-
മടച്ചുകത്താക്കിടുമക്കിടാവിനെ. 17

വിളിച്ചുവാറുണ്ണിയുണർന്നു കൊഞ്ചി-
ക്കളിച്ചു കൈകാലു കുടഞ്ഞു മെല്ലവേ
പുളിച്ചകൺകൊണ്ടഥ നോക്കി കാലൻ-
വിളിച്ച കള്ളക്കമനീകളേബരം. 18

കളം കളം കണ്മണി ചിന്നുമാറു-
ള്ളിളംകളായപ്രഭമാം കളേബരം
കളങ്കമുൾക്കൊണ്ടവൾ കണ്ടുകണ്ടുൾ-
ക്കളം കുളുർത്തിങ്ങിനെയോർത്തു നിന്നുപോയ്. 19

കളായവർണ്ണൻ കളപത്മഗർഭ-
ദളായതാക്ഷൻ ദരസുസ്മിതാനനൻ
ഇളാതലാഹ്ളാദകനംഗഭംഗി-
കളാൽ വിളങ്ങുന്നിതു നന്ദനന്ദനൻ. 20

ചതിച്ചു കുഞ്ഞുങ്ങളെ നിഗ്രഹിക്കു-
ന്നതിന്നു വന്നെങ്കിലുമിക്കുമാരനെ,
മൃതിപ്പെടുത്താൻ മടി, പാണിപത്മ-
മതിൽക്കളിക്കുന്നു കളായ കോമളൻ. 21

തനിക്കുതാൻപോന്നവനായ കംസൻ
തനിക്കെഴും കല്പനവാങ്ങിവന്നു ഞാൻ,

ഇനി ക്ഷമിക്കുന്നതു ഭംഗിയല്ലി-
ന്നെനിക്കിവൻ സൌഖ്യദനെന്നിരിക്കിലും. 22

കിടാങ്ങളെത്തീനി, യിവന്നമോർത്തൾ-
ക്കടാനിശാടാംഗനയായ പൂതനാ;
പടാന്തരേ വിങ്ങി വിഷദ്രവാക്ത
ഘടാഭമാം പോർമുല ബാലനേകിനാൾ. 23

ഇടഞ്ഞു തമ്മിൽ കനകക്കുടം തോ-
ററടങ്ങുമപ്പോർമുലയുണ്ണുമുണ്ണി:യാ
വിടിന്നിടാത്താമരമൊട്ടു മുട്ടി-
ക്കടെക്കമിന്ദിന്ദിരധാടി തേടിനാൻ. 24

മടിച്ചടങ്ങാതൊരു കൊങ്കതപ്പി-
പ്പിടിച്ചു മറേറക്കളുർകൊങ്ക മാധവൻ
കുടിച്ചു മന്ദം മതിയാക്കിമോദം
നടിച്ചു താലോലമുരച്ചു കൊഞ്ചിനാൾ. 25

കുലക്കൊരുമ്പെട്ടവൾ തന്റെ ഗർവ്വം-
ന്നുലക്കുമാറുക്കൊട്ടുകൂടി ബാലകൻ
നിലക്കുനില്ക്കാതെ വലിച്ചശിച്ചാ
മുലക്കകത്തുള്ള പയസ്സൊടുക്കിനാൻ. 26

വലിച്ചു പോർകൊങ്ക കുടിച്ചു കോപം
ജ്വലിച്ചു പാലററളവക്കുമാരനിൽ
ചലിച്ചു ധൈര്യം തരുണിക്കു കണ്ണീ-
രൊലിച്ചു മെയ്യൊക്കെ നറുങ്ങിനുന്നുതേ. 27

പിടിച്ചിടാതുണ്ണിയെ വിട്ടു പററി-
പ്പിടിച്ചു പോർകൊങ്ക കുടിച്ചു മാധവൻ
ചൊടിച്ചു ദുഷ്ടാംഗന മൂക്കുപൊത്തി-
പ്പിടിച്ചു വിട്ടില്ല കുചങ്ങളപ്പൊഴും. 28

കടിച്ചു തൃക്കൈത്തളിർ തുത്തലക്കി-
ട്ടിടിച്ചു കാർവേണി വലിച്ചു ബാലനെ
പിടിച്ചു ഞെക്കിഗ്ഗളനാളമഞ്ചാ-
റടിച്ചു വിട്ടില്ല കുചങ്ങൾ പിന്നെയും. 29

തടിച്ചു രോഷത്തൊടു ചോരക്കുടി-
ക്കടിച്ചു ലോകോത്തരമായനായവൻ
അടിച്ചു മാറത്തഴലാണ്ടു പല്ലു
കടിച്ചു വാവിട്ടുപറഞ്ഞു പൂതനാ. 30

'ചുടുന്നു ദേഹം മനതാരിലെന്തോ
പെടുന്നു വല്ലായ്മകൾ മല്ലലോചനാ
കുടുങ്ങിഞാൻ ശ്വാസമടങ്ങി, വേഗം
വിടുന്നതായാൽ നിലകിട്ടുമോമനേ! 31

വിടൂ, വിയർക്കുന്നു ശരീരമെന്നെ
വിടൂ, കുടിസ്സൂറസ്സു കുചങ്ങളിങ്ങിനെ
വിടൂ, വിടൂ, മെയ്യുളരുന്നു വേഗം
വിടൂ, കഠോരാശയ! ദുഷ്ടബാലക! 32

കിടാങ്ങളെക്കൊല്ലുകയില്ല, യാണ-
യിടാം വിടൂ, ചില്ലറയല്ല സങ്കടം

വിടാതിരുന്നാൽക്കഥതീൻ ദേഹം
ഥിടാൻ കുതിയ്ക്കുന്നു മദീയജീവിതം. 83

വല്ലാതെയിന്നിവളെയിട്ടു വലച്ചിടൊല്ലേ
കൊല്ലാതെവിട്ടിടുക തെറ്റുകൾ ചെററിവണ്ണം
നില്ലാതെ ചെയ്തതു പൊറുക്കണമിന്നു നിന്നോ-
ടല്ലാതെയീനിലയിലാരൊടപേക്ഷ ചെയ്യും?" 84

കേണത്യന്തം ഞെളിഞ്ഞും രുജയതുസഹിയാ-
ഞ്ഞിട്ടു കൈകാൽ കുടഞ്ഞും
ക്ഷീണം വർദ്ധിച്ചുഴന്നും പരമൊരു നിലകി-
ട്ടാഞ്ഞു ദുഃഖിച്ചലഞ്ഞും
പ്രാണൻപോകുന്നതോർത്തീട്ടലമുറയിടുമ-
പ്പൂതനാക്കുള്ള പഞ്ച-
പ്രാണൻകൂടിക്കുടിച്ചു, മുലകുടിയവസാ-
നിച്ചു; ഭാരംകഴിച്ചു. 85

# സീമന്തിനീ.

(നാലാം സർഗ്ഗം.)

"ഇരിക്കാം, ഭവൽജ്ജന്മമിപ്പോൾ സനാഥീ-
കരിക്കുന്നതിങ്ങേതു രാജർഷിവംശം?
പരിഭ്രാന്തിയെന്തന്തരംഗത്തിൽ? വല്ലാ-
തിരിക്കുന്നു കാണുന്നു പൊ;ഴെന്തീവികാരം? 1

"ഇരുന്നാലുമെന്നിൽ ഭയംവേണ്ട; ലേശം
പരുങ്ങേണ്ട; വേണ്ടാ വിഷാദങ്ങളൊന്നും;
തരുന്നേനഭീഷ്ടം; ഭവാനേതൊരുത്തൻ
കരുത്തൻ വരുത്തുന്നു ചിന്താവകാശം"? 2

മനക്കാമ്പലിഞ്ഞേവമോതീട്ടെഴുന്നേ-
റ്റനർഘാശയൻ നാഗലോകൈകനാഥൻ
അനല്പാദരം കൈപിടിച്ചൊപ്പമദ്ധ്യാ-
സനത്തിങ്കൽ വാഴിച്ചു പിന്നെപ്പറഞ്ഞു. 3

"പുരത്തിങ്കൽനിന്നിങ്ങിറങ്ങാൻ വിശേഷാൽ
വരുത്തുന്ന കാര്യങ്ങളേതാനുമുണ്ടോ?
കരത്താരടിക്കാം; നടത്താം; തുറന്നോ-
ന്നുരയ്ക്കാമിവൻതോഴ! താങ്കൾക്കധീനൻ. 4

"വരാറില്ല ധാരാള മദ്ദിക്കിൽ നിന്നെൻ
സുരാകാര! പാതാളലോകത്തിലാരും
ദ്ദുരാപം മനുഷ്യർക്കിതോർത്തിട്ടെനിക്കെ-
ന്തൊരാനന്ദമിപ്പോൾ ഭവദ്ദർശനത്താൽ. 5

“പകപ്പുണ്ടു കണ്ടാലൊരുത്സാഹമില്ലി-
ന്നകത്താമരത്താരിലെന്തോ വിഷാദം
അകപ്പെട്ടതായിട്ടു തോന്നുന്നതിങ്ങോ-
ട്ടകസ്മാൽബ്ഭുജംഗങ്ങളെത്തിച്ചുവെന്നോ? 6

“ഒരിഷ്ടംനിനച്ചോ, പറഞ്ഞൊന്നുതെററി-
ധരിപ്പിച്ചുവെച്ചോ, ബലാൽക്കാരമായോ
ഹരിച്ചെങ്കിലിഷ്ടംപെടും പുത്രരെന്നാ-
യിരിക്കട്ടെ കാണാം ഭവാനെൻറവേഷം.” 7

പരം പാരടക്കം വിഴങ്ങാൻ കൃതാന്തൻ
തരംപാർത്തു നീട്ടുന്ന നാക്കൊത്ത ഖഡ്ഗം
ഉരച്ചേവമന്നബ്ഭുജംഗാധിനാഥൻ
കരംതന്നിലേന്തിക്കയർത്തൊന്നിളക്കി. 8

പരം പത്തിയൊപ്പം സഹസ്രംവിരുത്തീ-
ട്ടുരത്തേററു ചീററിപ്പതിന്നാലുപാരും
അരസ്സാൽക്ഷണംകൊണ്ടു കാളുംവിഷാഗ്നി-
ത്തിരക്കിൽക്കഴിപ്പാനൊരുങ്ങിക്കഴിഞ്ഞു. 9

വിളങ്ങുംഫണംതോറുമീരണ്ടു നാക്കി-
ട്ടിളക്കി ച്ചുടുംചുണ്ടിടസ്സൊക്കെനക്കി
പുളസ്സുമ്പൊളൂഴീശനൊന്നിച്ചുപോന്നോ-
രിളംപെണ്ണഗപ്പെങ്കിടാവേവമോതീ. 10

“ഒരാളും പിഴച്ചില്ല; കാളിന്ദിയാററിൽ-
ധരാനാഥനാപത്ഗർത്തത്തിൽ വീണു

നിരാലംബനായിട്ടു വീപ്പിട്ടു വെള്ളം
പുരാനേ! കുടിക്കുന്നതിഞങ്ങൾ കണ്ടു. 11

"കടുത്തുള്ള ചക്രച്ചുഴിക്കുള്ളിൽനിന്നി-
ങ്ങെടുത്തീമഹാനെപ്പതുക്കെപ്പതുക്കെ
കുടുങ്ങാതെ രക്ഷിച്ചുകൊണ്ടിങ്ങുപോന്നീ-
ട്ടൊടുക്കം പ്രഭോ! ഞങ്ങൾ തൃക്കാക്കലാക്കി. 12

"ക്ഷമിക്കേണമിപ്പോൾ; ഭവൽക്കോപമെല്ലാം
ശമിക്കേണമല്ലെങ്കിലെന്താണൊരന്തം?
നമിക്കുന്നു പാപങ്ങൾ, പേടിച്ചു ജീവൻ
ഗമിക്കാൻതുടങ്ങുന്നു; നേരാണിതെല്ലാം." 13

ഫണിക്കുട്ടിമാർകണ്ണിമാരേവമോതി-
പ്പണിപ്പെട്ടു തൃക്കാക്കൽ വീഴുന്നനേരം
ഗണിക്കാവതല്ലാത്തൊരാനന്ദമാന്നാ-
ഗ്ഗുണിശ്രേഷ്ഠനാം നാഗരാജാവുരച്ചു. 14

"നടന്നുള്ളതെല്ലാ മിതിൻവണ്ണമെന്നാ-
ലടങ്ങാം; കിടാങ്ങൾക്കു നന്നായ്വരട്ടെ!"
ഉടൻ വീണുകുപ്പീട്ടെഴുന്നേറ്റു മന്ദം
നടന്നീടിനാർ നാഗനാരീജനങ്ങൾ. 15

കുറഞ്ഞു വികല്പങ്ങളാനന്ദമേററം
നിറഞ്ഞു ഫണീന്ദ്രന്റെയുൾക്കാമ്പറിഞ്ഞു
ഉറപ്പോടുകൂടിട്ടിളംനാഥനപ്പോൾ
പ്പറഞ്ഞു സമാധാനമോരോന്നിവണ്ണം. 16

"മഹാരാജ! ഭാഗ്യം, മഹാഭാഗ്യ,മിന്നീ
മഹാദിവ്യലോകം പ്രവേശിച്ചകാൎയ്യം
മഹാദേവദേവൻെറ കാരുണ്യമൊന്നേ
സഹായം പ്രപഞ്ചത്തിലോൎക്കമ്പൊഴാൎക്കും. 17

കിനാവിങ്കലും കൂടിയെത്താത്ത ലോക-
ത്തനായാസമെത്തി,ബ്ഭവൽപ്രീതിനേടി;
മനാക്കൊന്നുമല്ലെൻെറ പുണ്യം; സുഖംസ-
ജ്ജനാവാപ്തിയൊന്നിങ്കലെന്നാപ്തവാക്യം. 18

"ഫണിക്കോപ്പു ചാൎത്തുന്ന ദേവൻെറ ചൂഡാ-
മണിക്കുള്ളവംശത്തിലാണെൻെറ ജന്മം
ഗണിച്ചാലൊടുങ്ങാതെയൂഴീശർപാദം
പണിഞ്ഞീടുവോനെൻ പിതാവിന്ദ്രസേനൻ. 19

"മുദാ താതപാദൻെറ ചൊൽക്കീഴടങ്ങി-
സ്സദാനേരമക്ഷോണി രക്ഷിച്ചിരിപ്പോൻ
സദാരൻ മഹാരാജ! ഞാനോൎക്ക ചന്ദ്രാം-
ഗദാഖ്യൻ വിഭോ! വൈരസേനിക്കു പൌത്രൻ.

"എനിക്കുണ്ടു പെററമ്മ, ഞാൻ വേട്ട സീമ-
ന്തിനിക്കച്ഛനച്ചിത്രവൎമ്മക്ഷിതീശൻ
ജനിച്ചില്ല സന്താനമെൻതാമരാക്ഷി-
ക്കിനിക്കേൾക്ക ഞാനീനിലക്കായകാൎയ്യം. 21

"കരിമ്പംകലന്നിട്ടു ഞാൻ കൂട്ടർകൂടി-
ട്ടൊരിക്കൽപ്പുറപ്പെട്ടു കാളിന്ദിയാററിൽ

തെരിക്കെന്നൊരോടംകളിപ്പാൻ മഴക്കാ-
റ്റൊരിമ്മിക്കമില്ലാത്തനാളാത്തമോദം. 22

"ചൊരിഞ്ഞു മഹാമാരി, കാറ്റൂതിയോടും
ചെരിഞ്ഞു്, പിടിച്ചിട്ടു നിന്നില്ല മുങ്ങീ
പിരിഞ്ഞു തുണക്കാർ; കിടന്നേറെ നട്ടം-
തിരിഞ്ഞു പരം ഞാൻ പൊട്ടുക്കെന്നുതാന്തു. 23

"അതിൽപ്പിന്നെയുണ്ടായതെല്ലാം ഭവാൻ കേ-
ട്ടതിൻവണ്ണമെന്നൊന്നുമാത്രം കഥിക്കാം
മൃതിപ്പെട്ട ഞാൻ പിമ്പു ജീവിച്ചകാര്യം
മതിത്തെല്ലുചൂഡുന്നവൻതൻ മഹത്വം. 24

"ഇതേവംനടന്നെന്നുവെക്കേണ്ട പാർത്താൽ
സ്വതേജസ്സുകൊണ്ടിപ്രപഞ്ചം സമസ്തം
സ്വതേതന്നെയുണ്ടാക്കി രക്ഷിച്ചഴിക്കു-
ന്നതേ ശംഭുമദ്ദൈവമദ്ദേഹമത്രേ." 25

സ്വലോകത്തെ വിട്ടോരു വൃത്താന്തമോതും
ഖലോന്മാഥിയാം കാശ്യപീശന്റെ ഗാത്രം
വിലോകിച്ചിതാപാദചൂഡം പതുക്കെ-
ത്തലോടിത്തലോടിപ്പറഞ്ഞു ഫണീന്ദ്രൻ. 26

"കളങ്കങ്ങളുള്ളക്കലിപ്രാഭവം വ-
ന്നിളക്കാതെയക്ഷോണി രക്ഷിച്ചിരുന്നോൻ
നളക്ഷോണിപാലൻ പിറന്നുള്ള വംശേ
വിളങ്ങുന്നുവല്ലോ ഭവാൻ ഭാഗ്യശാലി. 27

"വരാനില്ല കാൎയ്യാതിപാതങ്ങളെന്നാൽ
ധരാനാഥ! നിത്യം ഭവാനൊത്തിരിപ്പാൻ
കരാകാംക്ഷയുണ്ടേ,വമല്ലെങ്കിലോതാ-
മൊരാണ്ടെങ്കിലുംപാൎത്തു പിന്നെഗ്ഗമിക്കാം. 28

"ഭവാനീശപുഷ്യൽകൃപാജഹ്നുകന്യാ-
പ്രവാഹാവഗാഹപ്രധൌതാന്തരംഗൻ
ഭവാൻതാൻ; മഹാഭാഗ്യമിയ്യുള്ളവൎക്കി
തവാവാപ്തിയോൎത്താം; ലതാണിത്രമോഹം." 29

"ശിവാംഗത്തിലാപീഡ,മെന്നല്ല ദിവ്യൻ
ഭവാൻ, ഞാൻ മനുഷ്യൻ, സ്ഥലം ദിവ്യലോകം
നിവാസം രസം, പക്ഷെയൊന്നാണിവൻതൻ
പ്രവാസം സഹിക്കില്ല ബന്ധുക്കളാരും. 30

"മകൻ തൻ പിരാവമ്മ ബന്ധുക്കളെന്നീ
വകക്കാൎക്ക തമ്മിൽപ്പിണഞ്ഞുള്ള ബന്ധം
അകന്നാലബദ്ധംവരാ,മിനിവക്കി-
ന്നകപ്പെട്ടിരിക്കാമവൎക്കും കുഴക്കം. 31

"എനിക്കോ സുഖംതന്നെ; ഞാൻ വേട്ട സീമ-
ന്തിനിക്കോ ചെറുപ്പത്തിൽ വൈധവ്യദുഃഖം
ഇനിക്കേൾക്കവൾക്കുററവൎക്കൊക്കയാധി-
പ്പനിക്കോളിളക്കം നിലയ്ക്കാൻ ഞെരുക്കം. 32

"ഭരിക്കുന്നു ഞാനെൻെറ പൈതങ്ങളെപ്പോ-
ലിരിക്കുന്നൊരാനാട്ടുകാരേവരേയും

അരിഷ്ടിക്കുമക്കുളട്ടരൊക്കെ പ്രഭോ ഞാൻ
തെരിക്കെന്നു ചെല്ലാതിരിക്കുന്നപക്ഷം." 33

ഇതിൻവണ്ണമോതുന്ന ഭൂപാലനെപ്പാ-
ത്തതിപ്രീതനായി ഫണീന്ദ്രൻ പറഞ്ഞു
"ശ്രുതിപ്പെട്ടൊരങ്ങുക്കു ചെല്ലാതിരിക്കു-
ന്നതിന്മൂലമുണ്ടാമവർക്കാകുലക്കം 34

"ഭവാനുള്ളൊരാത്താത മാതാക്കളേയും
വിവാഹംകഴിച്ചുള്ള ദാരങ്ങളേയും
ദിവാനക്തമങ്ങുററ ബന്ധുക്കളേയും
ഭവാനീ വരൻതന്നെ രക്ഷിച്ചുകൊള്ളും 35

"ഇരിക്കട്ടെയിന്നത്രപാർത്തിട്ടു നാളെ-
ത്തിരിക്കാം, മയക്കാം സഹായത്തിനാളെ
തെരിക്കെന്നു ചെല്ലാമെളുപ്പം വഴിക്കാ-
യിരിക്കും, സമാധാനമായിട്ടിരിക്കു. 36

"ഇറങ്ങാം പുറത്തേക്കുസാരം നടക്കാം
കുറച്ചൊക്കനോക്കീട്ടുരം ചുററിനോക്കാം"
പറഞ്ഞേവമൊന്നിച്ചെഴുന്നേററു മെല്ലെ-
പ്പുറപ്പെട്ടു ലാത്താൻ നരാധീശപരന്മാർ. 37

"മനസ്സമ്പരക്കുന്നു ഭോഗീന്ദ്ര! നേരി-
ട്ടനന്താഭമെത്തുന്നതെന്തീപ്പദാർത്ഥം
അനങ്ങുമ്പൊളാകെ ജ്വലിക്കുന്നു ചുററും
കനൽക്കട്ട പൊട്ടിത്തെറിക്കുന്നമട്ടിൽ. 38

"മഹാശ്ചര്യ്യ!മാശ്ചര്യ്യ!മാശ്ചര്യ്യ!മോൎത്താൽ
മഹാമേരുതുല്യം സമസ്തം സുവൎണ്ണം
മഹാൎഘങ്ങൾ രത്നങ്ങൾ മിന്നുന്നു ചുറ്റും"
മഹാരാജ! കാൺകീവിമാനം മദീയം. 39

"ജലഭ്രാന്തി, വഷാതപഭ്രാന്തി, ദിവ്യ-
സ്ഥലഭ്രാന്തി, സൂൎയ്യേന്ദുതാരാഗണത്താൽ
ജ്വലത്താം വിയൽഭ്രാന്തി,യെന്നേവമുണ്ടാം
ചലത്താംവിമാനം പ്രവേശിക്കിലാൎക്കും. 40

"സ്ഫുരിക്കും ജഗത്തിൽ ചരിക്കുന്നതായും
ചരിക്കാത്തതായും പെടും വസ്തുവെല്ലാം
ശരിക്കുണ്ടിതിങ്കൽക്കളുക്കല്ലിനാൽ തീ-
ൎത്തിരിക്കുന്നതായിട്ടിതോൎത്താൽ വിചിത്രം. 41

"നടക്കും പതിന്നാലുലോകത്തിലും താ-
നടങ്ങാ വിരിഞ്ചാണ്ഡഭാണ്ഡത്തിലെങ്ങും
കടക്കും ജഗത്തുള്ളി,ലാരും നമിക്കും
കടൽപ്പെൺമണാളൻ കനക്കീവിമാനം. 42

"മയൻ തീൎത്തതാണീ മഹത്താം വിമാനം
ജയത്തിന്നധിഷ്ഠാനമാനന്ദരംഗം
മയത്തിൽക്കരേറാം കരം ഞാൻപിടിക്കാം
ഭയംവേണ്ട നമ്മൾക്കിതിൽക്കേറി ലാത്താം." 43

അമാന്തിച്ചിടാതേറി രണ്ടാളു മന്നാ-
വിമാനംനടന്നു പതുക്കെപ്പതുക്കെ

ശ്രമമാപേതമപ്പോൾ പുരപ്രാഭവത്തെ
ക്ഷമാനാഥനോരോന്നു കാണ്മാൻതുടങ്ങി. 44

മറയ്ക്കുള്ള സിദ്ധാന്തമോതീട്ടു മായാ-
മറശ്ശീലറീക്കിജ്ജനങ്ങൾക്കു നിത്യം
ഉറപ്പുള്ളിനേകം മഹാന്മാരിരിക്കും
നിറംചേർന്ന വിദ്യാനികേതങ്ങൾ കണ്ടു. 45

വിഹംഗങ്ങൾ, വേദങ്ങൾ, ശാസ്ത്രങ്ങളെല്ലാം-
മഹങ്കാരഹീനം പഠിപ്പിച്ചിടുന്നു
അഹം തത്വബോധം മരങ്ങൾക്കുമുണ്ടി-
മഹത്താംപ്രദേശത്തും നിന്നുകണ്ടു. 46

അതിന്നൊട്ടടുത്തീശ സംസേവ ചെയ്യു-
ന്നതിന്നുള്ള രത്നോല്ലസദ്ദിവ്യഗേഹം
സ്തുതിക്കും മറച്ചൊല്ലുകൊണ്ടാകമാനം
ശ്രുതിപ്പെട്ടതാണാപ്പുരം ചെന്നുകണ്ടു. 47

വരുന്നോർക്കശേഷം മനസ്സിന്നരിഷ്ടം
വരുത്താതെ മൃഷ്ടാന്നമേകുന്നതിന്നായ്
ഒരുക്കീട്ടനേകം ജനം കാത്തുനില്ക്കു-
ന്നൊരുത്തുംഗസത്രം വിളങ്ങുന്നകണ്ടു. 48

കിളിക്കൊഞ്ചലിന്ദിന്ദിരാരാവമാടി-
കളിക്കുന്ന കൽപ്പദ്രുവല്ലീകദംബം
തളിർത്തുള്ള വൃക്ഷങ്ങളീമട്ടിലെങ്ങും
വിളിപ്പെട്ടെഴുന്നാക്കളിത്തോപ്പു കണ്ടു. 49

ഇതിൽത്തന്നെ സൎവ്വജ്ഞകൾക്കും നിവാസം
ൎത്തിപ്രാണനാഥന്റെ സമ്പത്തുകൾക്കും
ശ്രുതിപ്പെട്ട നാഗാംഗനാജാലമൊന്നി-
ച്ചിതിന്നുള്ളിൽവാഴുന്നു വെൺതിണ്ണതോറും. 50

ഹൃദന്തം ലയിയ്ക്കുംപടിയ്ക്കുള്ള വീണാ-
മൃദംഗപ്രയോഗങ്ങൾ കൂത്താട്ടമാട്ടം
പദംചൊല്ലിയാട്ടം, വെറുംപാട്ടുമോദ-
പ്രദംതന്നെ പൂങ്കാവു പൂമങ്കയാൾക്കും. 51

സ്ഫുടം കൊഞ്ചലാകും ധനം മൂല്യമായി-
ട്ടുടൻ വേണ്ടതേകുന്നു ലോകൎക്കശേഷം
മുടങ്ങാതെ ചിന്താമണിപ്രഖ്യരത്നം
നടത്തുന്ന കച്ചോടമന്നത്രകണ്ടു. 52

പരക്കെ, ക്കറക്കുന്നവൎക്കുള്ളഭീഷ്ടം
ചുരത്തും കിടാങ്ങൾക്കുകൂടിക്കറക്കാം
തരംതന്നെയക്കാമധേനുക്കൾ മേയും
നിരപ്പുള്ള മേച്ചിൽപുറം ചെന്നുകണ്ടു. 53

കരിങ്കല്ലുകൊണ്ടുള്ള തൂണിന്റെനേരെ
തിരിഞ്ഞിട്ടുകത്തി പ്രതാപാഗ്നികാട്ടി
ഭരിക്കുന്നവൎക്കും ഭയംതോന്നുമാറാ-
ക്കരിക്കുള്ളററർവാഴും മതിൽക്കെട്ടുകണ്ടു. 54

ഉരത്തോററുത്തുള്ളിപ്പുരം വാലിളക്കി-
[illegible] യാപ്പും കതിസ്ഥാനൊരുങ്ങി

MUL
050813

തരംപാർത്തു ഹുങ്കാരമാന്നുള്ള വെള്ള-
ത്തുരംഗങ്ങൾ നില്ക്കുന്ന ലായങ്ങൾ കണ്ടു. 55

തിരിഞ്ഞിട്ടൊരുത്തൂതി ലോകങ്ങൾ ഭസ്മീ-
കരിക്കുന്ന സർപ്പങ്ങൾ കോപ്പിട്ടൊരുങ്ങീ
ശരിക്കൊത്തുവാളൂരിയ്യുക്കോട്ടക്കൂടീ-
ട്ടിരിക്കും നിരന്നുള്ള ധാമങ്ങൾ കണ്ടു. 56

നിരന്നുല്ലസിക്കും സുമത്തിൻമരന്ദം
മുരണ്ടുണ്ടുമണ്ടുന്ന ഭൃംഗംമരാളം
തരംപോലിണങ്ങിക്കളിക്കും തടാകം
കരസ്ഥാന്നിളംതെന്നലേറ്റാറു കണ്ടു. 57

ഇതിന്നപ്പുറത്താണു വിദ്യാലയം; ന-
ല്ലതിൻവണ്ണമന്നാപ്പുരത്തിന്നു ചുറ്റും
പതിഞ്ഞുള്ള കണ്ണിന്റെ പുണ്യം വിചാരി-
ച്ചതിപ്രീതനായി ക്ഷിതിപ്രാണനാഥൻ. 58

പുരത്തിന്നു ചുറ്റും ചരിച്ചിട്ടു വൻഗോ-
പുരംപുക്കുനിൽക്കും വിമാനത്തിൽനിന്ന്
കരംകോർത്തു തമ്മിൽപ്പിടിച്ചങ്ങിറങ്ങീ
നരശ്രേഷ്ഠനും സർപ്പരാജാവുമൊപ്പം. 59

ഇളാനാഥനെക്കൊണ്ടു ചെന്നന്നു ദിവ്യ-
ങ്ങളായുള്ള ഭോജ്യാന്നപാനങ്ങളെല്ലാം
കളാലാപപൂർവ്വം കൊടുത്തൊട്ടിരുന്നുൾ-
ക്കളാനന്ദമോടേ കിടക്കാനയച്ചു 60

ഘൃണംകൂട്ടമത്തക്ഷകൻതാൻ പുലച്ചേ-
ക്കണന്നേററഭ്രപന്നരത്നങ്ങളോടും
പണം കോടിവാരിക്കൊടുത്തു തരിമ്പും
പിണങ്ങാത്ത വെള്ളത്തുരംഗത്തിനേയും. 61

പണക്കെട്ടെടുത്തിട്ടു കൂടെഗ്ഗമിപ്പാൻ
ക്ഷണംതാനൊരാത്രക്കുള്ള രക്ഷസ്സിനേയും
തുണസ്സായൊരുഗ്രകൃഷ്ണസർപ്പത്തിനേയും
കണക്കററമോദാൽ നിയോഗിച്ചുപിന്നെ. 62

"ഒരാവശ്യമായിട്ടു നമ്മെസ്മരിച്ചാൽ
വരാം ഞാൻ, ഭവാൻചെന്നു ഭൂമണ്ഡലത്തിൽ
വരാനന്ദമുൾക്കൊണ്ടിരുന്നാലു"മെന്നാ-
ധരാനാഥനെച്ചൊല്ലി മാനിച്ചയച്ചു. 63

നടന്നുള്ള വൃത്താന്തമോർത്താർത്തു മോദ-
ക്കടൽക്കുള്ളിൽ മുങ്ങിക്കുളിക്കും നൃപാലൻ
നടക്കുക്കക്കൂടും തുരംഗത്തിലേറി-
ട്ടുടൻതന്നെ കാളിന്ദിവക്കത്തിറങ്ങി. 64

ക്ഷണംകൊണ്ടുതജ്ജന്മഭൂവിങ്കലമ്പോ-
ടണഞ്ഞോരിളാനാഥനീവണ്ണമോതി
പണക്കെട്ടെടുക്കുന്ന രക്ഷസ്സിനോടും
തുണക്കാരനാം ബാലസർപ്പത്തിനോടും. 65

"കുറച്ചാശ്വസിച്ചിട്ടു വേണ്ടുന്നതെല്ലാ-
മുറയ്ക്കാം; ഭവാന്മാർക്കെഴും ദിവ്യരൂപം
മറയ്ക്കിൻ, മനുഷ്യസ്വരൂപം ധരിക്കിൻ;
മുറക്കേവമല്ലേ തരം? നിങ്ങളോർക്കിൻ." 66

മനുഷ്യസ്വരൂപം ധരിച്ചാമഹാന്മാർ
ധനുർവ്വേദവിത്തിൻെറ ചൊൽക്കീഴടങ്ങി
തനുക്ഷീണമാറാൻ കുറച്ചങ്ങിരുന്നാ-
രനുസ്യൂതമൂതുന്ന കാറേററു പിന്നെ. 67

ആളിത്തഴെക്കു മഴലാലെരിവെയ്‌ലിലിട്ട
താളിൻെറമാതിരി തളൎന്നൊരു താമരാക്ഷി
ആളിവ്രജത്തൊടൊരുമിച്ചു വരുന്നതപ്പോൾ
കാളിന്ദിവക്കിലെഴുമന്നൃപമൌലികണ്ടു. 68

ഹാ! ധൎമ്മശീലയിവളേതൊരു വിഹ്വലാംഗി
വൈധവ്യമാലൊരുടൽപൂണ്ടു വരുന്നതാണോ?
വേധസ്സിവണ്ണമൊരു ദുർദ്ദശ ദിവ്യനാരി
സാധൎമ്മ്യമൊത്തിടുമിവൾക്കു പിണച്ചുവെന്നോ? 69

"മെയ്യോലപ്പൊളിപോലെയെന്തൊരു വിള-
പ്പാവൂ! ചടപ്പേറെയു-
ണ്ടയ്യോ! ഭൂഷകളില്ല; യില്ല തിരുമം-
ഗല്യത്തഴത്താലിയും
കയ്യാരോ സഖിമാർപിടിച്ചു മുടിയും
കെട്ടാതെ വന്നെത്തിടു-
ന്നിയ്യോമന്നടവാരിലെന്നുടെ മനം
ചെല്ലുന്നതെന്താണഹോ! 70

"അല്ലാ! കണ്ണിളകുന്നു, കൈവലതു,മാ
ഭാഗത്തെയംഗങ്ങളി-
ന്നെല്ലാമുണ്ടിളകുന്നു ഹന്ത! ഹൃദയം
പാരം തുടിക്കുന്നു മേ.

നല്ലാർഭൂഷണമൊട്ടടുത്തു, മുഖമി-
യശ്രുക്കളാൽ മിശ്രമാം-
സ്വല്ലാതിങ്ങിനെ കാൺകിലും പരിചയം
തോന്നുന്നു മന്മാനസേ. 71

"ഉല്ലാസാൽ ഗ്ഗഗനത്തിലേററമഴകായ്
ചുററുന്നു കൃഷ്ണപ്പരു-
ന്തെല്ലാം മംഗളസൂചകം കുളുർമയിർ
ക്കൊള്ളുന്നു മെയ്യൊക്കെയും
അല്ലാ! തോഴികളിൽപ്പരം പരിചയം
തോന്നുന്നു നല്ലാർമുടി-
ക്കല്ലാമീയിവളെൻെറ പൂർവ്വസുകൃത-
ക്കാമ്പായ പെൺപൈതൽതാൻ. 72

"മാലേവം പേക്കിനാവാണയി സുദതി! വരൻ
വന്നിരിക്കുന്നു"വെന്നി-
ക്കാലേ ഞാൻ ചെന്നു കേൾപ്പിച്ചവളുടെയഴൽതീ-
ർത്താശ്വസിപ്പിച്ചു വീണ്ടും
ചാലേ മംഗല്യസൂത്രം ഗളമതിലണിയി-
ച്ചിടുവാൻ താമസംവെ-
ന്നാലേററം കഷ്ടമാ"മെന്നരുളി നൃപനുടൻ
തന്വിതൻ മുന്നിലെത്തി. 73

# സീമന്തിനി

## (അഞ്ചാം സർഗ്ഗം.)

---

പ്രേമംതികഞ്ഞ കണവൻ മൃതനായി കഷ്ടം
സീമന്തിനിക്കു ശിവനേ! ചെറുതാലിപോയി
സാമർത്ഥ്യമെങ്ങു? വിധിവൈഭവമെങ്ങു? പൂർണ്ണ-
കാമൻ ജഗൽഗുരുവിനാരെതിരാളിയുള്ളു. 1

ഹാ! ധിക്കിവൾക്കനുദിനം വിധവാ വിഷാർത്തി
ബാധിക്കിലും വിഷധരസ്മൃതികൊണ്ടുതന്നെ
സാധിച്ചുപോന്നു നിജ ജീവിത;മാകൃതിക്കീ-
യാധിത്തിളപ്പു പല വൈകൃതവും വരുത്തി. 2

പണ്ടാപ്രശസ്തകുലതാപസി ചൊല്ലിവെച്ചി-
ട്ടുണ്ടായിരുന്ന ശശിവാരശുഭവ്രതത്തിൽ
ഉണ്ടായവൾക്കു ബഹുനിഷ്ഠ, ഫലം മറിച്ചാ-
ണുണ്ടായതെങ്കിലു,മതാണറിവിന്റെസാരം. 3

ധർമ്മാനുസാരിണി പിറന്ന ഗൃഹത്തി“ലെന്റെ
കർമ്മാവശേഷഫല”മെന്നു നിനച്ചുവാണാൾ
ശർമ്മാഭികാംക്ഷി മകളിൽ പ്രിയമുള്ള ചിത്ര-
വർമ്മാവനീന്ദ്രനുടെ സങ്കടമെന്തുരപ്പൂ. 4

ഉണ്ടായതിസ്ഥിതിമുതൽക്കൊരരിഷ്ടമേതു-
മുണ്ടായിടാതെ പരിരക്ഷകൾചെയ്തു നിത്യം
കൊണ്ടാടുമമ്മകളെച്ചെറുതാലിപോയി-
ക്കണ്ടാണിരിപ്പതിതിലപ്പുറമെന്തുവേണ്ടു! 5

സേവക്കനിന്നു സഖിമാരൊരുപാട്ടരച്ചാ-
ലാവശ്യമുള്ള ദിനചര്യകളൊട്ടുചെയ്യും
ഏവം നയിച്ച ദിവസങ്ങൾ യുഗങ്ങൾപോലെ
"ദൈവം സഹായമിനി"യെന്നവൾ മൂന്നുകൊല്ലം. 6

ചാരത്തെഴും സഖികൾ താങ്ങിനടന്നു സോമ-
വാരവ്രതത്തിന്നു കുളിപ്പതിനായൊരിക്കൽ
മാരപ്രമാഥിയെ നിനച്ചു കളിന്ദകന്യാ-
തീരത്തിലെത്തി, നെടുവീർപ്പൊട്ടനിന്നുപോയി. 7

പൊട്ടിത്തരിച്ചു കുളുർമേനി,യിടത്തുഭാഗം
ഞെട്ടിത്തെറിച്ചിളകി,യാളികൾ വിസ്മയിച്ചാർ
"കുട്ടിക്കിതെന്തുകഥ"യെന്നവർതമ്മിലുള്ളിൽ
ത്തട്ടിക്കനത്തകുതുകത്തൊടുനോക്കിയൊപ്പം. 8

"എന്താണിതെന്നൊരു" പരിഭ്രമമോടുചുറ്റും
വെന്താളിടുന്ന മനമോടവർ നോക്കിനില്ക്കേ
ഹന്താധികം ധൃതിയൊടേകനടുത്തുചെന്നു
ചെന്താമരപ്രസവസായകസന്നിഭാഭൻ. 9

ആകമ്രകാന്തികലരുന്ന നൃപേന്ദുനാഗ-
ലോകപ്രശസ്തസുഷമാവൊടുമുജ്ജ്വലിക്കേ
ഹാ! കണ്ടനേരമവരാരുമറിഞ്ഞതില്ലി-
പ്പാകത്തിലായി, നൃപനീനിലകണ്ടറിഞ്ഞു. 10

"സന്തപ്തയാകുമിവളും സഖിമാരുമിപ്പോ-
ളെന്തുക്രമം കരളിലെന്നെയറിഞ്ഞതില്ല

അന്തർഗ്ഗതങ്ങളറിയാം പറയാമുപായം”
സ്വാന്തത്തിലിങ്ങിനെ നിനച്ചു നൃപൻ കഥിച്ചു. 11

“വല്ലാതിളന്തനു വിളർത്തു ചടച്ചു കാന്ത-
നില്ലാത്ത കാർകുഴലിമാരുടെ മട്ടിലേവം
നല്ലാർമണേ! മലിനമായൊരു വേഷമെന്താ-
ണെല്ലാംനിനക്കു വിധവേ! ശുഭമാസ്വരട്ടെ. 12

നീലാരവിന്ദമിഴി! നീ നെടുവീർപ്പിടാസ്സു
മാലാകെനീക്കുവനഹം കരയാതിരിക്കു
മേലാലനാമയമയേ! ഹൃദി സംശയങ്ങൾ
മേലാം, വിശേഷമഖിലം വിവരിച്ചുരക്കു. 13

നേരിട്ടുനോക്കിടുക കണ്ണണിനീർത്തുടക്ക
താരിട്ട വാട്ടമുടലിങ്ങനെയാക്കിയെല്ലോ
ആരിഷ്ടവല്ലഭനയേ! വിരഹാർത്തിയേവം
നേരിട്ടതെങ്ങിനെയതാണറിവാൻതിടുക്കം. 14

കേട്ടാൽ കൃതാന്തപുരിപൂകിലുമാമഹാനാം
വേട്ടാളെ ഞാൻ സുമുഖി! കൊണ്ടുവരാമുടൻതാൻ”
കാട്ടാനയാന ചിലതോതിടുകെന്ന നാട്യം
കാട്ടാൻതുടങ്ങി നൃപനിത്ഥ്യമോതിനില്ക്കെ. 15

ഉണ്ടായവസ്തുത പറഞ്ഞിടുവാൻ മനസ്സു-
കൊണ്ടാഞ്ഞു തൊണ്ടവിറകൊണ്ടതു നിന്നുപോയി
മിണ്ടാതെനിന്നു നെടുവീർപ്പോടു കൺനിറച്ചും
കൊണ്ടാളിമാരെയരുതാഞ്ഞവളൊന്നുനോക്കി. 16

അന്നേരമാത്മസഖിമാരിലൊരുത്തി മുമ്പിൽ
വന്നേററവും വിനയഭക്തികളോടുകൂടി
ഒന്നേണനേർമിഴിയെനോക്കി, നൃപാലനോടാ-
യന്നേവമോതി നെടുവീർപ്പൊടു മന്ദമന്ദം. 17

"ഇല്ലേതുമേ തിരുമനസ്സിലറിഞ്ഞിടാതെ
ചൊല്ലേണ്ടതായ വിവരം ഭുവനത്രയത്തിൽ
കില്ലേതുമില്ല; പുനരെങ്കിലുമോതുകെന്നാ-
യല്ലേ നിയോഗ,മതിനാൽ ചിലതോതിടുന്നേൻ. 18

നിർമ്മലതരത്തൊടിളകാത്തു വരുന്ന ചിത്ര-
വർമ്മക്ഷിതീന്ദ്രനുടെ കണ്മണിയിക്കുമാരി
ധർമ്മജ്ഞനാം ക്ഷിതിപനുൾപ്രിയമാന്നു ജാത-
കർമ്മംമുതൽക്കിവളെയെങ്ങിനെയോവളർത്തി. 19

ചന്ദ്രാന്വയപ്രഥിതകല്പകവൃക്ഷകല്പൻ
ചന്ദ്രാംഗദൻ മഥിതമന്മഥ കാന്തികാന്തൻ
ഇന്ദ്രാധികപ്രഭവനാം ക്ഷിതി ചക്രശക്ര-
നിന്ദ്രാണി ഞങ്ങളുടെയീസ്സഖി ദിവ്യമൂർത്തേ! 20

വേളിക്കുശേഷമനുരാഗമിയന്നിരുന്നു
മേളിച്ചു, കാലഗതി ഭൂപനിടക്കൊരിക്കൽ.
കാളിന്ദിയിൽ സരസമോടികളിച്ചു; കാന്ത-
സ്സാളിത്തഴസ്സു മഴലിങ്ങിനെയാസ്സുലാശം. 21

കുന്നിച്ചുണങ്ങെത്തൊരഴലിങ്ങിനെ മൂന്നുകൊല്ലം
ചെന്നിട്ടുമില്ല കുറവേറിവരുന്നു നിത്യം

ഇന്നിന്ദുവാരമുപവാസമിവൾക്കു ഞങ്ങ-
ളൊന്നിച്ചുവന്നതു കുളിപ്പതിനാണിദാനീം. 22

ഈ വീരനീനിലയിലായിതവൻെറ താത-
നാവീരസേനനെ രിപുക്കൾ പിടിച്ചമത്തി
ഹേ! വീതിഹോത്രസമ! ദുർവ്വിധിതങ്കനത്ത
കൈവീശിയാലടിപെടാത്ത ജനങ്ങളുണ്ടോ? 23

സീമന്തിനീ കുലവിഭൂഷണമായ തോഴി-
സീമന്തിനിക്കുടയ ജീവിതമിത്രനാളും
ഈ മന്ദഭാഗ്യകൾ പിടിച്ചൊരുമട്ടു നിത്തി
ഹേ! മംഗളപ്രദ! ഭവാനിനിമേൽ പ്രമാണം." 24

ഏവം പറഞ്ഞവളടങ്ങി നൃപൻ കയത്തു
ഭാവംപകന്നു മിഴി തീക്കനൽപോലെയായി
"ഹോ വന്നു വൈരികൾ പിതാവിനെയാക്രമിച്ചോ?
ദൈവം ചതിച്ചചതി"യെന്നു പറഞ്ഞുപോയി. 25

വല്ലാതെവന്ന കടുകോപമമത്തടുത്തു
മല്ലായതാക്ഷിയെവിളിച്ചുരചെയ്തു ഗൂഢം
"ചൊല്ലാനിവൻ കണവനോക്കുകടുത്തപിറേറ-
യുല്ലംസമാന്തരികിൽവന്നിടുമെന്നുമാത്രം. 26

"ചൊല്ലാമിവൻ കണവനെ"ന്നവചസ്സുകേട്ടു
മല്ലായതാക്ഷിനൃവരൻെറ മുഖത്തു നോക്കി
ചൊല്ലാൻതുടങ്ങി; നൃപനായതു കേൾക്കവാൻനി-
ന്നില്ലാ നടന്നു നിജവൈരികുലം മുടിപ്പാൻ. 27

“മാററാരൊടുള്ളപക, യച്ഛനെഴുന്ന ദുഃഖ-
മാററാൻതിടുക്കം; മിവളിൽ കൃപ,യെന്നിതെല്ലാം
മററാരിലാണുവരുവാൻവഴി? മന്മനസ്സു
തെററാസ്സുരില്ല; വിധിവൈഭവമാരറിഞ്ഞു? 28

എന്തോ മനസ്സിലൊരു ബാധയൊഴിഞ്ഞപോലെ
സന്തോഷ;മെൻറ ശശിവാരശുഭവ്രതത്താൽ
ഹന്തോരുതാപമൊഴിവാനിടവന്നു, ചിത്തം
വെന്തോർത്തിടുന്നവരെയന്തകവൈരികാക്കും. 29

അത്താപസന്ദ്രസഹധർമ്മിണി ചൊന്നതത്ര
സത്തായിവന്നു; സുകൃതച്ചെടി കുമ്പെടുത്തു.
“ഹൃത്താർ തെളിഞ്ഞ മറയോരുടെ വാക്കിലോടി
യെത്താതിരുന്നിടുകയില്ലതിനുള്ള സാരം.” 30

പണ്ടെൻറ ജാതകവശാൽച്ചിലദോഷമെല്ലാം
മുണ്ടെന്നു; മുണ്ടതിനുതക്ക നിവൃത്തിയെന്നും;
കണ്ടെത്തിയാര്യമൊരു വിപ്രനുരച്ചു; കാര്യം
കൊണ്ടെത്രയൊത്തു; മറയോർമൊഴി പാഴിലാമോ. 31

ചേണാർന്നനെററി, പുരികക്കൊടി, ദന്തപംക്തി,
ശോണാധരോഷ്ഠ, മതിനിർമ്മലമാംകപോലം
വീണാനിനാദ കളനാദമതീവ രമ്യ,-
മേണാങ്കസുന്ദരമുഖം, സ്മിതചന്ദ്രികാഢ്യം. 32

ആജാനുബാഹു, ജിതമന്മഥനാ, മരാള-
രാജാവിനൊത്ത ഗതി, നീണ്ടുനിവർന്ന ഗാത്രം,

രാജാഭിരാമ; നിവയൊത്തെഴുമീ മഹാനാ
രാജാവുതന്നെയതിനില്ല വികല്പമല്പം. 33

വിൽക്കാശുമേനിയെ യിടക്ക തിരിഞ്ഞുനോക്കി
നിൽക്കാതെപോകുമവനീപതിയെസ്സകാമം
ചേൽക്കായിമച്ചമിഴിയെന്നിയെ നോക്കി നോക്കി-
ത്തൽക്കാലമിങ്ങിനെ നിനച്ചവൾ തീർച്ചയാക്കി. 34

"ആരാണിതെന്നുകഥയാണു ചെകിട്ടിലെന്തോ-
ന്നീരാളഗാത്രിയൊട്ട വന്നുരചെയ്ത ഗൂഢം
പേരാശപൂണ്ടിവളുമായവനും കടക്ക-
ണ്ണാറാൽ പരസ്പരമിതാ പെരുമാറിടുന്നു. 35

"എന്തോഴിയന്യപുരുഷന്റെ മുഖത്തു നോക്കി-
ല്ലെന്തോ വിശേഷവിധി വല്ലതുമായിരിക്കാം"
സന്തോഷസംഭ്രമ വിഷാദമൊടിത്ഥ മോർത്തുൾ
ഭ്രാന്തോടെഴും സഖികളോടവളേവമോതി. 36

"വന്നെത്തിടും കണവ നോക്കുകടുത്തപിറേറ-
യെന്നെന്നൊടാസ്സുകൃതി വന്നു ചെകിട്ടിലോതി.
ഒന്നെന്നെനോക്കിയവിടുന്നു നടന്നു, ഞാനും
നിന്നെത്തിനോക്കി; കനകപ്രഭ കാന്തഗാത്രം. 37

ചൊല്ലാന്നൊരീ സ്സുകൃതിവല്ലഭനാണവാദ-
മില്ലാ, മനസ്സുപതിയില്ല പരന്റെ നേരെ.
നല്ലാളുകൾക്കു ഹൃദി സംശയമുള്ള ദിക്കി-
ലെല്ലാം പ്രമാണമയി! മാനസവൃത്തിയല്ലേ? 38

ഭ്രാന്തല്ലയേ! കുളുർനിലാവണയാതെ ചന്ദ്ര
കാന്തം ദ്രവിച്ചിടുകയില്ലതുപോലെ തന്നെ
സ്വാന്തത്തിലോർത്തിടുക മന്മനമാമയസ്സാം-
ക്കാന്തപ്രയോഗമിയലാതിളകുന്നതാണോ? 39

സൂരന്റെ സൂക്ഷ്മകരലാളന മേൽക്കിലല്ലി-
ത്താരമ്പിനോടു വിടരുന്നതു കാണ്മതില്ലേ?
പാർക്കുളുത്ത മൃദുചന്ദ്രകരങ്ങളെത്ര
നേരന്തലോടിടുകിലും വികസിപ്പതുണ്ടോ? 40

നേരേമറിച്ചമൃതരശ്മി കരങ്ങളേററു
നേരേലസിപ്പൂ ഭുവി കൈരവകോരകങ്ങൾ
ഈരേഴുപാരിലുമെഴുന്നിരുളാററിടുന്ന
സൂരേശ്വരന്റെ കരമേററവയുല്ലസിക്കാ. 41

ചൊല്ലാളിടുന്ന നളകൂബര, നാശ്വിനേയ-
രെല്ലാന്തികഞ്ഞു വിലസുന്ന ദിഗീശ്വരന്മാർ
മല്ലായുധൻ, ശശധരൻ, മുതലാം മഹാന്മാ-
ർക്കില്ലാപടുത്വമിവൾതൻ കരളൊന്നിളക്കാൻ. 42

ചന്ദ്രാഭിരാമ, നഴകാർന്നസുരാലയത്തി-
ലിന്ദ്രാണിയൊത്തരുളിടുന്ന സുരേന്ദ്രകല്പൻ
ചന്ദ്രാന്വയപ്രഥിതനാക്ഷിതിചക്രവർത്തി
ചന്ദ്രാംഗദൻ-മതി, യിനിപ്പറയേണമോഞാൻ 44

"നേരിട്ടുനിന്നു 'വിധവേ! ശുഭമാക'"മെന്നം-
യാരിഷ്ടവല്ലഭനൊഴിച്ചൊരുവൻ കഥിക്കും.

നേരിത്തരത്തിലൊരു ശങ്കയെനിക്കു ചിത്ത-
താരിജ്ജനിച്ചു സഖി!"യെന്നൊരു തോഴിചൊന്നാൾ 44

"ഹാ! വന്നു വൈരികൾ പിതാവിനെയാക്രമിച്ചോ
ദൈവഞ്ചതിച്ച ചതി"യെന്നരുൾചെയ്ത വാക്യം.
ഏവഞ്ജനിച്ച മമ ശങ്ക ബലപ്പെടുത്തി-
സ്സേവക്കിതിപ്പൊഴുരചെയ്യുകയല്ലയേ! ഞാൻ. 45

എന്നിപ്രകാരമവരോർത്തു കുറച്ചുനേരം
നിന്നിട്ടു പിന്നെയവിടുന്നു നടന്നുമന്ദം
അന്നിഷ്ടവൃത്തിയുതകം പ്രിയദർശനത്താൽ
കുന്നിച്ചമോദ ജലരാശിയിൽ മുങ്ങി മുങ്ങി. 46

നീലാരവിന്ദമിഴി തോഴികൾ താങ്ങിടാതെ
ചേലായ്നടന്നു യമുനാപുളിനത്തിലെത്തി
നാലാശയും നലമൊടന്നവൾകണ്ടു, സായം-
കാലാഗമത്തെ വിവരിച്ചവരോടുരച്ചാൾ 47

കത്തുന്നകാന്തി കലരുന്ന ദിനേശബിംബ-
മെത്തുന്നിതസ്തശിഖരിക്കണി ഭൂഷയായി.
ഉത്തുംഗമായ വരുണാലയഗോപുരത്തി-
ലൊത്തുള്ള നല്ല കനകക്കുടമെന്നപോലെ. 48

കാററിപ്പൊഴിസ്സുമസുഗന്ധഭരംകുഴങ്ങി-
യേററിത്തളൎന്നു സഖി! മന്ദമണഞ്ഞിടുന്നു
തെററിച്ചിടുന്നുനില ദമ്പതിമാൎക്കമെന്തോ-
പാററിക്കുമീ നിലയിലീക്കുളൎത്തെന്നലെന്നേ. 49

ഫുല്ലാരവിന്ദമിഴി പാതിയടഞ്ഞു, കേൾക്ക-
ന്നില്ലാ മരാളകളകേളി നിനാദലേശം
വല്ലാതെ പത്മിനി മയങ്ങി; വരൻവെടിഞ്ഞ
നല്ലാരപാരവിരഹാർത്തിയിലെന്നപോലെ 50

ആയത്തിലാഴിയിലലക്കിടെ രശ്മിമെല്ലോ-
ട്ടായർക്കബിംബമയി കാണുക മുങ്ങിടുന്നു.
സായത്തിലംബുഹരണത്തിനെടുത്തു തോഴി
തോയം നിറപ്പൊരു സുവർണ്ണഘടം കണക്കെ. 51

താരാധിനാഥനുദയാദ്രിയിലേറുമിപ്പോൾ
നേരാണിനിക്കുവലയം പരമുല്ലസിക്കും.
ആരാജരാജനരിമർദ്ദനനിന്നു ചെന്നു
വീരാസനം കയറിടുന്നളുവെന്നപോലെ. 52

ഉല്ലാസമാർന്നു ഹൃദിപൂർവ്വദിഗംഗനെക്കി-
ന്നില്ലാ; വരന്റെ വരവേറ്റമടുക്കയാലേ.
ചൊല്ലാമിനിക്കുമതുപോലെ; കുളിച്ചുവേഗം
ചൊല്ലാനൊരുങ്ങിടുക നേരമതിക്രമിച്ചു. 53

ഊഹാപോഹങ്ങൾകൊണ്ടാസ്സുമതിസുഖദനാം
കാന്തനാണെന്നറിഞ്ഞാ-
സ്വാഹാജാരപ്രശസ്താനനഝടിതികുളി-
ച്ചാളിമാരോടുകൂടി
ഗേഹാന്തംപൂക്കുവേണ്ടുംവ്രതവിധികളനു-
ഷ്ഠിച്ചു, കാന്തക്കമോദാൽ
ദേഹാർദ്ധത്തെക്കൊടുത്താസ്സുകൃതി സുലഭനിൽ
ഭക്തിവിശ്വാസപൂർവ്വം 54

കററക്കാർ കുഴലാളനന്തരമല-
ഴ്യേന്നും വിയോഗാബ്ധിത-
ന്നററങ്കണ്ടുപിടിച്ചോരാകഥകളും
കാന്തോപചാരങ്ങളും
കററക്കൾക്കമലത്തിലോത്തു, “ശിവനേ
നാളെപ്പുലച്ചക്കതാൻ
മററന്നാളണയേണ”മെന്നരമിര-
ന്നല്പം കിടന്നീടിനാൾ.

# കൃഷ്ണപ്പൻ

ചൊല്ലാർന്നഗസ്ത്യപുരമാണ്ടരുളുന്ന സാക്ഷാൽ
മല്ലാന്ദ്രുവൈരിഭഗവാൻ ഭുവനൈകനാഥൻ
വല്ലായ്മതീർത്തരുളിടും വിള കാലകാല-
ഉല്ലാസമോടു വിലസുന്നു പുമാൻ പുരാണൻ. 1

“ചൊല്ലുന്ന”കൊച്ചിയിൽ, “മുകുന്ദപുരത്തു” “കൊററ-
നല്ലൂർ” “കെട്ടപ്പിള്ളിമന”യ്ക്കലെഴുന്ന മാന്യൻ
നല്ലൂരിലൊക്കെ വിളികൊണ്ടവനെന്നു തന്നെ
യല്ലുകെഴുന്ന മതിമാൻ ഗുണവാൻ നയജ്ഞൻ. 2

തൃക്കാക്കൽവീഴുമവരിൽകൃപ, ലക്ഷ്മിതന്നോ-
ടുൾക്കാമ്പിണക്കം, ഉലകിൽപുകൾ, കൃഷ്ണനാമം.
ഏക്കാലവും വിബുധരിൽപ്രിയ,മേവമോർത്താൽ
ചിൽക്കാതലായ പുരുഷോത്തമനിദ്വിജേന്ദ്രൻ. 3

“സത്യംജയിക്കുമുലകിൽപ്പുര”മെന്ന ബോദ്ധ്യ-
മത്യന്തമുള്ളവനൊരുത്തമ വിപ്രവര്യൻ
കൃത്യഭ്രമം ജഗതിവിട്ടവനാത്മനിത്യ
കൃത്യങ്ങളിൽ പ്പെരിയനിഷ്ഠകളാർന്നെഴുന്നോൻ. 4

വ്യുല്പന്നനാസ്സുകൃതി, വസ്തുതപാരിജാതം
കല്പദ്രുമങ്ങളി,ലിളാസുരരിൽ പ്രമാണി
ശില്പങ്ങളൊക്കെയറിയുന്നവ, നുജ്ജ്വലിക്കും
ചില്പത്മകോരക സമാശ്രിതശുദ്ധചിത്തൻ 5

സമ്പൂർണ്ണഭക്തനമലാശയനായ കൃഷ്ണൻ-
നമ്പൂരിനന്മ തിരളുന്ന മഹാനുഭാവൻ
മുമ്പൂരിലുള്ളവരിൽവെച്ചു പരം പ്രസിദ്ധൻ
വമ്പൂന്നിടും തിരുവടിക്കറിയാമിതെല്ലാം. 6

ഞാനും കുടപ്പിളിയുമൊത്തു ഭവാന്റെ വാസ-
സ്ഥാനംമുതൽക്കു പരമമ്പലമാകമാനം.
ഊനംവരാതെ പണിയിച്ചു പരിഷ്കരിച്ചി-
താനന്ദമാക്ക്മുതകമ്പടി തമ്പുരാനേ! 7

“മോദം” സമസ്തസുര“നേതൃ”ദിനങ്ങൾതോറും
ഖേദംകൊടുത്തരുളിടും ജിത“മീന”കേതോ!
പാദം നമിച്ചു നടയിൽ പ്രളയംവരെക്കും
സാദംവരാതെ“പേര”മുന്നത കേതുനാട്ടി. 8

ദേവസ്വമോ കടമിയന്നു നശിച്ചുവെന്നീ-
രാവണ്ടതല്ലി? പുനരെന്നെ വിളിച്ചുകൂട്ടി.
ആവമ്പനന്നു തലകാഞ്ഞു നടന്നു കണ്ണി-
ച്ചേവംപ്രകാരമൊരു മാതിരി വീണ്ടെടുത്തു. 9

തല്ലിട്ടുതാർശരരിപോ! പലദിക്കിലുംപോ-
യ്യല്ലിട്ടു കോടതികളിൽത്തല കാഞ്ഞലഞ്ഞു
നെല്ലില്ല,തല്ല പണമില്ല, തരേണ്ടകൂട്ടർ
ചൊല്ലില്ലതക്കവഴി,യിങ്ങിനെ ബുദ്ധിമുട്ടി. 10

നേരായരീതി പിരിവിന്നുതകുന്നതായാ-
ധാരങ്ങളില്ല, ശരിയായ കണക്കുമില്ലാ

പോരാടിയും തെറിപറഞ്ഞുമപേക്ഷ ചെയ്തും
പോരാൎത്തുവിട്ട പതിനെട്ടടവും പയററി. 11

തീൎന്നുകടം, ശരിവരെക്കു പൊളിച്ചെഴുത്തും
തീൎന്നുകടുത്ത തകരാറുകളും നിലച്ചു.
വന്നു പിടിച്ചപിടിയിൽ കുടിയാനവന്മാർ
തന്നുപരക്കെയവകാശവിശേഷവിത്തം. 12

ദേഹസ്വ,മെന്തിനു കരാമലകം കണക്കി-
ലാവമ്പനായ സുകൃതിക്കു കരസ്ഥമായി
സേവക്കനിൽക്കുമിവനെപ്രിയശിഷ്യനെന്ന-
ഭാവത്തിൽവെച്ചു പലതോതി, മനസ്സിലാക്കി. 13

ദേവ! പ്രസീദ സകലേശ്വര! ദുഷ്ടദൈവം
ഭാവൽക്കുഭക്തരിലുമക്രമമാചരിച്ചാൽ
നീവന്നു തക്കവഴികണ്ടൊരുമച്ചുവെച്ചു
പോവണ്ടതല്ലി യവനാരെതിരാളിയന്യൻ? 14

ഞൎയ്യോം കിടന്നു പിടയുന്നു മനം; മനസ്സിൽ
ത്തിയ്യോം കഠോരവിഷമോ ദൃഢമാളിടുന്നു;
പൊയ്യോത്തുകല്ല പരമാപ്തരുപുണ്യശാലി
വയ്യോത്തുവാനി വനിനി ശ്ശിവരാമ! രാമ! 15

വീരൻ "തേദാജ്ഞകൻ" സമൎത്ഥതയോടുകൂടി
"ധീരൻ" ദിനംപ്രതി നടത്തിവരുമ്പൊളം നീതാൻ;
ദാംങ്ങളൊത്തു തിരുമേനിയെഴുന്നു ദിവ്യ-
ശ്രീരമ്യ "ഗോന" മണി"മേട"യിലേറിയെന്നോ?

അദ്ദേഹമോ സുകൃതിയാണു; ഭവാനിവണ്ണ-
മുദ്ദേശമെങ്കിലതു നല്ലതുതന്നെ; പക്ഷേ
ഇദ്ദേശവാസികളുമിയ്യിവനും കുഴങ്ങി
മദ്ദേവ! ഞങ്ങളിനിയെങ്ങിനെയൊക്കെവേണം? 17

മാടമ്പിടും പുരരിപോ! പറയുവിളക്ക-
മാടം, കുളം, മതില്, ഗോപുരമെന്നിതെല്ലാം
കേടല്ലയോ? ശരിവരെപ്പണിയിക്കുവാൻത-
ന്റെടംകലന്നൊരുവനാരിനി യോർത്തുനോക്കു. 18

ഞാനോ വിശേഷമൊരു കൊമ്പനെടുത്ത ഭാരം
പേനോവഹിപ്പതിനിവൻ പടുവങ്കനല്ലേ?
നീ നോക്കിയാലഖിലവും നിറവേറുമെന്നേ
ജ്ഞാനോദയം തിങ്ങളുമീശ! പറഞ്ഞുകൂടൂ. 19

നില്ലാതെവീണിതടിയൻ നിലതെറ്റിനേരേ
ചൊല്ലാംവിഭോ! ചിറകുപോയൊരു പക്ഷിപോലെ;
എല്ലാമിനിത്തിരുവടിത്തളിരൊന്നുതന്നെ
യല്ലാതെയില്ല; ഗതിയെന്നെ വലച്ചിടൊല്ലേ. 20

വമ്പന്റെപിമ്പു കയറുന്നവനും, നിനച്ചാൽ
കൊമ്പന്റെ മുമ്പിലണയുന്നവനും കുഴങ്ങും;
കമ്പംപിടിക്കുമിവിടുത്തെയവസ്ഥയോർത്താ-
ലമ്പമ്പ! യേതു കുലകൊമ്പനുമമ്പരക്കും. 21

ആവിപ്രവര്യനുടെ സൽഗുണമോതുവാനായ്
ഭാവിച്ചിടുന്നു ഭുവനേശ്വര! പിന്നെയും ഞാൻ.

ഭൂവിപ്രിയത്തിനു ഭവത്തിരുനാമമേതു
രാവിങ്കലും സുകൃതിയെപ്പൊഴുതുംജപിക്കും. 22

മിണ്ടാതിരിക്ക പതിവില്ലൊഴിവുള്ളനേര-
മുണ്ടാകിലോർത്തിടുക പുല്ലുപറിക്കുമപ്പോൾ
കൊണ്ടാടുമേതവനെയും കപടങ്ങളുള്ളിൽ
ക്കണ്ടാലതന്യനറിയാ പറയില്ലനിഷ്ഠം. 23

കല്ലുംമരങ്ങളുമഹോക്രമമായ്പ്പണിഞ്ഞാ-
ചൊല്ലുള്ളഭൂസുരവരൻ ശരിയായ്ചിലത്തും
മല്ലുള്ളവേലകളെടുപ്പവരൊത്തുനിന്നു
ചൊല്ലുംതരങ്ങളവ നല്ല കുറിക്കുകൊള്ളും. 24

കണ്ണുംവരുന്നളവിലേവരുമോക്ക "മെന്റെ
കൃഷ്ണപ്പ"നോടുപറയാം നിലകിട്ടുമെന്നായ്
ഉണ്ണംമനസ്സിലെവനേൽക്കിലുമാ ദ്വിജേന്ദ്രൻ
തൃഷ്ണക്കുതക്ക ഫലമേകിയുടൻകെടുത്തും. 25

വക്കാണമേതൊരുവരുംതുടരുന്നതായാൽ
നിൽക്കാനയച്ചിടുകയില്ല പറഞ്ഞുതീർക്കും
ധിക്കാരമില്ലലവവും പരമൈകമത്യ-
മെക്കാലവുംകരുതുമിങ്ങിനെയാണുശീലം. 26

ഉണ്ടാക്കിപത്തിരുപതിൽപ്പരമായ്സ്വകാര്യം
കണ്ടാലു;മായതഖിലം തറവാട്ടിലാക്കി
രണ്ടാണിതെന്നനിലയില്ലൊരു കാർന്നവന്റെ
തണ്ടാമഹം രസിക്കുന്നില്ല കുറച്ചുപോലും 27

ഇല്ലത്തിലെസ്ഥിതി നിനയ്ക്കുകി,ലിപ്രകാര-
മില്ലന്യജന്മിയിവിടങ്ങളിലെങ്ങുമിപ്പോൾ
കൊല്ലത്തിലും വളരെ വസ്തുപിടിക്കുമേവ-
മല്ലൽപ്പെടാതവർ വളൎന്നുവരുന്നു നിത്യം. 28

ഇല്ലത്തൊരപ്പനിവ; നെന്തൊരു കാര്യമോർത്താൽ
വല്ലന്തിയില്ലതു കിടാങ്ങൾ നടത്തിടട്ടെ.
കില്ലല്ലിതാണു നില; യിത്ര സമർത്ഥനായി
ട്ടില്ലന്യ; നിസ്സുകൃതിയുത്തമപൂജ്യപാദൻ. 29

എല്ലാം നടത്തുമവരപ്പനുവേണ്ടിയാണെ-
ന്നല്ലാതെയില്ല, നിനവോർക്കിലതാണു ഭാഗ്യം.
ചൊല്ലാംകുടിപ്പക നശിപ്പിവയില്ല; മേച്ചാ-
ളെല്ലാക്കുമീസ്സുകൃതിയായ നയജ്ഞനേകൻ 30

ക്ഷേത്രങ്ങളെത്ര പണിയിച്ചു; വിശേഷമായ
പാത്രങ്ങൾനേടി; വളരെത്തറവാട്ടുകാരെ
സ്സൂത്രങ്ങൾകൊണ്ടു നിലനിർത്തി; പരോപകാര-
പാത്രംജഗത്തിലവിടുന്നതി ഭാഗ്യശാലി. 31

അച്ഛന്നചിത്തനലിവെന്നിലെഴും മഹാനെ-
ന്നച്ഛൻെറ മാതുലകുമാരകനിഷ്ടമിത്രം.
സച്ഛന്ദമസ്സുകൃതിപോയളവെൻെറ താത-
നച്ഛത്തമമൊന്നുനെടുവീർത്തു കരഞ്ഞുപോയി. 32

"ഏറുന്നതാപമൻജൻ പരമത്രമാത്രം
ക്കൂറുള്ളൊരുത്തമസുഹൃത്തമനായിരുന്നു

ഊറുന്നു ബാഷ്പമിടനെഞ്ഞിടരുന്നു ചിത്തം
നീറുന്നു", വെന്നരുളിയപ്പുറമഴന്നിടുന്നു. 33

ആദിത്യനെക്കരുതിയുത്തമസൌരസൂക്ത-
മാദിവ്യനങ്ങിനെ ജപിച്ചു ജപിച്ചിരിക്കെ
ഖേദിച്ചതില്ല മിഴിതീരെയടഞ്ഞു ബോധം
ഭേദിച്ചുവാക്കുകളടങ്ങി, നിലത്തിറക്കി. 34

വൈശാഖമാണു, പകലാണു, വെളുത്തവാവാ-
ണീശാനഭക്തനുടൽവിട്ട ദിനം വിശേഷം
ക്ലേശാവഹം ജനിമൃതിപ്പകയറ്റലോക-
മാശാനുരൂപമവിടെക്കു കിടച്ചിരിക്കും. 35

വേണം സദാപി "നേടുവം" പിരിയാതെ കണ്ടെ-
ന്നാണെന്നഹം നിനവതൊക്കെ, മറന്നവണ്ണം
പ്രാണശ്ലേഷ്മമയി! ശിഷ്യനെയും കടപ്പ-
മാണപ്രമേയ! വെടിയാനിടവന്നകാര്യം. 36

സാരോപദേശമരുളിപ്പലതും പഠിപ്പി-
ച്ചോരോതരം പഴമചൊല്ലി മനസ്സിലാക്കി
നേരോടിനിക്കൊരു മഹാത്മനെലായിവാണ
ധീരോത്തമോത്തമ! ഗുരോ! കഴൽ കുമ്പിടുന്നേൻ. 37

ചിത്തംകിടന്നു പിടയുന്നു മഹേശ! പാർത്താ-
ലിത്തെല്ലിലാരിനിയിനിക്കവലംബമയ്യോ!
ഇത്ഥംതപമൊക്കെ നിരൂപിച്ചടിയൻ പുരാരേ!
പത്തനഹം കരുതിടാം ഴലാരറിയാലും. 38

ദേവസ്വമെങ്ങിനെ വഹിക്കുമിവൻ തനിച്ചാ-
ജ്ജീവപ്രശസ്തവിഭവൻ ഗുരുകണ്ണനടക്കേ
ദേവ! പ്രഭോ! ഭവദനുഗ്രഹമുള്ളപക്ഷ-
മിവങ്കനല്പദിവസം തലകാഞ്ഞുനോക്കാം. 39

കണ്ടാലും വദനം കനിച്ചൊഴുകിടും
കണ്ണീർത്തുടച്ചാരോടും
മിണ്ടാതെ നെടുവീർപ്പുമിട്ടടിയനെ
കൊല്ലാതെ കൊന്നങ്ങിനെ
തിണ്ടാടുന്നു കിടന്നഹോ! മുതൽപിടി-
ക്കാരൻ സദാവ്യച്യുതൻ
തണ്ടാരമ്പനെവെന്നെഴും പുരാരിപോ!
നീതന്നെ രക്ഷിക്കണം. 40

ഈവിദ്വാനവിടെക്കുവേണ്ടിയിവനെ
ച്ചൊല്ലിക്കുറച്ചൊന്നുമ-
ല്ലീവിശ്വത്തിന്നു തക്കതായ നിലനി-
ല്ലേ! ബുദ്ധിമുട്ടുന്നതും
ഈ വിശ്വസ്തനിലുള്ള സങ്കടവുമ-
ങ്ങാററിത്തരാഞ്ഞാലിനി-
ക്കാവില്ലൊന്നിനുമെന്നുതന്നെ പറയാം
സൂക്ഷ്മം വിചാരിക്കുകിൽ. 41

ദേവബ്രാഹ്മണഭക്തിയുണ്ടു;റിവെഴും
'കൃഷ്ണൻകുടപ്പിള്ളി'യെ-

ബ്ഭാവന്നോക്കിയെടുത്തുനിന്നു, വളരെ
സ്സേവിച്ചോരാളാണിവൻ
ദേവസ്വാപണിയെത്ര, ചിട്ടയിൽ നട
ത്തിട്ടുന്നു; പാവം കിട-
ന്നേവം ഹന്ത! കുഴങ്ങിയാലയിവിഭോ!
ഞാനും ഞെരുങ്ങില്ലയോ? 42

ആപത്തുത്തുരിരിക്കും പുരഹര! ഭഗവൽ
ഭക്തരി മൂന്നു:പരിൽ
പ്പോയത്രേ പോയൊരാളാസ്സുകൃതി,യവിടെദേവ
ന്നിഷ്ടനായ് ചേൎന്നിരിക്കാം
പാവപ്പെട്ടുള്ള സാധുപ്രവരരിവരേയും
കാത്തു രക്ഷിച്ചിടേണം
ജീവന്മോക്ഷംവരക്കും മരണദശയിലും
പിന്നേയും സ്വാമിതന്നെ. 43

തീരട്ടെ സങ്കടംമേ ജനകനിലിയലും
കണ്ണുനീരൊക്കെ വേഗം
തോരട്ടെഞങ്ങളിൽത്താൻ, ത്രിപുരഹര! സദാ
പൂൎണ്ണകാരുണ്യപൂരം;
ചോരട്ടെ; ഭക്തലോകൎക്കെഴുതിവരുമൊരാ
ലിസ്റ്റിലീരണ്ടുപേരും
ചേരട്ടെ കണ്ണിളക്കൂ; നമദവനാകുലാ
ദക്ഷ! ഹേ മോക്ഷഹേതോ! 44

C 41

17 NOV 1947